No. 230 OCTOBER 2011

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



## ഇത് മാധ്യമ ധർമ്മമോ?





KERALA PRIVATE
# COLLEGE TEACHER
*a monthly journal of the all kerala private college teachers' association*

No. 230 OCTOBER 2011

EDITORIAL BOARD


*Chief Editor*
Dr. S. Jayaraj kumar

*Managing Editor*
Dr. G. S. Suresh

*Assistant Editor*
Dr. M.S.Vasanthakumar

*Members*
P. Mammed
Dr. V. Rajendran Nair
Dr. K. P. Sukumaran Nair
Dr. Lekha Narendran
Dr. K. Sreevalsan
Dr. Mathew J. Muttath
A.G. Oleena
Dr. K.Biju kumar
Promod Vallachal
Dr. J. S. Sudheer
M.D. Ratheesh kumar
Dr. C. Unnikrishnan
Dr. N.Gopa kumar
Dr. Soju

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org






## inside 230

**Foreign Educational Institutions Bill**
*Dr.Rajan Gurukkal*

ക്യാമ്പസ്സിലെ സമൂഹവും
സമൂഹത്തിലെ ക്യാമ്പസ്സും
*സി. പത്മനാഭൻ*

പുതിയകാലത്തെ സമരങ്ങൾ
അഥവാ അരാഷ്ട്രീയത
*നിഷാന്ത്. എ*

പനിമരണം = മദ്യപാനം
*പി. മമ്മദ്*

ഭക്ഷ്യസുരക്ഷ ഒരു മരീചിക
*ഡോ. കെ. കൃഷ്ണദാസ്*


**Thoughtful**
*Vinod kumar Edacherry*

തനത് (കവിത)
*എസ്. മുരളീധരൻനായർ*

- General Secretary's Page
- Economic Focus
- വാർത്താമധ്യം
- ശാസ്ത്രജാലകം
- വനിതാവേദി
- സർവ്വീസ് പംക്തി
- സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ
- സമരപഥങ്ങൾ
- പുസ്തകലോകം

*View expressed by individuals in the journal are of their own and need not necessarily be taken as policy of the association.*

Chief Editor's Desk



# തൊഴിലാളിവർഗ്ഗം സാർവദേശീയമായി ഒന്നിക്കുന്നു

***സർവ്വരാജ്യ** തൊഴിലാളികളെ സംഘടിക്കുവിൻ* എന്ന ആഹ്വാനത്തിന്റെ മാസ്മരിക പ്രഭയിലൂടെ മുന്നേറി തൊഴിലാളികളുടേതായ ഒരു കാലം സ്വപ്നം നെയ്ത് സംഘടിച്ച് നീങ്ങിയ ജനതയ്ക്ക് സോവിയറ്റ് യൂണിയന്റെ പതനം വലിയയൊരാഘാതമായിരുന്നു. സോഷ്യലിസത്തിനേറ്റ തിരിച്ചടി താല്കാലികം മാത്രമാണെന്നും ചൂഷണാധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടിയായ അസമത്വവും അനീതിയും എന്നും എവിടേയും എതിർക്കപ്പെടുമെന്നും ആത്യന്തികവിജയം തൊഴിലാളി വർഗ്ഗത്തിന്റേതായിരിക്കുമെന്നും സോഷ്യലിസ്റ്റ് ചിന്തകർ ഉറക്കെപ്പറഞ്ഞെങ്കിലും തൊഴിലാളി പ്രസ്ഥാനങ്ങൾക്കേറ്റ ക്ഷീണം എളുപ്പം പരിഹരിക്കപ്പെടാവുന്നതായിരുന്നില്ല. എന്നാൽ, ഇന്ന് ലോകത്താകെ തൊഴിലാളി പ്രസ്ഥാനങ്ങൾ ഒരു തിരിച്ചുവരവിന്റെ പാതയിലാണ്. തൊഴിലാളിവർഗ്ഗത്തിന്റെ സാർവദേശീയ പ്രസ്ഥാനമായ ഡബ്ല്യൂ.എഫ്.ടി.യു ശിഥിലീകരണത്തിന്റെ വക്കിൽ നിന്നും കരകയറി ശക്തിയാർജ്ജിച്ചു കൊണ്ടിരിക്കുകയാണ്. നവ ലിബറൽ നയങ്ങളെ തടയുന്നതിനായുള്ള വമ്പിച്ച തൊഴിലാളി മുന്നേറ്റങ്ങൾക്ക് ഈ പ്രസ്ഥാനം നേതൃത്വം കൊടുക്കുകയാണ്.

മുതലാളിത്ത ഭരണകൂടങ്ങളെല്ലാം തന്നെ സാമ്പത്തിക തകർച്ച നേരിട്ടുകൊണ്ടിരിക്കയാണ്. ലോകത്താകെയുള്ള ഓഹരിവിപണികളിലുണ്ടായ തകർച്ച മുതലാളിത്ത രാജ്യങ്ങളെ പരിഭ്രാന്തിയിലാക്കിയിരിക്കുകയാണ്. ആഗോള വ്യാപാരം പൊടുന്നനെ കുത്തനെ ഇടിഞ്ഞതായി ലോക വ്യാപാര സംഘടനയുടെ സെപ്തംബർ 23-ലെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. വാൾസ്ട്രീറ്റ് ജേർണലും ഫൈനാൻഷ്യൽ ടൈംസും ലോകസമ്പദ്ഘടന വീണ്ടും തകർച്ചയുടെ വക്കത്തെന്ന് സൂചിപ്പിച്ച് വാർത്ത പ്രസിദ്ധികരിച്ചു. കോർപ്പറേറ്റ് സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടാനായി ലേ ഓഫുകളും പ്രഖ്യാപിച്ചു തുടങ്ങി. പൊതുകടം കുറക്കാനായി ഈ രാജ്യങ്ങൾ ചെലവ് ചുരുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. ആത്യന്തികമായും അത് ചെന്നെത്തി നിൽക്കുന്നത് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ കൂടുതൽ ചൂഷണം ചെയ്യുന്നതിനുള്ള നടപടികളിലാണ്.

ഗ്രീസിൽ നടപ്പിലാക്കിയ ചെലവുചുരക്കൽ നടപടിയുടെ ഫലമായി വലിയ തോതിലുള്ള തസ്തികവെട്ടി കുറയ്ക്കലും ശമ്പളം വെട്ടികുറയ്ക്കലും നടക്കുന്നു. അവിടെ തൊഴിൽരഹിതരുടെ എണ്ണം പെരുകുകയാണ്. 2010-ൽ 11.6 ശതമാനമായിരുന്ന തെഴിലില്ലായ്മ നിരക്ക് 2011- ജൂണിൽ 16 ശതമാനമായി വർദ്ധിച്ചു. 2012-ആകുമ്പോഴേക്കും ഇത് 26 ശതമാനമാകുമെന്ന് ഗ്രീക്ക് സ്റ്റാറ്റിസ്റ്റിക്കൻ ഏജൻസി പ്രസ്താവിക്കുന്നു. സർവീസിലുള്ളവരുടെ ശമ്പളം മാത്രമല്ല, സർവീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ തുകയും വെട്ടികുറയ്ക്കുകയാണ്. 1200 യൂറോയിലധികമുള്ള പ്രതിമാസ പെൻഷനിൽ 20 ശതമാനം വെട്ടികുറയ്ക്കാനും 55 വയസ്സിന് മുമ്പ് റിട്ടയർ ചെയ്യുന്നവർക്ക് പ്രതിമാസം 1000 യൂറോോയിൽ അധികമുള്ള പ്രതിമാസ പെൻഷൻ 40 ശതമാനം വെട്ടികുറയ്ക്കാനും തീരുമാനിച്ചിരിക്കുന്നു. നിരവധി നികുതി നിർദ്ദേശങ്ങളും സർക്കാർ പ്രഖ്യാപിച്ചിരിക്കയാണ്. ഇതിനു പുറമേ ഗ്രീസിലെ പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിച്ച് 50,000 യൂറോ സമ്പാദിക്കുവാൻ ജർമ്മനിയും ഇംഗ്ലണ്ടും അമേരിക്കയും ഗ്രീസിനോട് ആവശ്യപ്പെടുകയാണ്. സൗജന്യ വിദ്യാഭ്യാസ മേഖലയാകെ സ്വകാര്യവല്കരിക്കുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇപ്പോൾ നിലവിലുള്ള വേതനഘടന റദ്ദാക്കുവാനും തൽസ്ഥാനത്ത് ഉല്പാദന ക്ഷമതയുമായി ബന്ധപ്പെടുത്തി പുതിയ ശമ്പള ഘടന നിശ്ചയി

ക്കുവാനും സർക്കാർ ആലോചിക്കുന്നു. ഈ വിധം നടപടികൾ തൊഴിലാളികളെയും ഇടത്തരക്കാരായ പൊതുജനത്തേയും പ്രക്ഷോഭ പാദയിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടിരിക്കയാണ്.

ഇത് ഗ്രീസിന്റെ മാത്രം കഥയല്ല. ഇറ്റലി, സ്പെയിൻ, പോർച്ചുഗൽ, അയർലന്റ്, ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക എന്നീ രാജ്യങ്ങളിലും ഇതേ പ്രതിസന്ധിയും രൂക്ഷമായ സാമ്പത്തിക നിയന്ത്രണങ്ങളും നിലവിൽ വന്നിരിക്കയാണ്. സാമ്പത്തിക പ്രതിസന്ധിയുടെ നിഴലിൽ പാവപ്പെട്ടവരെയും തൊഴിലാളികളെയും കൂടുതൽ പീഢിപ്പിക്കുന്നതിനുള്ള ശ്രമമാണ് ഈ രാജ്യങ്ങളിൽ നടക്കുന്നത്. സാധാരണക്കാരുടെ മേൽ വമ്പിച്ച നികുതി അടിച്ചേൽപ്പിക്കുകയും തൊഴിലാളികളുടെ എണ്ണം വെട്ടികുറച്ചുകൊണ്ട് കൂടുതൽ തൊഴിൽ ഭാരം അടിച്ചേല്പിക്കുകയും ചെയ്യുമ്പോൾ ധനികരെ നികുതിയിൽ നിന്നൊഴിവാക്കുകയും കൂടുതൽ കൂടുതൽ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്യുന്നു. മുതലാളിമാരുടെ മേൽ ചെറിയ തോതിലുള്ള നികുതിപോലും ചുമത്തുന്നത് സംഘടിതമായി തടയപ്പെടുന്നു. കോർപറേറ്റുകൾ ഇത്തരം ശ്രമങ്ങൾക്കെതിരെ ഭീഷണിയുയർത്തിക്കൊണ്ട് രംഗത്തെത്തുന്നു. അവർക്കനുകൂലമായി ഭരണകക്ഷി-പ്രതിപക്ഷ ഭേദമമേന്യ ശബ്ദമുയർത്തുവാൻ ജനപ്രതിനിധികൾ തയ്യാറാകുന്നു. നമ്മുടെ രാജ്യത്തും സമാനമായ സാഹചര്യങ്ങളാണുള്ളതെന്നതിൽ അതിശയിക്കേണ്ടതില്ല. തൊഴിലാളികളുടെ പെൻഷൻ തുക ഊഹക്കമ്പോളത്തിലെത്തിക്കുന്നതിനും പൊതു മേഖലാ സംരംഭങ്ങളെ വിറ്റുതുലക്കുന്നതിനും കുത്തക മുതലാളിമാർക്ക് സൗജന്യ നിരക്കിൽ വ്യാപാരത്തിനുള്ള കരാറുകളുണ്ടാക്കുന്നതിനും പെട്രോളിയം ഉല്പന്നങ്ങൾ മുതൽ അവശ്യമരുന്നുകൾ വരെ കോർപ്പറേറ്റ് ഭീമൻമാർക്ക് യഥേഷ്ടം വിലകൂട്ടുന്നതിനും രാജ്യത്തെ ഭരണകക്ഷികളും പ്രധാന പ്രതിപക്ഷകക്ഷിയായ ബി ജെ പിയും എൻ.ഡി.എ.സഖ്യവും ഒന്നിച്ചു നില്ക്കുന്നത് നാം കാണുകയാണ്. മുതലാളിത്തത്തിന്റെ ഈ "സ്റ്റേറ്റ് സ്പൊൺസേർഡ്" ചൂഷണങ്ങൾക്കെതിരെ തൊഴിലാളികൾ കൊടിയുടെ നിറംനോക്കാതെ ഒന്നിക്കുന്നതും ഈ സന്ദർഭത്തിൽ നാം കാണുന്നു.

ഇറ്റലിയിലും സ്പെയിനിലും സെപ്തംബർ 6-ന് നടന്ന പണി മുടക്കുകളും ജനകീയ പ്രക്ഷോഭങ്ങളും ജൂൺ 30-ന് ബ്രിട്ടനിൽ നടന്ന അദ്ധ്യാപകരുടെയും സർക്കാർ ജീവനക്കാരുടെയും പണിമുടക്കവും വിദ്യാർത്ഥികളുടെ പഠിപ്പ് മുടക്കവും ഫ്രാൻസിൽ ആഗസ്ത് മാസത്തിൽ നടന്ന പൊതുമേഖലാ ജീവനക്കാരുടെ പണിമുടക്കവും തൊഴിലാളി പ്രസ്ഥാനങ്ങളുടെ തിരിച്ചു വരുവിന് കാഹളമോതുന്നതാണ്. തൊഴിലാളിപ്രസ്ഥാനങ്ങളുടെ ഹ്രസ്വ രാഷ്ട്രീയ ചിന്തകൾ കടുത്ത ജീവിത യാഥാർത്ഥ്യങ്ങൾക്കുമുമ്പിൽ വഴിമാറുകയും വിശാലമായ തൊഴിലാളി ഐക്യത്തിന് വഴിതുറക്കുകയുമാണ്. 1980-കൾക്കു ശേഷം തൊഴിലാളികളും അവരുടെ അവസ്ഥ സംബന്ധിച്ച് സ്വതന്ത്രമായ വിശകലനം നടത്താൻ ട്രേഡ് യൂണിയനുകൾ തയ്യാറാകുകയാണ്. ഭാരതത്തിലെ തൊഴിലാളികളുടെ അവസ്ഥ സംബന്ധിച്ച് പുനഃപരിശോധന നടത്തുകയാണ്. വർധിച്ചു വരുന്ന അസമത്വവും സാമ്പത്തിക ഉച്ചനിചതവും തൊഴിലാളികളുടെ ജീവിതാവസ്ഥയിൽ കടുത്ത ദുരിതം വിതറുകയുണ്ടായെന്ന് ഐ എൽ ഒ പറയുന്നു. സർക്കാരുകൾ അവരുടെ മുൻഗണനാക്രമങ്ങൾ മാറ്റി എഴുതണമെന്നും ഐ.എൻ.ഒ നിർദ്ദേശിക്കുന്നു. എന്നാൽ, ലോകത്തിന്റെ അനുഭവങ്ങളെ കണ്ടറിയാൻ ഭാരതത്തിലെ ഭരണാധികാരികൾ തയ്യാറാകുന്നില്ല. നമ്മുടെ ഭരണാധികാരി വർഗ്ഗം സാമ്രാജ്യത്വത്തിന്റെ ഏജന്റുന്മാരായി പ്രവർത്തിക്കുന്നു. അവരുടെ വർഗ്ഗസ്വഭാവം വെളിവാക്കുന്ന സംഭവങ്ങളാണ് സമകാലിന രാഷ്ട്രീയത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ഓരോന്നായി കഴുത്തിന് ഞെരിച്ച് കൊല്ലുകയാണ് ഈ മുതലാളിത്ത ദാസന്മാർ. മാതൃരാജ്യത്തെ കൊള്ളയടിക്കുവാനും ഇടത്തരക്കാരും തൊഴിലാളികളും ജീവനക്കാരുമടങ്ങുന്ന ജനസമൂഹത്തെ ഞെക്കിപ്പിഴിയാനും അവർക്ക് മടിയില്ല. രാജ്യത്തിന്റെ ഖജനാവ് കൊള്ളയടിക്കുന്നവർ സംഘം ചേർന്ന് ഭരിക്കുന്ന കേന്ദ്ര ഭരണകൂടം അമേരിക്കയുടെയും കൂട്ടാളികളുടെയും താല്പര്യംസംരക്ഷിക്കാനായി നാടിനെ പണയം വെക്കുന്നു. ഇതിനെതിരെ തൊഴിലാളിവർഗ്ഗം ഒന്നിക്കുന്നതാണ് സമീപകാലത്ത് നാം കാണുന്ന ശുഭോദാർക്കമായ കാര്യം. പതിനൊന്ന് ട്രേഡ് യൂണിയനുകൾ ഒന്നിച്ചുചേർന്ന് രാഷ്ട്രീയ പ്രത്യയശാസ്ത്ര വ്യത്യാസങ്ങളെ മറന്നുകൊണ്ട് തൊഴിലാളിവർഗ്ഗ ഐക്യം യാഥാർത്ഥ്യമാക്കുവാനുള്ള കൂട്ടായ്മ ഒരുക്കുകയാണ്. ഈ മാറ്റം കാണുവാനും ഇതിനു പിന്നിലെ രാഷ്ട്രീയം ഉൾക്കൊള്ളുവാനും മററുള്ളവരോടൊപ്പം അണിചേരുവാനും ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിയെടുക്കുന്നവർ മുന്നോട്ടുവരണം.

> I am indebted to my father for living,
> but to my teacher for living well.
>
> *-Alexander the Great*



# ഇത് അഭിനവ മാധ്യമ ധർമ്മമോ?

ഡോ.വി.രാജേന്ദ്രൻനായർ
ജനറൽ സെക്രട്ടറി
എ.കെ.പി.സി.ടി.എ



**2011 ആഗസ്റ്റ് 26** സർവ്വകലാശാല - കോളേജ് അദ്ധ്യാപകരുടെ അഖിലേന്ത്യാ ഫെഡറേഷനായ ഐഫക്ടോയുടെ ആഭിമുഖ്യത്തിൽ പാർലമെന്റിലേയ്ക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ പങ്കെടുക്കുവാനെത്തിയതാണ്. ഡൽഹി നഗരം അപൂർവ്വമായി കിട്ടുന്ന ചെറുമഴകൾ പെയ്ത് ലേശം തണുത്തിരിക്കുന്നു. എന്നാൽ മഹാനഗരത്തിന്റെ ഉള്ള് അത്ര തണുത്തിട്ടുണ്ടായിരുന്നില്ല. നഗരത്തിന്റെ അങ്ങ് തെക്ക് ഭാഗത്ത് രാംലീല മൈതാനിയിൽ ജനസാമാന്യം ഇളകി മറിഞ്ഞിട്ടാണ്. അഴിമതിക്കെതിരെ ജീവന്മരണ പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന അണ്ണാഹസാരെയെ ഒരു നോക്കു കാണുവാനും ആത്മപിന്തുണ അർപ്പിക്കുവാനുമായി തങ്ങളുടെ കുരുന്നു മക്കളെയും തോളിലേറ്റി ജനം ഒഴുകിയെത്തുന്ന കാഴ്ച! സംഭവ ബഹുലമായ രാഷ്ട്രീയ രംഗത്ത് ഒളിഞ്ഞും പതുങ്ങിയും മിന്നിയും മറഞ്ഞും നീങ്ങുന്ന മുഖ്യധാരാ വാർത്താ മാധ്യമങ്ങളുടെ ക്യാമറകണ്ണുകൾ പക്ഷെ ഏറെ നാളുകളായി രാംലീലാ മൈതാനത്ത് തമ്പടിച്ചിരിക്കുകയാണ്. രാപകലന്യേ ഇടതടവില്ലാതെ അവർ *ത്യാഗപൂർണ്ണമായ* സേവനത്തിലാണ്.

യു.ജി.സി ശമ്പള കുടിശ്ശികയ്ക്കുള്ള കേന്ദ്ര ഗ്രാൻറ് അനുവദിക്കണമെന്നും പെൻഷൻ സ്വകാര്യവൽക്കരണ തീരുമാനം പിൻവലിക്കണമെന്നുമാവശ്യപ്പെട്ട് പ്രൊഫസർമാർ നടത്തിയ മാർച്ചും ധർണ്ണയും മാധ്യമങ്ങളുടെ മുൻഗണനപ്പട്ടികയിൽ കയറി വന്നില്ലല്ലോ. എന്നതിൽ ഖേദിച്ചുപോയെങ്കിലും ഹസാരെ സമരം സൃഷ്ടിച്ച അഴിമതി വിരുദ്ധവികാരത്തിന്റെ തീക്ഷണതയ്ക്കു മുന്നിൽ നമ്മുടെ സമരം തികച്ചും സാധാരണ സംഭവം മാത്രമെന്നു കരുതിയതുകൊണ്ടാകാം വാർത്തകൾ തമസ്കരിക്കപ്പെട്ടതെന്ന് സ്വയം ആശ്വസിക്കാൻ ശ്രമിക്കുമ്പോഴും നമ്മുടെ മാദ്ധ്യമങ്ങൾ എന്തിനിത്ര തീവ്രമായ ഇടപെടൽ ഹസാരേസമരത്തിൽ നടത്തുന്നുവെന്ന അത്ഭുതം കൂറുന്ന മനസ്സുമായിട്ടാണ് 'ഇന്ദ്രപ്രസ്തം' മടക്കയാത്രയ്ക്കിടയിൽ മുഖ്യമായ ചിന്ത ഈ 'മാധ്യമ മഹാമനസ്കത' യെ കുറിച്ച് തന്നെയായിരുന്നു. എന്തായാലും ഇടത്തരക്കാരും പാവപ്പെട്ടവരും നഗരവാസികളും ഗ്രാമീണരും ഒരുപോലെ അവരവരുടെ സങ്കുചിത രാഷ്ട്രീയ ചിന്തകൾ മറന്ന് മനസ്സിൽ താലോലിച്ച ഒരു പ്രതിഷേധത്തിന്റെ പ്രതീകമായി 'ഹസാരെ സമരത്തെ' കാണുന്നുവെന്നതിനാലാകാം ഈ മാധ്യമ മാമാങ്കമെന്ന് ചിന്തിച്ച് മനസ്സിനെപാകപ്പെടുത്തുവാൻ ശ്രമിക്കുമ്പോഴും എങ്ങിനെയോ സംശയാലുവാകുകയാണ് മനസ്സ്. മുഖ്യധാരാ രാഷ്ട്രീയതിന് വന്ന ധർമ്മച്യുതിയിൽ നിരാശരായ ജനതയുടെ പ്രതിഷേധം മാത്രമാണോ നാം കാണുന്നത്? നവലിബറൽ കാഴ്ചപ്പാടിന്റെ സൃഷ്ടിയായ പൗരസമൂഹമെന്ന സംജ്ഞയ്ക്ക് അമിത പ്രാധാന്യം നൽകുവാനുള്ള ബോധപൂർവ്വമായ ശ്രമം എങ്ങു നിന്നെങ്കിലും ഉണ്ടാകുന്നുണ്ടോ? രാഷ്ട്രീയ പ്രത്യയ ശാസ്ത്രത്തിന് പ്രസക്തിയില്ലായെന്നും മറിച്ച് ജനമുന്നേറ്റം രാഷ്ട്രീയതീതമാണെന്നും വരുത്തിത്തീർക്കുവാനുള്ള 'ഗൂഢമായ' അജണ്ട ഇതിന്റെയൊക്കെ പിന്നിലുണ്ടോ? ഇതെല്ലാമാണ് മനസ്സിനെ സംശയാലുവാക്കിയത്. ഹസാരെയുടെ നിശ്ചയദാർഢ്യവും ആ

**നാടിന്റെ പരിസ്ഥിതിയും ജനങ്ങളുടെ ജീവനും സംരക്ഷിക്കാൻ വേണ്ടി സന്നദ്ധ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ വർഷങ്ങളായി നടത്തപ്പെടുന്ന സനഹസമരങ്ങളെയും വിമോചന മുന്നേറ്റങ്ങളെയും കണ്ടില്ലെന്നു നടിക്കുകയാണ് രാജ്യത്തെ മുഖ്യ ധാരാ മാധ്യമങ്ങൾ.**

(ശേഷം 17-ാം പേജ്)



# Foreign Educational Institutions Bill
## The Rhetoric and the Real

**Dr. Rajan Gurukkal**
*Vice Chancellor, MG University*



This article seeks to critically examine the content, context and justificatory claims of the Foreign Educational Institutions Bill (FEIB) 2010 and appraise in the light of extant social science wisdom, the possible consequences of its enactment. The avowed purpose of the bill is

*to regulate entry and operation of foreign educational institutions imparting or intend-ing to impart higher education (including technical education and award of degree, diploma and equivalent qualifications by such institutions).*

Apart from the regulatory need, it is further justified as a solution for various problems in the higher education sector such as shortage of educational institu-tions, low gross enrolment rate (GER), poor quality and lack of equity. The bill is meant for "getting in more quality educa-tional institutions" as "a good movement ahead", and thereby removing hurdles that impede the march of higher education towards quality, equity and excellence.

### Content and Context

The bill formally titled as Foreign Educa-tional Institutions (Regulation of Entry and Operations) Act 2010 consists of four chapters of which the first is as usual pre-liminaries about the meaning and defini-tion of expressions. The meaning of "for-eign educational institution" is significant enough to be reproduced here as it is:

*(i) an institution established or incorporated outside India which has been offering educa-tional services for at least twenty years in the country in which it has been established or incorporated; and*

*(ii) which offers educational services in India or proposes to offer courses leading to award of degree or diploma or certificate or any other award through conventional method including classroom teaching method not including distant mode in India independently or in collaboration, partnership or in a twinning arrangement with any educational institu-tion situated in India.*[1]

The second chapter comprises stipula-tions about the imperative of notification of the foreign institution by the central government, form and manner of applica-tion, procedures, financial qualification, physical and academic infrastructure re-quirement, conditions of withdrawal of notification, etc. The next chapter very briefly stipulates penalties and specifies their con-texts. The last chapter is an assortment of different provisions

related to the directive, adjudicative, and regulatory powers of the central government with respect to the control of foreign educational institutions.

Besides the formally numbered chap-ters, the act has a separate section named as "statement of objects and reasons", which says:

*A number of Foreign Educational Institu-tions have been operating in the count to allure and attract students. There is no com-prehensive and effective policy for regula-tion on the operations of all the foreign edu-cational institutions in the Country. Due to lack of policy or regulatory regime it has been very difficult to make meaningful assessment of the operations of the foreign educational institutions and absence of such meaningful assessment has given rise to chances of adoption of various unfair prac-tices besides commercialisation*[2]

How come that foreign education pro-viders (FEPS) could enter the country and do their business if the nation had no rele-vant "policy or regulatory regime" licens-ing them? It is obvious that FEPS had the silent sanction accorded by the central government for their entry and enter-prises. The immediate context of the bill -as stated in the section - is that of a series of problems which cropped up in the wake of the presence of over 160 FEPS in India, for about a decade since 2000. These insti-tutions have been twinning, collaborating and franchising with several universities in the country and in the process encoun-tering a variety of issues impeding their operation either due to the absence of rules in favour of or due to the prevalence of rules against. Students of several FEPS, who have studied at academic programmes at franchised centres or at Indian university departments under FEPS' twinning are facing problems of recognition of their degree/diploma for purposes of higher studies as well as employment.

**The Foreign Educational Institutions Bill 2010 is only a legislative extension of economic liberalisation to the educational sector. The ostensible reasons for the bill, viz, to address the low gross enrolment rate, and the poor quality and shortage of educational institutions in the country constitute the justificatory rhetoric that hides the agenda of opening the national higher education sector to world trade.**

## Justificatory Rhetoric

Various provisions provided for in the bill indicate, FEIB 2010 is an effort towards seeking legislative solution for problems of FEPS, which relate to their operational conflicts with the existing acts, statutes, ordinances and regulations of host univer-sities. The FEIB 2010 is only a legislative extension of the policy of economic liber-alisation to the educational sector.

The ostensible reasons for the bill, viz, low GER, poor quality and shortage of educational institutions in the country constitute the justificatory rhetoric that hides \ country, intake capacity hike and the the agenda of leaving national higher edu- enrolment against it. The national aver-cation sector open to world traders. The *I* age of GER estimated as 12.4% and the ministry of human resources development / highest as 15% in Kerala accepted by the (MHRD) with great concern notes that the 1 United Nations Educational, Scientific backwardness and academic low quality, reality. The ministry's decision to open up ft Most of the eligible but not enrolled, are as many new colleges and universities as * both economically and academically back-possible in direct response to the alleged / ward. The crucial task is to try and explain the socio-economics of the low GER as well present GER in higher education is around 12.4%, which the ministry wants to en-hance to 15% by 2011-12 and to 21% by 2017. The bill states that the legislation "is nec-essary to maintain the standards of higher education within the country as well to protect the interest of the students and in public interest". The stated expectation is that the total student enrolments in uni-versities and colleges during the turn of the next

plan period will be 2.10 crore, thanks to the private, unaided institutions with an intake capacity equal to those of the public aided institutions. The contri-bution of foreign institutions to the task of GER enhancement is estimated to be sub-stantial, which accounts for the efforts to enact the FEIB 2010. That the various higher educational legislative reforms under way in general and the FEIB 2010 in particular are professedly destined to ad-dress the issues of low GER and poor standard in the higher education sector, is only rhetoric and not does not reflect shortage in the number of quality higher educational institutions is also rhetoric meant to justify the rationale of the FEJB 2010. A closer look at the stratifled/ GER and enrolment rate of eligible students (ERE) data as juxtaposed to the total number of higher educational institutions and their intake capacity can expose the justificatory objectives, reasons and claims a mere rhetoric of the agenda for neo-liberal reforms.[3]

**The GER and ERE Factors**

It is.a fact that the GER of the youth in the country's higher education sector is' abysmally poor as the data given in Table 1 vouch for.

Table 1 shows the total GER national av-erage as 14.19% which is at a slightly high-er side, compared to what the MHRD has assessed. Needless to state that at any rate it should be still higher today, at least by / 2% if extrapolated in the light of the 1 number of new institutions started in the and Cultural Organisation (UNESCO) and endorsed by MHRD are evidently outdated estimations, for the national average should be at least 16% in the light of the institutional expansion and intake capacity growth in the country during the current plan period. Table 1 shows 25.17% as the GER of Kerala, which by extrapolation in the light of institutional expansion and intake growth would be at least 4% higher.[4] The widely and repeatedly aired and what the MHRD has approved as the main cause of poor GER is the insufficiency of the number of higher educational institutions of standard and quality. This commonsensical presumption that the country owes its low GER to shortage in the number of higher educational institu-tions is wrong. Academic backwardness is generally assigned to low standard and poor quality of education, ignoring the im-plicit issue of the convergence of economic as the poor quality in the light of the na-tional political economy. The central cause oflow GER and poor quality of higher edu-cation is socio-economic. Therefore, the legislative cure administered by the MHRD in the form of a few reform bills cannot be effective, for none of them addresses itself the socio-economic issues. Opening of moire I colleges and universities, indigenous or foreign cannot as such help enhance the GER, • for it hardly addresses the socio-economic barriers that account for access disparity leading to national deficit of youth with academic capabilities.

It is crucial to examine the GER situation of the socio-economically backward cate-gories for us to try and

**Table 1: GER in the Age Group 18-22 Years in Major Indian States**

| State | Male | Female | Total |
|---|---|---|---|
| AP | 20-36 | 12.53 | 16.38 |
| Assam | 11.70 | 8.74 | 10.34 |
| Bihar | 12.74 | 3.40 | 8.28 |
| Gujarat | 14.43 | 13.30 | 13.92 |
| Haryana | 18.10 | 18.69 | 18.36 |
| Himachal Pradesh | 19.85 | 24.40 | 22.08 |
| J&K | 17.02 | 15.57 | 16.40 |
| Karnataka | 14.66 | 10-25 | 12.52 |
| Kerala | 21.59 | 28-71 | 25.17 |
| Madhya Pradesh | 12.25 | 6.46 | 9.56 |
| Orissa | 10-81 | 5.34 | 7.90 |
| Punjab | 13.65 | 22.05 | 17.47 |
| Rajasthan | 13.66 | 7.26 | 10.69 |
| Tamil Nadu | 20-87 | 16.71 | 18.82 |
| Uttar Pradesh | 15.26 | 10.28 | 12.94 |
| West Bengal | 15.49 | 10.14 | 12.82 |
| Jharkhand | 13.65 | 9.11 | 11.39 |
| Chhattisgarh | 16.29 | 10-02 | 13.47 |
| Uttarakhand | 19.03 | 22.43 | 20.61 |
| Delhi | 25.35 | 40-38 | 30.76 |
| Total | 16.18 | 11.98 | 14.19 |

Source: Ravi Srivastava, (JNU & NCUE). Computed on the basis of NSS Unit Level Data 2004-05 and adjusted for Census Population.

understand aspects of this least highlighted truth (Table 2, p 43). There is acute paucity of stratified data and the available are in the form of samples too small to be representing the universe that is extremely differentiated. They can only provide for a tenuous under-standing of the situation, which at any rate is sufficient to expose the futility of generalisations arrived ignoring differences. Table 3 (p 43) indicates the GER data ofstrat-ified socio-economic categories such as the Scheduled triBes, scheduled castes, Other Backward Classes, and the rich others.

It is also crucial to look at the ERE situa-tion to appraise the scenario realistically. An important feature about ERE is that in the higher education sector of the country the ST category has the highest enrolment rate of its eligible students (64.23%) with the female on the top (65.82%), pushing the rich category to the next position with 60.17% (Table 3). The ERE, in the case of students belonging to the other socio-eco-nomically backward groups, has been as-sessed as 54.41% and that of the scs' as 54.99% (Table 3). This is a clear indication of the remarkable advantage of the prac-tice of reservation and financial support.



## Intake Capacity Profile

The GER of youth in the Indian higher edu-cation sector has been growing steadily since 1960s with an added momentum during the last decade augmenting the intake capacity three times, thanks to the establishment of a commendable number of government as well as public-funded private institutions in all the states. Never-theless, the rise of public-funded higher educational institutions has not been in correspondence with the rise in demand. In the 1990s the demand glaringly sur-passed the available institutional capacity of absorption. The government, both at the centre and in the state abstained from opening new institutions in the public

**Table 2: GER among the Economically Backward Students of 18-22 Years**

| Social Category | Higher Secondary Male | Female | Graduation Male | Female | Total |
|---|---|---|---|---|---|
| Scheduled tribe | 5.70 | 7.10 | 5.74 | 5.36 | 5.98 |
| Scheduled caste | 16.54 | 14.36 | 12.61 | 11.66 | 13.79 |
| Backward classes | 41.11 | 38.54 | 33.62 | 29.11 | 35.6 |
| All others | 36.65 | 40 | 48.03 | 53.87 | 44.63 |
| Total | 100 | 100 | 100 | 100 | 100 |

Source: Culled out from Ravi Srivastava, (JNU&NCUE). Computed on the basis of NSS Unit Level Data 2004-05 and adjusted for census population.

**Table 3: ERE Students of 18-22 Years in Higher Education**

| Socio-Economic Category | Male | Female | Total |
|---|---|---|---|
| Scheduled tribe | 65.38 | 65.04 | 65.25 |
| Scheduled caste | 56.58 | 52.50 | 54.99 |
| Backward classes | 57.90 | 47.56 | 53.84 |
| X'ianSch tribe | 58.57 | 66.61 | 63.21 |
| Rich others | 61.38 | 58.32 | 60.17 |
| Total | 59.96 | 58 | 59.49 |

Source: Culled out from Ravi Srivastava (JNU & NCUE). Computed on the basis of NSS Unit Level Data 2004-05 and adjusted for census population.

sector, ostensibly for reasons of liquidity shortage. But the real reason was the ines-capable influence of the new world order of liberalisation and privatisation. During the last one decade there has been a sub-stantial increase about the institutional intake capacity in the higher education sector as a result of the rise of new un-aided private institutions all over the country, obviously catering to the needs of the eligible middle class youth. With the result many of the economically backward aspirants were denied access to higher education due to the shortage of afforda-ble institutions. However, a review of the extent of demand against the available in-take capacity shows that the institutional shortage cannot be far too big against the actual intake demand.

There are widely different estimations of the youth eligible for higher education and the institutional capacity of absorp-tion. A liberal journalistic estimation shows the total strength of students enrolled to higher education institutions as 1.13 crore during 2005-06. A conservative assess-ment shows that during 2009 it was only 88.7 lakhs. There has been a tremendous increase in the number of unaided profes-sional as well as general colleges and pri-vate universities in the country during the last one decade, enhancing the intake capacity three times what had been in the turn of 2000. The total number of students eligible to be enrolled has been estimated between 5.2 and 1.75 crores. The total intake capacity today has been variously estimated, the most liberal as 1 crore and the conservative as 58,30,500 (Table 4). If we go by the liberal estimate of ERE of 2009 the total number of the youth eligible for higher education could be 5.2 crore and at the average GER of 12 the total comes to around 63 lakhs. Keeping in view the national average of pass percentage among all undergraduates (53%), the total strength of students capable of graduation can be tentatively assessed as 33 lakhs.

The growth of intake capacity of profes-sional institutions has exceeded the avail-able number of the competent aspirants. About 6 lakhs of students enrol in engi-neering colleges every year. In Karnataka alone the intake capacity of engineering colleges amounts to 65,000, whereas that of the engineering institutions all over USA is only 45,000. Today, India's higher education sector is one of the largest in the world and its performance, despite underdevelopment and socio-economic backwardness, as a contender in knowl-edge economy, is not bad. Its role as an ex-porter of human expertise, promoter of technology transfer, and facilitator of scientific collaboration is commendable. International contacts of India in the do main of world higher education have been quite impressive and benefits remarkable till recently, thanks to the careful mainte-nance of national interests. This situation is fast changing under neo-liberal reforms that have started opening the field of education for international trade. The

**Table 4: Higher Education Infrastructure as of 2009**

| Total Population in Crore | 18-22 Age Group in Crore | Eligible for Higher Education in crore | Institution | Intake Capacity |
|---|---|---|---|---|
| 117 | 35.1 | 5.2 (15% of the total) | IITs | 9,500 |
| | | On an average its 12% | Engg Colleges | 8,20,000 |
| | | (63 lakhs) get enrolled | Arts & Science Colleges | 43,80,000 |
| | | out of which 53% | Med. Colleges | 16,400 |
| | | graduate (33 lakhs). | Dental Colleges | 14,600 |
| | | | Polytechnics | 5,80,000 |
| | | | Others | 10,000 |
| Total | | | | 58,30,500 |


Computed on the basis of data drawn from various sources such as UGC Annual Reports, Plan Working Group Reports etc.

enactment of FEIB 2010 seeking interna-tional commercialisation of higher educa-tion will further upset national interests in knowledge economy and delink devel-opment entirely from equity.

**Socio-economic Inequality**

Despite being one of the prominent econo-mies of the world, India suffers from terri-ble socio-economic unevenness with 46% of the population living in abject poverty and 42% still mired in illiteracy, a plight similar to or worse than that of sub-Saharan Africa. Social statistics reveals that 67% of the population is deprived of oppor-tunities for socio-economic mobility. The situation is all the more appalling in the demographic context that indicates the phenomenon of youth becoming domi-nant in number by the next decade. As of now 66% of the total population belong to the age group of 10-20 out of which the strength of girls comes to 53%. If poverty, inequality and illiteracy are not addressed appropriately, the nation's future is dread-fully bleak. The neo-liberals claim that liberalisation and structural adjustments have led to reduction of poverty and illit-eracy in the country. But analyses of the national socio-economic situation by criti-cal political economists have exposed the hollowness of the claim (Sen and Himan-shu 2005, Pal and Ghosh 2007, Deaton and Dreze 2002). Comparative estimates based on the 50th (1993-94) and 55th (1999- 2000) rounds of National Sample Survey data show that socio-economic inequali-ty ties have increased during the decade of post-liberalisation, both in the rural as well as urban areas in India. It has been clearly shown in their studies that income disparities between the rural and urban sectors became greater during the period of liberalisation that witnessed an exten-sive disinvestment in the public sector and a marked decline of state involvement in health and education. Socio-economic backwardness impedes the growth of youth with capabilities for accessing higher education and making achievements out of it. Let us not hide the fact that it is a predicament of acute short-age of the youth imbued with the potential to enrol them in higher education. That it is a situation of millions of aspirants get-ting frustrated for want of enough higher education institutions in the country is part of the rhetoric distracting people's attention from the exasperating socio- economic reality. The issue of socio economic inequality has to be addressed with top priority if the country is to en- hance the GER.

It is a matter of tacit recognition that in the market-driven and interdependent world economy, the country has to im-prove competitiveness and efficiency in every sector through intensive and judi-cious use of science and technology for better productivity ensuring expansion of employment opportunities. How to en-hance competitiveness in the present day set up of higher education characterised by dearth of good teaching professionals, difficulties in attracting and retaining them, poor technology, inadequate infra-structure, insufficient libraries and obso-lete laboratories, irrelevant and outdated academic programmes, poor accountability, excessive subsidies, high dropout rates, over-centralisation, lack of academic autonomy and commercialisation of mediocrity is the question to be answered.[5] The autonomy and authority of most universities are con-fined to student admissions, curricular de-signs, academic programmes and finan-cial management. Functioning of most universities is structured by the domi-nance of administrative bureaucracy. The academic community is not decisive in ad-ministrative decision-making or insti-tutional policy design. Universities, rese-arch institutes, and colleges have resource constraints. Some of them, particularly a few of the central universities, have excess resources which are invariably underuti-lised, mismanaged and wasted in the ab-sence of instituted practices of inter-insti-tutional sharing. The plight of the



state universities that are sparsely funded is hopelessly bad in India. In spite of all these impediments, the country is able to produce a good stock of scientists and technologists.[6] Nevertheless, this is easier said than done in a country like India where the total budgetary allocation for education is always below 4% of its GDP. The government has to increase public in-vestment in higher education sector sub-stantially for adequately funding all state universities to the tune of absolute parity with central universities and for improv-ing the material conditions of existing col-leges. Assurance of facilities in existing institutions is far more important than opening new ones bereft of even basic needs, for the latter can only perpetuate poor quality causing high level unemploy-ability of the educated, skill shortage in industries and low productivity, and thereby the problem of socio-economic backwardness.

**The Hope**

The MHRD seems to have several goals for permitting foreign universities to enter the Indian market. The foremost among them is to provide the much wanted qual-ity, efficacy, and capacity ensured by updated curriculum, latest teaching meth-ods, and fundamental research. Foreign higher education providers are hoped to bring good investment to the country, since the bill demands from each one of them an investment of at least a minimum of $11 million by way of entry charge. It is hoped that top-class foreign universities will come and make heavy investments in the higher education sector, the principal focus of which is production of useful graduates in various arts, sciences and technology, and foster faculty to speciali-sation through postgraduate studies and re-search in all areas of knowledge, as an inte-gral part of national development strategy.

These hopes are unfounded and least borne out by experiences of the countries that tried this. None of the prestigious for-eign universities went out to opening their off-campus centres abroad. Several ordi-nary and low-end universities seeking market access and revenue did so in the Persian Gulf, Vietnam, and Malaysia, in a very small scale and confined themselves to inexpensive fields of demand such as business management, information tech-nology, tourism studies, etc. But only to be least successful in maintaining their home-standards in the off-campus bran-ches, obviously due to constraints of dilu-tion under the pressure of the poor clien-tele. Such foreign transplants in India can hardly help enhancement of GER for expli-cit reasons such as unaffordable cost and poor ERE, both intimately connected to the nation's socio-economic backwardness.

It is needless to state that hopes of qual-ity assurance in higher education, and the accentuation of national development are out of place, for it can only divest higher education of its national development ori-entation; How can national development agenda secure any place in the higher edu-cation designed and controlled by foreign education provider? The nation's historical unevenness, cultural plurality, ideas, peo-ples, social processes, relations, institu-tions, struggles, challenges, needs, etc, ought to be important for Indian higher education, and may largely be neglected.

Higher education, already made costly by unaided private institutions, will become costlier. Expensively acquired knowledge, however essential it is for social welfare, will inevitably get commoditised.

Global experience would have us be-lieve that some universities may come for-ward to establish collaborative ties with peer universities or research centres in India, which in fact, have already been there over several decades under national programmes of international academic and cultural exchange. Establishment of foreign institutions is not going to make any further qualitative change in the ongoing practices.

## Social Preparation

The predicament of the higher education sector has to be addressed with the help of a comprehensive package of social prepa-ration strategies for enhancing the number of eligible youth with potentials to enter institutions of higher education. Economic backwardness being the main barrier, the prime strategy should be to provide finan-cial support. Institution of merit-cum means scholarships shall be very effective as proved by the Rajiv Gandhi National Fellowships or INSPIRE or the variety of scholarships instituted by the Government of Kerala at the state level.[7] Various sup-port schemes have to be designed and in-stituted for addressing the socio-economi-cally contingent and natural unevenness in the learning capabilities of the youth. Special schemes for nurturing academic interests in children at an early age, promotion of subject specific aptitudes through flexible choices, studies under the tutelage of mentors, field-based direct learning, development of academic self-confidence through interaction with emi-nent scholars, motivation of the lagging, remedial care of the weak and those suf-fering from learning difficulties, etc, should be adopted. Already there are a few national schemes addressing some of these issues, but they should be supple-mented by new ones and made extensive.

Improvement of infrastructural facili-ties in educational institutions, revamping of the curricula, assurance of learning ma-terials, introduction of effective faculty improvement measures, web-based con-tent enrichment, advanced instructional schemes based on electronic sophistica-tion, etc, have to be made universal to the domain of national higher education. The National Mission on Education through Information and Communication Techno-logy (NMEICT) initiatives are of great sig-nificance and should reach out even to in-stitutions of interior areas far away from the town. All these help quality assurance and growth of ERE.

Kerala has set a model by itself in design-ing and implementing a variety of schemes of social preparation and academic qual-ity assurance. The most significant and fundamental of them all are the different scholarships of merit and means covering the entire duration and realms of higher education in arts, humanities, sciences and technology. Several schemes intro-duced by the state vouch for the distinct realisation of the fact that social prepara-tion through equitable distribution of eco-nomic resources alone is not enough to sustain an ever increasing GER, for it de-pends on acquisition of cultural resources too.[8] Erudite scholar-in-residence pro-grammes inviting Nobel laureates and other academics of comparable eminence to universities for academic benefits of interaction for students and teachers, which might sometimes provide occasions for them to build up relations and contacts of academic fortunes, is an example of schemes helping accumulation of non-economic resources. Seeing, talking to and shaking hands with Nobel laureates are part of symbolic capital adding on to cultural capital and strengthening social capital that helps rise of the beneficiary's academic self-confidence and inspiration. In short, social preparation launched by the Government of Kerala through its Higher Education Council is a package of multidimensional exercises for

economic and cultural empowerment of the youth. it is political too in the deeper sense. The strategies therein go long way not only fighting access disparities of the socio-economically backward aspirants of higher education but also democratising higher knowledge along with its techno-logy of production and transmission.[9]

## Political Precondition

Such multi-pronged social preparation measures of insights in critical social theory are feasible in the normal course only in a society that is struggling for democratisation at the grass roots. That is, in fact, the political precondition for them. On the whole democratisation in the Indian provinces has been working as a state induced administrative reform from above, with Kerala as an exception in certain ways. There is no indication of in-stitutional development at the grass roots ensuring better access of the weaker to local resources and power. The existing level, extent and basis of participation relate to the ongoing national democratic system and its pro-middle class incentives as determined by the power relations of the local society, that are rooted in the his-torically contingent dominant class-caste-community-religion nexus. This precludes institutional development with enough potential to liberate the locality from ex-ploitative macro structures of bureaucracy and capitalist market. Like a few provin-ces with left wing politics exerting con-" siderable influence in policy decisions, Kerala has been struggling to take demo-cratisation beyond the constitutionalist perspective of liberal interventionism. This atmosphere of critical thought resisting neo-liberal reforms to a certain extent helps the state carry forward the social prepara-tion agenda meaningfully which accounts for the state's high GER and its faster growth (from 15.3% to 18.1% in five years).

The general state of democratisation in India is quite unsuitable for social empow-erment. Empowerment of the local poor through better access to power and resources is at low ebb in the country. As Esman and Uphoff (1984) have argued, democratisation as such brings about no so-cial change in the structural sense, so long as it leads to no institutional development in local administration capable of upsetting the existing local power structure. They rightiy emphasise the structural reformist role of democratisation realised through the devel-opment of new civil organisations and insti-tutions at the grass roots. As Guy Gran (1983) argues, democratisation should lead to the development of local institutions and organisations limiting and controlling the state actions and private forces.

The localities owe their poor state of in-stitutional development to the widespread social inequality in economic as well as non-economic resources, i e, capital and its cultural, symbolic and social variants (Bourdieu 1986, Boisjoly, Duncan and Hofferth 1995). Brisk exchange of eco-nomic capital for cultural and symbolic forms of capital is a significant feature of the contemporary society in any locality, for their possession helps accumulation of social capital. In a society of glaring economic and social inequalities, social capital formation is associated with class relations. It determines the structure of status and ranking among the actors. Peo-ple need social capital to be political and united for leading struggles against oppressive structures. Like various other expressions of radical nature, "social capi-tal" also lost its context of social emanci-pation through the writings of a few in the us acadernia.[10] Accordingly social capital got equated to the qualities such as unity, relations of trust, reciprocity, common rules, norms and sanctions, networks, partnership, collaboration, etc, in the con-text of democratic good governance.

It is maintained that theoretically speak-ing the state machinery cannot succeed beyond a point in empowering the weak, because it means the government joining the class war in favour of the poor, which is unlikely as the government is an upper class

instrument, ultimately. But there is a political outlet to the theoretical stale mate, which involves designing of praxis strategies for politicisation and empower ment of the poor through the opening up of new sources of symbolic capital for enhancing social capital strength and whereby ensuring alternative institu-tional development leading to structural changes in the local society. This is the ideal situation for achieving and main-taining highest GER.

## Summing Up

The proliferation of unaided private in-stitutions in general and the spread of foreign education providers in particular cannot remedy problems of higher edu-cation sector such as low GER and poor quality. Opening of foreign universities will increase choices and competition, but among whom? The upper middle class youth capable of affording high fees might join such institutions. The socio-economic situation of the country is such 'that the intake capacity of these new generation institutions shall remain largely underutilised. The central argu-ment is that we owe low GER of higher education sector primarily to s o c i o - e c o - n o m i c backwardness that accounts for the overall poor nature of education, and not to insufficiency of the number of in-stitutions and their small intake capacity as often made out. Therefore, the most crucial feature about the country's high-er education reforms should be their inevitable prioritisation of strategies directly addressing the glaring socio-economic unevenness and abject poverty. The argument is that rapid and rigorous social preparation alone can achieve and sustain high GER. Therefore, the MHRD's investment priority should be towards the task of evolving a comprehensive package of strategies appropriate for social preparation. The basic factor is ex-tensive economic support of the poor. But that alone will not do, for a wide variety of non-economic inequalities in the country are rampant too. Hence social prepa-ration should involve strategies appropriate to address them as well, the effective-ness of which depends on the level of political preparation of the nation through democratisation.

A set of entailing arguments in the paper relate to consequences of the rise of high cost foreign institutions. They are: under-utilisation of the intake capacity of public-funded higher education institutions and their impoverishment, further decline in quality, worsening of social backward-ness, persistence of poor GER, neglect of national development interests, and depletion of the most excellent stratum of i national higher education institutions through migration of the best to the bet ter paid institutions. The starting of new *world class universities, no matter for eign or indigenous, would entail a heavy cost which would go as waste, im poverishing existing institutions and de laying measures of social preparation. -There is nothing like the strengthening of the existing state and central universities i and research institutions to be world class or at least upgrading state universities to on par with those owned and control-by the central government.

NOTES

i See definitions in the text of the Bill, (Bill No 57 of 2010 as presented in the Lok Sabha) Foreign Edu-cational Institutions (Regulation of Entry and Operations) Act 2010 that has been put as a public document by MHRD.

2 See the section on "statement of objects and rea-sons", Foreign Educational Institutions (Regula-tion of Entry and Operations) *Act 2010*.

3 For a relevant overview of the global political economy context of neo-liberalism and neocon-servatism in critical perspective see, Apple (2000: 57-78).

4 Different sources provide different GERs, which vary from one another depending up on the age group of the targeted clientele and the period of the data. The GER based on the SES of early 2000 with the clientele, 18-23 age group was 8%. The NSS and PC arrived at about 10% and 14% respec-tively. For 2003-04 the GER of the same age group has been assessed differently, viz, 9%, 13.22% and 14.48% based on SES, NSS and Census re-spectively. Draft Report of Working Group on Higher Education for 11th Five-year Plan gives: 15.6% for 2006-07, 16.4% for 2007-08, 17.3% for 2008-09,18.3 for 2009-10,19.4% for 2010-11. For a different assessment see Singh (2004). Suggeta Upadhyay (20o7)'s assessment of GER of

age-group 18-24 for 2002 shows 9.28% in the case of boys and 6.71% in the case of girls. Also see Varshney (2007).

5 It is quite interesting to note that still our planning has always been dreaming from the ivory tower. See Planning Commission. 2001, "India as a Knowledge Superpower: Strategy for Transforma-tion", Task Force Report, Government of India.

6 See discussions in Mitra (2006), Sahlberg (2006). For a compilation of the relevant data and a general review of the status and prospects of Indian higher education in terms of three key cross-cutting themes: access and expansion, equity and inclusion, and quality and excellence see, Agarwal (2009).

7 Rajiv Gandhi National Fellowship Scheme for SC/ ST students, Government of India. INSPIRE is an innovative fellowship programme sponsored and managed by the Department of Science & Tech-nology, Government of India. Government of Kerala have instituted a series of merit cum means long-term and short-term scholarships both . general and faculty specific such as ACQUIRE for Social Sciences, THANMA for talent in literature, ASPIRE fellowship as short-term project assist-ance, etc. For details see, the official website, Ministry of Education and Culture, Government of Kerala: higher education.kerala.gov.in

8 The ideas are borrowed from Pierre Bourdieu's interpretations of society, social processes involv-ing concepts like *habitus*, forms of capital, etc, in general and higher education in particular that have analysed the recent changes in the higher of relevant concepts see, P Bourdieu (1977), Boudieu and Wacquant (1992) and for relevant interpretations in the spe-cific context of higher education, see Reproduc-tion in Education, Society and Culture (Theory, Culture and Society Series), Sage, London, 1990, with Jean-Claude Passeron.

9 For certain relevant ideas see L A Gandin and M Apple (2002).

10 See Coleman (1988) and Coleman (1994). For a con-trast see, Putnam (1993), Putnam (1995), which has appeared (2000) as a book with the same tide.

REFERENCES

Agarwal, Pawan (2009): *Indian Higher Education: Envisioning the Future*, New Delhi.

Apple, M W (2000): "Between Neo-liberalism and Neo-conservatism: Education and Conservatism in a Global Context" in N C Burbules and C A Torres (ed.), *Globalisation and Education: Critical Perspectives*, pp 57-58 (New York: Routiedge).

Boisjoly, J, G Duncan and S Hofferth (1995): "Access to Social Capital", *Journal of Family Issues*, 16(5): 609-31.

Bourdieu, P (1986): "The Forms of Capital" in J Rich-ardson (ed.), *Handbook of Theory and Research for the Sociology of Education* (Westport CT: Green-wood Press).

Bourdieu, P and L J D Wacquant (1992): "An Invitation to Reflexive Sociology", The University of Chica-go Press.

Bourdieu, Pierre (1977): *Outline of a Theory of Prac-tice*, Cambridge University Press.

Coleman, J (1988): "Social Capital in the Creation of Human Capital", *American Journal of Sociology*, 94, (Supplement) S95-120.

Coleman, J (1994), "Social Capital, Human Capital, and Investment in Youth" in Anne C Peterson and Jeylan T Mortimer (ed.), *Youth Unemployment and Society* (New York: Cambridge University Press). Deaton, Angus and Dreze, Jean (2002): "Poverty and Inequality in India: A Re-Examination", *Economic & Political Weekly*, 7 September, pp 3729-48.

*Esman, MJ and NR Uphoff (1984: Local organisations: Intermediaries in Rural Development, Cornell University Press, P.P 33-36*

Gandin, L A and M Apple (2002): "Challenging Neo-liberalism, Building Democracy: Creating the Citizen School in Porto Alegre, Brazil", *Journal of Education Policy*, 17(2), 259-79.

Gran, G (1983): *Development by People: Citizen Con-struction of a Just world*, Praeger, pp 61-64.

Mitra, Raja (2006): "India's Potential as a Global R&D Power" in Magnus Karlsson (ed.), *The Internation-alisation of Corporate R&D: Leveraging the Chang-ing Geography of Innovation* (Stockholm: Institute for Growth Policy Studies).

Pal, Parthapratim and Ghosh, Jayati (2007): "Inequal-ity in India: A Survey of Recent Trends", DESA Working Paper No 45, July.

Putnam, Robert (1993): "The Prosperous Community - Social Capital and Public Life", *The American Prospect*, Spring: 27-40.

Putnam, Robert (1995): "Bowling Alone: America's Declining Social Capital", *Journal of Democracy*, 6: 6578.

Sahlberg, P (2006): "Education Reform for Raising Economic Competitiveness", *Journal of Educa-tional Change*, 7 (4): pp 259-87.

Sen, Abhijit and Himanshu (2005): "Poverty and In-equality in India: Getting Closer to the Truth", available at www.networkideas.org. Reprinted in Angus Deaton and Valerie Kozel (ed.), *Data and Dogma: The Great Indian Poverty Debate* (New Delhi: Macmillan) 306-70.

Singh, Amrik (2004): "Challenges of Higher Educa-tion", *Economic & Political Weekly*, 22 May pp 2155-58.

Upadhyay, Sugeeta (2007): "Wastage in Indian Higher Education", *Economic & Political Weekly*, XLII (2), 13 January, pp 161-68.

Varshney, Ashutosh (2007): "India's Democratic Challenge", *Foreign Affairs*, 86 (2), March-April, pp 93-106

The mediocre teacher tells

The good teacher explains

The superior teacher demonstrates

The great teacher insipires

**- William A. Ward**

# ജനാധിപത്യ ധ്വംസനം വീണ്ടും

ജനാധിപത്യ ധ്വംസനം നടത്തിക്കൊണ്ട് സർവകലാശാല ഭരണം പിടിച്ചെടുക്കാനുള്ള യു.ഡി.എഫ് സർക്കാരിൻെറ കുത്സിതശ്രമം വീണ്ടും അരങ്ങേറിയിരിക്കുകയാണ്. കേരള സർവകലാശാലയിൽ സിൻഡിക്കേററിലെ ഐ.ടി.- ബി.ടി പ്രതിനിധികളെ പിരിച്ചുവിട്ട് പകരം തങ്ങളുടെ ആശ്രിതരെ നിയമിക്കുവാൻ വേണ്ടി സർക്കാർ ഗവർണറെക്കൊണ്ട് ഓർഡിനൻസ് ഇറക്കിയിരുന്നു. തുടർന്ന് കാലിക്കററ് സർവ്വകലാശാലയിലെ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേററിനെയും പിരിച്ചുവിട്ടിരിക്കുകയാണ്. കേരള സർവ്വകാലാശാലയിൽ എൽ. ഡി. എഫ് സർക്കാർ നാമനിർദ്ദേശം ചെയ്ത ഐ. ടി.- ബി.ടി വിദഗ്ദ്ധരായ നാലുപേരെ തൽസ്ഥാനത്തുനിന്നും മാററുന്നതിനായി ഗവർണറെകൊണ്ട് ഓർഡിനൻസ് ഇറക്കിപ്പിക്കുകയാണുണ്ടായതെങ്കിൽ കാലിക്കററ് സർവകലാശാലയിൽ നിലവിലുണ്ടായിരുന്ന തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേററ് അംഗങ്ങളെ ദൂരാരോപണങ്ങളുന്നയിച്ചുകൊണ്ട് പിരിച്ചുവിടുന്നതിനായി ഗവർണ്ണറുടെ പ്രത്യേകാവകാശമുപയോഗിച്ചുകൊണ്ട് ഉത്തരവിറക്കുകയായിരുന്നു. ഇത്തരത്തിലൊരുത്തരവ് ഗവർണർ പുറപ്പെടുവിക്കുന്നത് കേരളത്തിൻെറ ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ല. തൽസ്ഥാനത്തേയ്ക്ക് - താങ്കളുടെ രാഷ്ട്രീയ അനുചരന്മാരെ നിയമിക്കുകയും ചെയ്തു. ഉന്നതവിദ്യാഭ്യാസവുമായി യാതൊരു ബന്ധവുമില്ലാത്തവരും സർവകലാശാല ഭരണത്തിൽ നേരിട്ടൊരു പരിചയവുമില്ലാത്തവരുമായ 14 പേരെയാണ് യു. ഡി എഫ് സർക്കാർ പുതുതായി നാമർനിർദ്ദേശം ചെയ്തിരിക്കുന്നത്. പ്രിൻസിപ്പൽമാരുടെ മണ്ഡലത്തെ പ്രതിനിധീകരിച്ച് നാമനിർദ്ദേശംചെയ്ത വ്യക്തിയാകട്ടെ പ്രിൻസിപ്പലായി നിയമിക്കപ്പെടുകയോ സർവകലാശാല അംഗീകാരം ലഭിക്കുകയോ ചെയ്തിട്ടില്ലാത്തൊരാളാണ്. ഉന്നതവിദ്യാഭ്യാസത്തിൻെറ പ്രസക്തിയോ ഭാഗമോ ഉൾക്കൊള്ളാത്ത വ്യാപാരതല്പരരായ ഒരു കൂട്ടം പേരെയാണ് ഈ വിധത്തിൽ സർവകാലാശാല ഭരണമേല്പിച്ചിരിക്കുന്നത്. തങ്ങളുടെ കച്ചവടതാല്പര്യം നടപ്പിലാക്കാനായി സർവ്വകലാശാലഭരണം പിടിച്ചെടുക്കുവാൻ യു.ഡി. എഫ് സർക്കാർ ജനാധിപത്യ ധ്വംസനവും രാഷ്ട്രീയ കാപട്യവും നട

(പേജ് 5 തുടർച്ച)

ത്മധൈര്യവും പ്രശംസനീയമാണ്. അതിന് മാദ്ധ്യമങ്ങളും പൊതു സമൂഹവും നൽകിയ പ്രാധാന്യം തീർത്തുംഅംഗീകരിക്കപ്പെടേണ്ടതുമാണ്. എന്നാൽ, പൊതു സമൂഹത്തിന്റെയും മാദ്ധ്യമങ്ങളുടെയും ശ്രദ്ധ ലഭിക്കാതെ നിഷ്പ്രഭമാക്കുന്ന എത്രയെത്ര ജനകീയ സമരങ്ങളാണ് ഇന്ത്യാമഹാരാജ്യത്ത് നാൾക്കുനാൾ നടന്നു വരുന്നത്. കിടപ്പാടത്തിനു വേണ്ടിയും തൊഴിലിനു വേണ്ടിയും മാനാഭിമാനം സംരക്ഷിക്കാൻ വേണ്ടിയും പാവപ്പെട്ടവർ നടത്തുന്ന നൂറുകണക്കിന് സമരങ്ങൾ തമസ്കരിക്കപ്പെടുന്നത് ബോധപൂർവ്വമല്ലെ?

ചരിത്രപരമായി വേദനയനുഭവിക്കുന്ന സ്ത്രീയനുഭവങ്ങളുടെ ഹൃദയഭേദകമായ കഥപറയുന്ന ഇറോം ഷർമിളയെ ഇത്തരുണത്തിൽ ഓർക്കാതിരിക്കാനാവില്ല. മണിപ്പൂരിന്റെ വീരപുത്രിയായ മനുഷ്യാവകാശ പ്രവർത്തകയും വിമോചന പോരാളിയുമായ ഇറോം ഷർമിള ചാനു! 'ഹ്യൂമൻ റൈറ്റ്സ് അലെർട്' എന്ന മനുഷ്യാവകാശ സംഘടനയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ മാലോം കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് മണിപ്പൂരി സായുധസേനയുടെ പ്രത്യേകാധികാരം (AFSPA) എടുത്തുകളയണമെന്നാവശ്യപ്പെട്ട് 2000 നവംബർ 2 ന് തൻെറ 28-ാം വയസ്സിൽ നിരാഹാര സത്യാഗ്രഹമാരംഭിച്ച ഇറോം ഷർമിള ആത്മഹത്യാകുറ്റം ചുമത്തി അറസ്റ്റ് ചെയ്യപ്പെട്ടു. അതിന് ശേഷവും നിരഹാര സമരം തുടരുകയും അധികൃതർ മൂക്കിൻ കുഴലിലൂടെ ദ്രവരൂപത്തിലുള്ള ആഹാരം നൽകി ജീവൻ നിലനിർത്തിപ്പോരുകയുമാണ്. പ്രത്യേകാധികാരത്തിന്റെ പേരിൽ സൈന്യം നടത്തുന്ന അധാർമ്മികവും മനുഷ്യത്വരഹിതവുമായ അധമ സംസ്കാരത്തിനെതിരെ ഒറ്റയാൾപ്പട നടത്തുന്ന ഇറോം ഷർമ്മിള ഉയർത്തിപ്പിടിക്കുന്ന ധാർമ്മിക മൂല്യത്തെ നമ്മുടെ മാധ്യമങ്ങൾ വേണ്ടവിധത്തിൽ പൊതുജനങ്ങളുടെ മനസ്സിലേയ്ക്കെത്തിക്കാൻ ശ്രമിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. പട്ടാളത്തിന്റെ ക്രൂരതയാൽ പിച്ചിച്ചീന്തപ്പെടുന്ന സ്ത്രീ ശരീരത്തിന്റെ പ്രതീകമായി സ്വന്തം ശരീരം ആയുധമാക്കിയുള്ള സമരം നടത്തുന്ന ഇറോമിന്റെ നിശ്ചയദാർഢ്യവും അതിന്റെ പിന്നിലെ രാഷ്ട്രീയവും വേണ്ടത്ര പ്രചരിക്കപ്പെടുന്നില്ല എന്നത് വീണ്ടും മനസ്സിൽ സംശയത്തിന്റെ നിഴൽ പടർത്തുന്നു. കോർപ്പറേറ്റ് ശക്തികളുടെയും രാജ്യത്തെ ഭൂമാഫിയകളുടെയും പിന്തുണയോടെ കർഷകർക്കവകാശപ്പെട്ട ഭൂമി അവരിൽ നിന്നും അന്യാധീനപ്പെടുത്തുന്നതിനെതിരെ നടക്കുന്ന കർഷക സമരങ്ങൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല. രാഷ്ട്രീയ മേലാളന്മാരുടെയും നിരന്തരമായ പീഢനങ്ങൾക്കിരയാകുന്ന നിരവധിദരിദ്രനാരായണന്മാരുടെ ജീവിക്കാൻ വേണ്ടിയുള്ള സമരങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ കിട്ടുന്നുണ്ടോ? നാടിന്റെ പരിസ്ഥിതിയും ജനങ്ങളുടെ ജീവനും സംരക്ഷിക്കാൻ വേണ്ടി സന്നദ്ധ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ വർഷങ്ങളായി നടത്തപ്പെടുന്ന സനഹസമരങ്ങളെയും വിമോചന മുന്നേറ്റങ്ങളെയും കണ്ടില്ലെന്നു നടിക്കുകയാണ് രാജ്യത്തെ മുഖ്യധാരാ മാധ്യമങ്ങൾ.

ഇവിടെ, ഇറോം ഷർമ്മിളയുടെ സമരത്തിനും ആ ഗണത്തിൽപ്പെടുന്ന നിരവധി അവകാശ സമരങ്ങൾക്കും ഒരു രാഷ്ട്രീയം അവകാശപ്പെടാനുണ്ട്. അധികാരം നിലനിർത്തുവാനും ചൂഷണ വ്യവസ്ഥ ശക്തമാക്കുവാനും വേണ്ടി വരേണ്യവർഗ്ഗം ഭരണകൂടത്തെയും പട്ടാളത്തെയുമുപയോഗിച്ച് നടത്തുന്ന നഗ്നമായ മനുഷ്യാവകാശ ലംഘനങ്ങൾക്കും കൊടിയ പീഢനങ്ങൾക്കും സമ്പത്തിന്റെ കൊള്ളയടിക്കലിനുമെതിരെയുള്ള സമരങ്ങളാണവ. ഹസാരെയുടെ സമരത്തെ വാനോളം ഉയർത്തിക്കാട്ടുമ്പോൾ ഈ ജനകീയ സമരങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നവരുടെ രാഷ്ട്രീയം നാം തിരിച്ചറിയണം. അന്നാ ഹസാരേയുടെ സമരം ഒടുവിൽ ചെന്നെത്തിയത് ലോക്പാൽ ബില്ലിൻെറ നിർമിതിയെച്ചൊല്ലിയുള്ള തർക്ക വിതർക്കങ്ങളിൽ കെട്ടടങ്ങുകയുണ്ടായി. അത് സൃഷ്ടിച്ച പുകമറയിൽ ലോകചരിത്രത്തിലെ ഏററവും വലിയ അഴിമതിയും പകൽകൊള്ളയും നടത്തിയ കേന്ദ്രസർക്കാർ ജനരോക്ഷത്തിൻെറ പഞ്ചാഗ്നി കടന്ന് ജീവശ്വാസം വീണ്ടെടുത്ത് മുന്നോട്ട് പോകുന്നു. പൗരസമൂഹത്തിൻെറ ഇന്ദ്രപ്രസ്ഥത്തിൽ അരങ്ങേറിയ അരാഷ്ട്രീയ സമര കാഹളത്തിന് അങ്ങനെ തിരശ്ശീല വീണു.



# ക്യാമ്പസിലെ സമൂഹവും സമൂഹത്തിലെ ക്യാമ്പസും

## ഒരു അവലോകനം

**സി. പത്മനാഭൻ**
എൻ.എസ്.എസ് കോളജ്
മട്ടന്നൂർ



ആയിരത്തി തൊള്ളായിരത്തി എഴുപതുകളിലെ ക്യാമ്പസുകളെക്കുറിച്ചുള്ള ഗൃഹാതുരത്വം കലർന്ന സ്മരണകളിൽ പലപ്പോഴും എതിർഭാഗത്ത് നിർത്തപ്പെടുന്നത് 1980 കളിലെ ക്യാമ്പസാണ്. യുക്തിചിന്തയുടെയും മതേതരത്വത്തിന്റെയും വിപ്ലവബോധത്തിന്റെയും ആധുനികതയുടെയുമൊക്കെ പ്രഭവ സ്ഥാനമായി 70 കളിലെ ക്യാമ്പസുകൾ വാഴ്ത്തപ്പെടുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾക്കൊക്കെ ഏറെക്കുറെ വരൾച്ച ബാധിച്ച പ്രദേശമായി 80 കളിലെ ക്യാമ്പസ് ഇകഴ്ത്തപ്പെടുന്നു. സാംസ്കാരികമായി നിരീക്ഷിച്ചാൽ ചലനരഹിതവും രാഷ്ട്രീയ കാര്യങ്ങളിൽ പൂർവ്വമാതൃകകളുടെ തടവറയിൽ നിന്നും പുറത്തു വരാൻ കഴിയാത്തതും സർഗാത്മകത ഏറെക്കുറെ വററിയതുമായ ഒരു പ്രദേശമായാണ് 80 കളിലെ ക്യാമ്പസുകൾ പലപ്പോഴും ചിത്രീകരിക്കപ്പെടുന്നത്. എന്നാൽ ഈ ചിത്രീകരണവും അതിലടങ്ങിയ ദ്വന്ദ്വരൂപീകരണവും അത്രകണ്ട് ശരിയാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

ഉന്നത വിദ്യാഭ്യാസം ഏറെക്കുറെ പൂർണ്ണമായും പൊതുവിദ്യാഭ്യാസം ഭാഗികമായും നിഷേധിക്കപ്പെട്ട ഒരു തലമുറയുടെ പിൻമുറക്കാർ കൂട്ടത്തോടെ ഉന്നത വിദ്യാഭ്യാസരംഗത്ത് എത്തിത്തുടങ്ങുന്നത് 1980 കളിലാണ്. പുതുതായി ലഭിച്ച ഒരു ഔദാര്യത്തെ വിനീതമായി ഏററുവാങ്ങുന്നവരായിട്ടല്ല, മറിച്ച് മൂന്ന് പതിററാണ്ടോളം കേരളത്തിൽ കൊടുമ്പിരികൊണ്ട ഭൂസമരങ്ങളുടെയും മററ് അവകാശ സമരങ്ങളുടെയും വിജയ ഗാഥകളിൽ ആവേശ ഭരിതരായാണ് അവർ ക്യാമ്പുസുകളിലേക്ക് കടന്നു വന്നത്. കേരളത്തിലെ ക്യാമ്പസുകളിലെ സ്ത്രീ പുരുഷ അനുപാതം അദ്ധ്യാപകർക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും ജനസംഖ്യാനുപാതികമായി തിരുത്തപ്പെടുന്നത് ഈ കാലഘട്ടത്തിലാണ്. 70 കളിലെ ക്യാമ്പസുകളിൽ ഈ അനുപാതം നേരിയ തോതിലെങ്കിലും പുരുഷന്മാർക്ക് മുൻതൂക്കമുള്ള രീതിയിലായിരുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് പങ്കെടുക്കുന്നവരുടെ ജാതിമത അനുപാതത്തിലും ഇത്തരം മാററങ്ങൾ പ്രകടമാണ്. ഒ ബി.സി, മുസ്ലീം വിഭാഗങ്ങളിൽ നിന്നും കൂടുതൽ പേർ ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടന്നു വന്നു. ദളിത് വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ അനുപാതത്തിൽ വർദ്ധനവ് പ്രകടമാണെങ്കിലും അത് ജനസംഖ്യാനുപാതത്തിന്റെ തോതിലേക്ക് എത്തിയിരുന്നുമില്ല. നവോത്ഥാന പ്രസ്ഥാനങ്ങളിൽ തുടങ്ങി ഇടതുപക്ഷ പ്രസ്ഥാനങ്ങളിലൂടെ വികസിച്ച സാമൂഹിക രാഷ്ട്രീയ സമരങ്ങളുടെ പരിണിത ഫലമാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് 1980 കളിലുണ്ടായ തികച്ചും പുരോഗമനോന്മുഖമായ സാമൂഹ്യ പരിച്ഛേദം എന്നത് നിസ്തർക്കമാണ്.

> **ഉന്നത വിദ്യാഭ്യാസം ഏറെക്കുറെ പൂർണ്ണമായും പൊതുവിദ്യാഭ്യാസം ഭാഗികമായും നിഷേധിക്കപ്പെട്ട ഒരു തലമുറയുടെ പിൻമുറക്കാർ കൂട്ടത്തോടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്തിത്തുടങ്ങുന്നത് 1980 കളിലാണ്.**

ക്യാമ്പസിനകത്തെ സാമൂഹ്യപരിച്ഛേദത്തിൽ ഉണ്ടായ ഈ മാററം വൈവിദ്ധ്യമാർന്ന അനന്തരഫലങ്ങൾക്ക് കാരണമായി. അതിൽ ഒന്ന് ക്യാമ്പസുമായി ബന്ധപ്പെട്ട അടിസ്ഥാന പഠന

സൗകര്യങ്ങളുടെ കാര്യത്തിൽ ഉളവായ അവകാശബോധമാണ്. സൗജന്യനിരക്കിൽ യാത്ര ചെയ്യാനുള്ള അവകാശത്തിനു വേണ്ടിയും ഫീസിളവുകൾ തുടരുന്നതിനുവേണ്ടിയും ക്യാമ്പസിൽ തന്നെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുമുള്ള ധാരാളം ചെറുതും വലുതുമായ സമരങ്ങൾ ഈ കാലഘട്ടത്തിൽ നടന്നു. കേരള വിദ്യാഭ്യാസ രംഗത്തെ ഒരു പ്രധാന ഘട്ടമായിരുന്ന പ്രീ-ഡിഗ്രിയെ സ്വകാര്യ വല്കരിക്കുന്നതിനു വേണ്ടി കൊണ്ടു വന്ന പ്രീ-ഡിഗ്രി ബോർഡ്. രൂപീകരണത്തിനെതിരെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് നടത്തിയ സമരം ഇതിന് ഒരു ഉദാഹരണമാണ്. കേരളീയ വിദ്യാഭ്യാസ രംഗത്തേക്ക് സ്വകാര്യ വല്ക്കരണം ഒളിച്ചു കടത്താൻ ശ്രമിച്ച ആദ്യ സംരംഭമായിരുന്നു *പ്രീ-ഡിഗ്രി ബോർഡ്* ആഗോള വല്ക്കരണ- സ്വകാര്യവല്ക്കരണ നയങ്ങളുടെ വ്യാപനവും അതിനനുബന്ധമായി വിദ്യാഭ്യാസം പൊതു സ്വത്താണോ അതോ സ്വകാര്യ സ്വത്താണോ എന്ന മട്ടിലുള്ള ചർച്ചകളും സമൂഹത്തിൽ സ്ഥാനം പിടിക്കുന്നതിന് വളരെ മുമ്പേയാണ് അന്നത്തെ യു ഡി എഫ് സർക്കാർ ഇങ്ങനെ ഒരു ശ്രമം നടത്തിയത് എന്നതിനേക്കാൾ ഏറെ ശ്രദ്ധേയമാണ് ആ ശ്രമത്തെ ചെറുത്തു തോല്പിക്കാൻ അന്നത്തെ അക്കാദമിക് സമൂഹത്തിന് സാധിച്ചു എന്നത്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പൊതുനയ രൂപീകരണം എന്നത് തങ്ങൾക്കു കൂടി അവകാശമുള്ള ഇടമാണ് എന്ന ബോധം അക്കാദമിക് സമൂഹത്തിന് കൈ വന്നത് കേരളത്തിൽ നടന്ന ഇടതുപക്ഷ സ്വഭാവമുള്ള ഭൂസമരങ്ങളുടേയും മററും തുടർച്ചയായി കാണാവുന്നതാണ്. ഇത്തരത്തിലുള്ള അവകാശബോധങ്ങളുടെ സംസ്ഥാപനമാണ് 80 കളുടെ ഒരു സവിശേഷ മുദ്ര. ചെറുതും വലുതുമായ ഒട്ടനവധി അവകാശ സമരങ്ങൾ ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്.

വിശാലമായ രാഷ്ട്രീയ കാഴ്ചപ്പാടുകളേയും അനുഭവമാത്രപരമായ സമരസംഘാടന പ്രവർത്തനങ്ങളേയും ഏറെക്കുറെ വിജയകരമായി കോർത്തിണക്കാൻ ഈ കാലഘട്ടത്തിൽ സാധിച്ചു എന്നു പറയാം. ലോകത്തിന്റെ മുന്നിൽ ഒരു ഭാഗത്ത് വിജയക്കൊടി പാറിച്ച സോഷ്യലിസ്ററ് വ്യവസ്ഥയെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസവും, ബസിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾ അനുഭവിക്കുന്ന ദുരിതങ്ങളും പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തന റിപ്പോർട്ടിലും മററും തെളിച്ച് സ്ഥാനം പിടിക്കുന്നത് ഈ കാലഘട്ടത്തിലാണ്. അധ്യാപക പ്രസ്ഥാനങ്ങളാകട്ടെ അതിവിശാലമായ രാഷ്ട്രീയ താല്പര്യങ്ങളിൽ ഊന്നുറപ്പിച്ചു കൊണ്ടു തന്നെ തങ്ങളുടെ സേവന വേതന പ്രശ്നങ്ങളെ പൊതു സമൂഹത്തിനു മുന്നിൽ അവതരിപ്പിച്ചു.

കോളജ്- സർവ്വകലാശാലാ യൂണിയനുകളിലും ഭരണ സമിതികളിലും പുരോഗമന പ്രസ്ഥാനങ്ങൾക്ക് കിട്ടിയ ഭൂരിപക്ഷ പ്രാതിനിധ്യമാണ് ഈ കാലഘട്ടത്തിന്റെ സ്വാഭാവികമായ മറെറാരു സവിശേഷത. ചരിത്രത്തിൽ ആദ്യമായി കേരളത്തിലെ എല്ലാ സർവ്വകലാശാലാ യൂണിയനുകളുടെയും സാരഥ്യം പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് ലഭിക്കുന്നതും കേരളത്തിലെ ഒരു സർവ്വകലാശാലാ യൂണിയൻ ആദ്യമായി ഒരു വനിതാ ചെയർപേഴ്സൺ സ്ഥാനമേല്ക്കുന്നതും ഈ കാലഘട്ടത്തിലാണ്. സർവ്വകലാശാലാ ഭരണ സമിതികളിലും മററും ഇതേ രീതിയിൽ പുരോഗമന പ്രസ്ഥാനങ്ങൾ ഭൂരിപക്ഷത്തോടെ പ്രതിനിധീകരിക്കപ്പെട്ടു.

എന്നാൽ ക്യാമ്പസുകളിലെ സാമൂഹ്യപരിച്ഛേദത്തിനും രാഷ്ട്രീയോന്മുഖതയ്ക്കും ഉണ്ടായ ഈ മാററം ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയിലും ഉള്ളടക്കത്തിലുമുള്ള സമഗ്രമായ ഒരു മാററമായി പരിവർത്തിപ്പിക്കാൻ സാധിച്ചതായി കാണുന്നില്ല. അത്തരം മാററങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത് 90 കളിലാണ്. പക്ഷെ അപ്പോഴേയും ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മൂലധനത്തിന്റെ ഒഴുക്ക് അതിശക്തമായി കടന്നുവരികയും അത് ക്യാമ്പസുകളെ വളരെ വ്യത്യസ്തമായ പരിണാമങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു കഴിഞ്ഞിരുന്നു. 80 കളിലെ വിശാല രാഷ്ട്രീയ കാഴ്ചപ്പാടുകളുടേയും അനുഭവമാത്രപരമായ കാര്യപരിപാടികളുടെയും ഒരു സ്വാഭാവിക പരിണതിയായി വരേണ്ടിയിരുന്ന സമഗ്രമാററം ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുമ്പോഴേക്കും പൊതുമേഖലയിലെ വിദ്യാഭ്യാസം എന്ന സങ്കല്പത്തെ തന്നെ ആഗോളീകരണ ശക്തികൾ ചോദ്യം ചെയ്ത് തുടങ്ങിയിരുന്നു. പൊതുമേഖലയിലുള്ള വിദ്യാഭ്യാസവും അതിൽ സജീവമായി ഇടപെടുന്ന പുരോഗമന ശക്തികളും ചേർന്ന് സൃഷ്ടിച്ച അതിശക്തമായ സാംസ്കാരിക മണ്ഡലം തകർക്കുക എന്നതായിരുന്നു 90 കളുടെ ആദ്യപാതിയിൽ അധികാരത്തിലിരുന്ന യു ഡി എഫ് സർക്കാറിന്റെ മുഖ്യകാര്യപരിപാടി. ആഗോളീകരണ ശക്തികളും വിദ്യാഭ്യാസ രംഗത്തെ കഴുകൻ കണ്ണുകളോടെ വീക്ഷിച്ചു കൊണ്ടിരുന്ന സ്വകാര്യ മൂലധന ശക്തികളും ചേർന്ന് വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കു വേണ്ടി ആവശ്യപ്പെട്ട സ്ഥലം അവരളന്നെടുത്തത് ശക്തമായ ഈ സാംസ്കാരിക മണ്ഡലത്തെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി കൊണ്ടായിരുന്നു.

ക്യാമ്പസ് രാഷ്ട്രീയത്തിന്റെ പുരോഗമനോന്മുഖതയെ തിരിഞ്ഞു നോക്കി വിലയിരുത്തുമ്പോൾ സർക്കാർ കോളജുകളും, സ്വകാര്യ എയ്ഡ്സ് കോളജുകലും, പ്രൊഫഷണൽ കോളജുകളും അവയുടെ വ്യതിരിക്തത നിലനിർത്തുന്നത് വ്യക്തമായി കാണാൻ കഴിയും. അക്കാദമിക് സമൂഹത്തിന്റെ മാറിയ സാമൂഹ്യപരിച്ഛേദത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിഞ്ഞ സർക്കാർ കോളജുകളിൽ പുരോഗമന പ്രസ്ഥാനങ്ങൾ സമഗ്രമായ മേൽകൈ നേടി. 70കളിൽ തന്നെ വ്യക്തമായി രാഷ്ട്രീയ ബോധം പ്രകടിപ്പിച്ച സംസ്ഥാനത്തെ എഞ്ചിനീയറിംങ് കോളജുകളോടൊപ്പം 80കളിൽ മെഡിക്കൽ കോളജുകളിലും പൊതുപ്രവർത്തനത്തിന്റെ തുറസ്സുകൾ സൃഷ്ടിക്കപ്പെട്ടു. എന്നാൽ ജാതിമത ശക്തികളുടെ നിയന്ത്രണത്തിൽ നടന്നു കൊണ്ടിരുന്ന സ്വകാര്യ എയ്ഡഡ് കോളജുകളിൽ പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനത്തിന് വൻതോതിൽ ചെറുത്തു നില്പ് നേരിടേണ്ടി വന്നു.

ക്യാമ്പസിൽ നടക്കുന്ന രാഷ്ട്രീയ പ്രവർത്തനങ്ങളെ *ക്യാമ്പസ് രാഷ്ട്രീയം* എന്ന പേരിൽ മാററി നിർത്താനും പൊതുധാരയിൽ നിന്നും ഒററപ്പെടുത്താനുമുള്ള സംഘടിത ശ്രമങ്ങൾ ആരംഭിക്കുന്നതും 80കളിലാണ്. കലാലയ ക്യാമ്പസുകളിൽ വലതുപക്ഷ രാഷ്ട്രീയത്തിന് മേൽക്കൈ ഉണ്ടായിരുന്ന കാലങ്ങളിലൊക്കെ ക്യാമ്പസിന്റെ ഉന്നതമായ രാഷ്ട്രീയ ബോധത്തെ വാനോളം പുകഴ്ത്തിയിരുന്ന മാധ്യമങ്ങളും മതമാനേജുമെൻറ് കൂട്ടായ്മ

കളും 80കളിൽ ക്യാമ്പസ് രാഷ്ട്രീയ വിമുക്തമാവേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് വാചാലരായി തുടങ്ങി. വിദ്യാർത്ഥി രാഷ്ട്രീയത്തിൻെറ സ്വാതന്ത്രവും വിപ്ലവാഭിമുഖ്യമുള്ളതുമായ ആവിഷ്കാരങ്ങൾ പലരേയും വിറളിപിടിപ്പിച്ചു. മിതമായ രാഷ്ട്രീയ പ്രവർത്തനം അമിതമായ രാഷ്ട്രീയ പ്രവർത്തനം എന്നിങ്ങനെയൊക്കെയുള്ള തീർത്തും യുക്തിരഹിതമായ പുതിയ വേർതിരിവുകൾ അടങ്ങിയ വ്യാഖ്യാനങ്ങൾ നിർമ്മിക്കപ്പെട്ടു. കൊളോണിയൽ കാലഘട്ടം മുതലിങ്ങോട്ട് വലിയ മാററങ്ങളൊന്നും കൂടാതെ നിലനിന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ തികച്ചും സ്വാഭാവികമായ കാലഹരണപ്പെടലിനും തകർച്ചയ്ക്കും മുഴുവൻ ഉത്തരവാദികളായി ക്യാമ്പസ് രാഷ്ട്രീയവും അതിൻെറ പ്രയോക്താക്കളും പൊതുജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കപ്പെട്ടു. വലതുപക്ഷ മാധ്യമ വിചാരണകളിൽ കാലിക പ്രസക്തി നഷ്ടപ്പെട്ടതും അമിതമായി രാഷ്ട്രീയവല്ക്കരിക്കപ്പെട്ടതും ചൈതന്യമററതുമായ ഉന്നത വിദ്യാഭ്യാസരംഗത്തെ രക്ഷപ്പെടുത്താനുള്ള ഒററമൂലി എന്ന നിലയിലാണ് ഐക്യജനാധിപത്യ മുന്നണി സർക്കാർ സ്വാശ്രയ വിദ്യാഭ്യാസ നയം കേരളത്തിന് പരിചയപ്പെടുത്തുന്നത്. രണ്ട് സ്വാശ്രയ കോളജുകളിൽ സമം ഒരു ഗവൺമെൻറ് കോളജ് എന്ന അതിവിചിത്രമായ സൂത്രവാക്യത്തിൻെറ ഉദ്ദേശ്യ ലക്ഷ്യം ഈ സന്ദർഭത്തിലാണ് അനാവരണം ചെയ്യപ്പെടുന്നത്.

1970കളിലേയും 80കളിലേയും ക്യാമ്പസുകളെ താരതമ്യം ചെയ്യുമ്പോൾ സാധാരണ പരാമർശിക്കപ്പെടാറുള്ള മൂല്യവ്യവസ്ഥകളുടെ വ്യത്യസ്തത ഇവിടെ പ്രതിപാദിക്കേണ്ടതുണ്ട്. 70കൾ യുക്തിചിന്തകളുടെയും മതേതരത്വത്തിൻെറയും ആധുനികമായ വ്യക്തി സ്വാതന്ത്ര്യത്തിൻെറയും കാലമായിരുന്നെങ്കിൽ 80കളിൽ അന്ധവിശ്വാസങ്ങളും മതവർഗ്ഗീയതയും വ്യക്തിസ്വാതന്ത്ര്യത്തെ ഉല്ലംഘിക്കുന്ന സംഘടനാ രൂപങ്ങളും വ്യാപകമായി എന്നതാണത്. ഈ താരതമ്യത്തെ സാധൂകരിക്കുന്ന പ്രത്യക്ഷമായ ഘടകങ്ങൾ ഏറെയുണ്ട്. കേരളത്തിലെ ക്യാമ്പസുകളിൽ ചെറു സംഘങ്ങളായിട്ടാണെങ്കിലും വർഗ്ഗീയ ഫാസിസ്ററു കൂട്ടായ്മകൾ വ്യാപിക്കുന്നത് 80കളിലാണ്. 70കളിൽ നിന്ന് വ്യത്യസ്തമായി മതചിഹ്നങ്ങൾ ധരിച്ച് ക്യാമ്പസുകളിൽ പ്രത്യക്ഷപ്പെടുന്നവരുടെ എണ്ണത്തിലും 80കളിൽ വർദ്ധനവുണ്ടായി. ആധുനികതയുടെ ഭാഗമായി വ്യക്തിസ്വാതന്ത്ര്യ പ്രകടനങ്ങളെ ഉല്ലംഘിക്കുന്ന തരത്തിൽ സംഘടനാപരമായ അച്ചടക്കത്തെക്കുറിച്ചുള്ള ധാരണകൾ ബലപ്പെട്ടു. പക്ഷെ ഈ ഘടകങ്ങളെ ഒററപ്പെട്ട പ്രതിഭാസങ്ങളായി കാണുന്നതിനു പകരം ക്യാമ്പസിനകത്തെ അധികാര ഘടനയിൽ ഉണ്ടായ ഒരു കീഴ്മേൽ മറിച്ചലിൻെറ ലക്ഷണങ്ങളായി കാണുമ്പോൾ ഈ ഘടകങ്ങളിൽ സ്വയം അപനിർമ്മിക്കുന്നതായി കാണാം. 70കളിലെ ആദ്യപകുതിയിൽ ക്യാമ്പസുകളിലുണ്ടായിരുന്ന വ്യക്തമായ മേൽക്കൈ കാരണവും രണ്ടാം പാതിയിൽ ക്യാമ്പസിനകത്ത് ഭരണകൂടം നടത്തിയ ശക്തമായ ഇടപെടലിൻെറ ഫലമായി ഏറെക്കുറെ സുരക്ഷിതത്വം അനുഭവിച്ചിരുന്ന ക്യാമ്പസിലെ വലതുപക്ഷം 80കളിൽ പല നിറങ്ങളിലായി ചിതറിപ്പോയതിൻെറ പ്രത്യക്ഷ ലക്ഷണങ്ങളാണ് മുകളിൽ പറഞ്ഞ പുനരുത്ഥാനവാദം ഉയർത്തിപ്പിടിച്ച ചെറുകൂട്ടായ്മകൾ. ജനാധിപത്യ ചട്ടക്കൂടിനകത്ത് മേൽക്കൈ നഷ്ടപ്പെടുമ്പോൾ അക്രമാസക്തമായ വർഗ്ഗീയതയിലേക്ക് സ്വയം ചുരുങ്ങുകയും ജനാധിപത്യപരമായി തന്നെ ആധിപത്യം സ്ഥാപിക്കാനുള്ള അവസരം ലഭിക്കുമ്പോൾ വർഗ്ഗീയതയെ ചൂണ്ടിക്കാട്ടി രക്ഷകഭാവം എടുത്തണിയുകയും ചെയ്യുക എന്നത് ഇന്ത്യൻ വലതുപക്ഷം വിജയകരമായി പരീക്ഷിച്ച അതിജീവന തന്ത്രങ്ങളിൽ ഒന്നാണ്. നെഹ്റുവിയൻ യുക്തിബോധത്തിൻെറയും വിശാലമതേതരത്വത്തിൻെറയും മേലങ്കി അണിഞ്ഞു നില്ക്കാനുള്ള സാവകാശം 70കളിലെ ക്യാമ്പസ് വലതുപക്ഷത്തിനു ലഭിച്ചത് നേരത്തേ പറഞ്ഞ സുരക്ഷിതത്വ ബോധത്തിൻെറ തണലിലാണ്. ജനാധിപത്യ വേദികളിൽ നിന്നും പുറന്തള്ളപ്പെട്ട 80കളിൽ ഇതേ വലതുപക്ഷം തന്നെയാണ് മതവർഗ്ഗീയതയുടെയും കടുത്ത അന്ധവിശ്വാസങ്ങളുടെയും രൗദ്ര രൂപങ്ങളിൽ അഭയം പ്രാപിച്ചത്.


വിദ്യാഭ്യാസ രംഗത്ത് ആഗോളവല്ക്കരണ നിർദ്ദേശങ്ങൾ പ്രാവർത്തികമായതോടെ സമഗ്രമായ മാററങ്ങൾ ക്യാമ്പസിനെ ബാധിക്കുന്നുണ്ട്. നേരത്തേ ഉണ്ടായിരുന്ന ക്യാമ്പസിൻെറ വൈരുദ്ധ്യങ്ങൾ ഉടച്ചുവാർക്കപ്പെടുകയും പുനഃക്രമീകരിക്കപ്പെടുകയും ചെയ്യുക വഴി സാംസ്കാരികമായ പുതിയ അന്തരീക്ഷത്തിലേക്ക് ക്യാമ്പസ് വഴിമാറുന്നുണ്ട്. ഈ വഴിമാററത്തിൻെറ ഒരു ഏകദേശ രൂപം ലഭിക്കുന്നതിന് സഹായകരമായ രീതിയിലാണ് 1990കൾക്ക് മുമ്പുള്ള കാമ്പസിനെ ഈ കുറിപ്പിൽ വിശകലനം ചെയ്തിരിക്കുന്നത്. ഭൂരിഭാഗം മുൻകോളനികളിലും ഉന്നതവിദ്യാഭ്യാസത്തിൻെറ ഉള്ളടക്കം ഏറെക്കുറെ സമാന സ്വഭാവമുള്ളതായിരുന്നു. ഇംഗ്ലീഷിലുള്ള ഉന്നത വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും ചരിത്ര പഠനത്തിലും സാഹിത്യപഠനത്തിലും ചിലപ്പോഴൊക്കെ ശാസ്ത്രപഠനത്തിൽ പോലുമുള്ള ആധികാരിക ജ്ഞാന സ്രോതസ്സുകളുടെ കാര്യത്തിൽ മുൻകാല കോളനികൾ ഏറെക്കുറെ പൊതു സ്വഭാവം പ്രകടിപ്പിക്കുന്നുണ്ട്.ഉള്ളടക്കത്തിൻെറ കാര്യത്തിൽ ഉന്നതവിദ്യാഭ്യാസം ആഗോള തലത്തിൽ ഏറെക്കുറെ ഏകീകരിക്കപ്പെട്ട അവസ്ഥയിലായിരുന്നു എന്നു ചുരുക്കം. ഉന്നത വിദ്യാഭ്യാസ രംഗത്ത് മുതൽമുടക്കേണ്ടത് ആരാണ് എന്ന ചോദ്യമാണ് ആഗോളീകരണ ശക്തികൾ കേരളത്തിൽ ആദ്യം ഉയർത്തിയത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മുതൽ മുടക്കാനുള്ള ബാധ്യത സർക്കാരിൽ നിന്നും സ്വകാര്യ മൂലധന ശക്തികളിലേക്ക് കൈമാററം ചെയ്യ പ്പെടുമ്പോൾ അത് ആദ്യം ബാധിക്കുന്നത് ഈ രംഗത്തുള്ള തുല്യതയിലധിഷ്ഠിതമായ സാമൂഹ്യ പ്രതിനിധാനത്തെയാണ്. സാമൂഹ്യ നീതിയിലധിഷ്ഠിതമായ പ്രതിനിധാനത്തിൻെറ കാര്യത്തിൽ 80കളിലെ കാമ്പസുകൾ ഏറെ പുരോഗമിച്ചിരുന്നു എന്ന കാര്യം നേരത്തേ നിരീക്ഷിച്ചതാണ്. പക്ഷേ പുതിയ അറിവുകൾ കൂട്ടായി ഉൽപ്പാദിപ്പിക്കപ്പെടുന്ന ഒരു സ്ഥലമായും ജ്ഞാന വ്യവസ്ഥയെയും സാമൂഹ്യവ്യവസ്ഥയെയും സമഗ്രമായി ചോദ്യം ചെയ്യാനും മാററിമറിക്കാനും കഴിയുന്ന ഒരു സ്ഥലമായും ഉന്നത വിദ്യാഭ്യാസ രംഗത്തെ മാററിയെടുക്കാനുള്ള ശ്രമങ്ങൾ എളിയ തോതിലെങ്കിലും ആരംഭിച്ചത് പിന്നീടാണ്. ഉന്നതവിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തെ ആസ്പദമാക്കി നടന്ന ഈ സമരം കേരളത്തിൽ സംഘടിപ്പിക്കപ്പെട്ടത് ഉന്നതവിദ്യാഭ്യാസം സമീപഭാവിയിൽ നേരിട്ട ഘടനാപരമായ ഏററവും വലിയ വെല്ലുവിളിയുടെ പശ്ചാത്തലത്തിലായിരുന്നു എന്നതാണ് ഇനി പരിശോധിക്കേണ്ട വിഷയം

(തുടരും)



# പുതിയ കാലത്തെ സമരങ്ങൾ അഥവാ അരാഷ്ട്രീയത

**നിശാന്ത് എ.**
പയ്യന്നൂർ കോളജ്, പയ്യന്നൂർ



ഇന്ത്യ സമീപകാലത്ത് സാക്ഷ്യം വഹിച്ച ഏറ്റവും ശ്രദ്ധേയമായ സമരമായിരുന്നു അണ്ണാഹസാരേയുടേത്. ദേശീയ രാഷ്ട്രീയത്തിൽ ഇത്രയേറെ ചർച്ചാവിഷയമായ മറ്റൊന്ന് ഇല്ലായിരുന്നു. നിരാഹാരം പതിമൂന്നാം ദിവസമാണ് അവസാനിച്ചത്. സമരത്തെ പോലീസിനെ ഉപയോഗിച്ച് തകർക്കാൻ ശ്രമം നടത്തിയ യു. പി. എ സർക്കാർ, അതിന് നേതൃത്വം നൽകുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് അമ്പേ പരാജയപ്പെടുകയാണുണ്ടായത്. ജനലോക്പാൽ ബില്ലിലെ വ്യവസ്ഥകൾ ദുർവ്യാഖ്യാനം ചെയ്യാനാണ് അവർ ശ്രമിച്ചത്. ഹസാരേയെ അധിക്ഷേപിച്ച് കോൺഗ്രസ്സ് നേതാക്കളും മന്ത്രിമാരുമായ കപിൽ സിബൽ, ചിദംബരം, മനീഷ് തിവാരി എന്നിവർ പരസ്യമായി രംഗത്തെത്തി. പോലീസ് അറസ്റ്റിൽ ഖേദം പ്രകടിപ്പിച്ച് പാർലമെന്റിൽ പ്രധാനമന്ത്രി സംസാരിച്ചു.

ഇത്തരം ഒരു സമരത്തെ വളർത്തിക്കൊണ്ടു വന്നതിൽ മാധ്യമങ്ങൾക്ക് വലിയ ഒരു പങ്ക് ഉണ്ട്. സംഘടിത പ്രസ്ഥാനങ്ങൾ ഇത്തരം ആവശ്യങ്ങളുയർത്തിയപ്പോൾ മുൻകാല സമരങ്ങൾക്കൊന്നും വാർത്തകളിൽ അർഹമായ ഇടം നൽകാത്തത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ഒരു കുലുക്കവുമറിയാത്ത ഡൽഹി നഗരം ഇളകിമറിഞ്ഞു. പ്രതികരണം മറന്നുപോയ യുവത്വം രാംലീല മൈതാനിയിൽ ഒഴുകിയെത്തി. യഥാർത്ഥത്തിൽ ലോക്പാലിന് വേണ്ടിയുള്ള ഈ സമരം പ്രഖ്യാപിത ലക്ഷ്യം കൊണ്ട് സ്വീകാര്യമാണ്.പ്രധാനമായി മൂന്ന് നിർദ്ദേശങ്ങൾ ആണ് യു.പി.എ സർക്കാരിന് ഒടുവിൽ അംഗീകരിക്കേണ്ടി വന്നത്. പ്രധാനമന്ത്രിയേയും ബില്ലിന്റെ പരിധിയിൽ കൊണ്ടുവരിക, ശക്തമായ ലോകായുക്തമാരെ സംസ്ഥാനങ്ങളിൽ നിയമിക്കുക, എല്ലാ അധികാരസ്ഥാനങ്ങളിലും പൗരാവകാശരേഖ തയ്യാറാക്കുക എന്നിവയാണ് പതിമൂന്ന് ദിവസത്തെ നിരാഹാരത്തിന്റെ അവസാന ഫലം.

തീർച്ചയായും വർത്തമാനകാല ഇന്ത്യയുടെ നാണം കെട്ട അഴിമതിക്കഥകൾ തന്നെയാണ് ഹസാരെയിലൂടെ ചോദ്യം ചെയ്യപ്പെടുന്നത്. 2 ജി സ്പെക്ട്രം, എസ്-ബാൻഡ്, ആദർശ് ഫ്ളാറ്റ്, കോമൺവെൽത്ത് ഗെയിംസ് എന്നിവയിലൂടെ ഇന്ത്യ അഴിമതിത്തുകയുടെ വലിപ്പത്തിൽ ലോകത്ത് ഒന്നാമതെത്തി. മന്ത്രിമാർ തീഹാർ ജയിലിൽ സഹപ്രവർത്തകരുടെ വരവും കാത്ത് കഴിയുകയാണ്. ആദ്യ യു. പി. എ സർക്കാറിന് ഇടതുപക്ഷത്തിന്റെ പിന്തുണ ഉണ്ടായിരുന്നു. അന്നൊന്നും ഇല്ലാത്ത അഴിമതി തന്നെയാണ് രണ്ടാം യു. പി. എ സർക്കാറിന്റെ സമയത്ത് നടന്നത്. അഴിമതിക്കെതിരെ അന്ന് ഇടതുപക്ഷം നടത്തിയ സന്ധിയില്ലാത്ത സമരം തന്നെയാണ് ഈ വ്യത്യാസത്തിന് കാരണം.

ഗാന്ധിജി നയിച്ച സ്വാതന്ത്ര്യസമരത്തിന്റെ പുതിയമുഖമായാണ് ഹസാരെയുടെ സമരത്തെ മാധ്യമങ്ങൾ വിലയിരുത്തിയത്. അടിസ്ഥാനപരമായി ഇതിൽ ഒരു വലിയ പ്രശ്നമുണ്ട്. ഗാന്ധിജി ഒരു ദേശത്തിന്റെ മുഴുവൻ പ്രതീകമായിരുന്നു. ദേശീയപ്രസ്ഥാനമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അഥവാ ഇന്ത്യൻ ജനതയുടെയാകെ പിന്തുണയോടെ

**സംഘടനകൾക്ക് അഥവാ കൂട്ടായ്മകൾക്ക് യാതൊരു പ്രസക്തിയുമില്ലെന്നും രാഷ്ട്രീയ സമരങ്ങൾ അഥവാ വർഗ്ഗസമരങ്ങൾ കാലഹരണപ്പെട്ടെന്നും ഉള്ള പുതിയ അരാഷ്ട്രീയ ബോധം നമ്മുടെ മസ്തിഷ്കങ്ങളിൽ സൃഷ്ടിക്കുകയും മെല്ലെ മെല്ലെ ആ ബോധത്തെ ദൃഢപ്പെടുത്തുകയും ചെയ്യുന്ന ഒരു പുതിയ കാലാവസ്ഥ ആഗോളവൽക്കരണം സൃഷ്ടിച്ചിരിക്കുന്നു. ആഗോളവൽക്കരണം സൃഷ്ടിച്ച ഉപകരണ വ്യവസ്ഥയിൽ, അവയുടെ സൗകര്യങ്ങളിൽ അഭിരമിച്ചിരിക്കുന്ന മധ്യവർഗ്ഗജനത ഈ ബോധത്തിന്റെ അംബാസിഡർമാരായി വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും മാറിക്കഴിഞ്ഞു.**

യാണ് ഗാന്ധിജി സമരം നയിച്ചത്. ഗാന്ധിയൻ സമരങ്ങൾ സാമ്രാജ്യത്വ വ്യവസ്ഥിതികൾക്കെതിരെയുള്ള അചഞ്ചലമായ, നൈതികമായ സമരം ആയിരുന്നു. ഗ്രാമങ്ങൾ കേന്ദ്രീകരിച്ചാണ് കർഷകരെ അണിനിരത്തി ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ സമരം നടന്നത്. എല്ലാ വിഭാഗം ജനങ്ങളെയും സമരത്തിനൊപ്പമാക്കാൻ സാധിച്ചിരുന്നു. വികേന്ദ്രീകരണസാധ്യതകൾ ഉറപ്പാക്കുന്ന ഒരു ഭരണക്രമമാണ് ഗ്രാമസ്വരാജിലൂടെ ഗാന്ധിജി സ്വപ്നം കണ്ടത്. എന്നാൽ മധ്യവർഗ്ഗത്തിന്റെയും ഉപരിവർഗ്ഗത്തിന്റെയും അതിൽതന്നെ ഒരു ന്യൂനപക്ഷത്തിന്റെയും കൂട്ടമാണ് ഹസാരെ സമരത്തെ പിന്തുണച്ചത്. അഴിമതിയുടെ മൂലകാരണം മൂലധനവാഴ്ചയും ആഗോളവൽക്കരണനയങ്ങളുമാണ്. ഇവയ്ക്കെതിരെയുള്ള പരാമർശങ്ങൾ ഒന്നും ഈ സമരത്തിൽ കാണാനില്ല. നവലിബറൽ സാമ്പത്തികനയങ്ങളാണ് അഴിമതിയുടെ ഒന്നാം നമ്പർ ഉത്തരവാദി. ഈ നയങ്ങൾ തുടച്ചുനീക്കാൻ തുടർച്ചയായി സമരത്തിന്റെ പാതയിലാണ് ഇന്ത്യയിലെ, ലോകത്തിലെ ഇടതുപക്ഷം. മാത്രമല്ല, അധികാര കേന്ദ്രീകരണം ഉറപ്പുനൽകുന്ന ലോക്പാൽ ബില്ലിനെ ഇനിയും കൂടുതൽ വികേന്ദ്രീകരിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ലോക്പാൽ മറ്റൊരു സ്വേച്ഛാധിപത്യ-അധികാര കേന്ദ്രീകൃതസ്ഥാപനമായി മാറുമെന്നത് തീർച്ച. സമീപകാലത്ത് ഇത്രയൊന്നും ലക്ഷ്യം കാണാനായില്ലെങ്കിലും മാധ്യമങ്ങൾ ആഘോഷിച്ച മറ്റൊരു സമരമായിരുന്നു യോഗാചാര്യൻ ബാബാ ഗുരു രാംദേവിന്റേത്. ലക്ഷ്യങ്ങളിൽ ചിലത് ഹസാരെ സമരവുമായി സമാനതയുള്ളതായിരുന്നു.

ഹസാരെ സമരം ലളിതമായിരുന്നുവെങ്കിൽ 1300 കോടി വാർഷിക വരുമാനമുള്ള ഗുരുവിന്റെ സമരം ആർഭാടപൂർണ്ണമായിരുന്നു. ശീതീകരിച്ച സമരപന്തലും സജ്ജീകരണങ്ങളും ഇത് കാണിച്ചു. യഥാർത്ഥത്തിൽ രാഷ്രീയ പാർട്ടികളെയും ഇന്ത്യൻ ജനാധിപത്യവ്യവസ്ഥയെയുമെല്ലാം അധിക്ഷേപിക്കുന്ന തരത്തിലാണ് ഹസാരെസമരം പുരോഗമിച്ചത്. ഭരണഘടനയും പാർലമെന്റും എല്ലാം മോശമാണെന്ന് വരച്ച് കാട്ടാനുള്ള വെമ്പൽ സമരക്കാരുടെ ഭാഗത്ത് നിന്നുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട അധികാരസ്ഥാപനങ്ങളെല്ലാം തെറ്റാണെന്ന് തോന്നിപ്പിക്കുന്ന തരത്തിലാണ് സമരം മുന്നോട്ട് നീങ്ങിയത്. അഴിമതിയിൽ മുങ്ങിക്കുളിച്ച കോൺഗ്രസ്സും അതിനെതിരായി വ്യതിചലനമില്ലാതെ സമരം ചെയ്യുന്ന ഇടതുപക്ഷപാർട്ടികളും ഒരേ പോലെയാണ് എന്ന് വ്യാഖ്യാനിക്കുന്നതിൽ അരാഷ്ട്രീയ വാദം മുറുകെപ്പിടിക്കുന്ന സമരാനുകൂലികളും മാധ്യമങ്ങളും വിജയിച്ചു. സാമ്രാജ്യത്വം ആഗോളവൽക്കരണനയങ്ങളിലൂടെ ലോകത്തെയാകെ അരാഷ്ട്രീയതയുടെ മേച്ചിൽപ്പുറമാക്കാൻതന്നെയാണ് ആഗ്രഹിച്ചത്. അവരുടെ അജണ്ടകൾ ആദ്യകാലങ്ങളിൽ ഒളിച്ചു വെക്കപ്പെട്ടതായിരുന്നു. എന്നാൽ പിന്നീടിങ്ങോട്ട് അത് പരസ്യമായ അജണ്ട തന്നെയായി. ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ അവരുടെ ഇടപെടൽ ശക്തമായി. ജനാധിപത്യവ്യവസ്ഥയെ തന്നെ ചോദ്യം ചെയ്യുന്ന സ്പോൺസേർഡ് പ്രോഗ്രാമുകൾ അവർ തന്നെ അവതരിപ്പിച്ചു വരികയാണ്. ഇത്തരം സ്പോൺസേർഡ് സമരങ്ങൾ രാഷ്ട്രീയം തെറ്റാണെന്ന് ബോധിപ്പിക്കുകയും അരാഷ്ട്രീയതയെ ബിംബവൽക്കരിക്കുകയും ചെയ്യുന്നു.

സംഘടനകൾക്ക് അഥവാ കൂട്ടായ്മകൾക്ക് യാതൊരു പ്രസക്തിയുമില്ലെന്നും രാഷ്ട്രീയ സമരങ്ങൾ അഥവാ വർഗ്ഗസമരങ്ങൾ കാലഹരണപ്പെട്ടെന്നും ഉള്ള പുതിയ അരാഷ്ട്രീയ ബോധം നമ്മുടെ മസ്തിഷ്കങ്ങളിൽ സൃഷ്ടിക്കുകയും മെല്ലെ മെല്ലെ ആ ബോധത്തെ ദൃഢപ്പെടുത്തുകയും ചെയ്യുന്ന ഒരു പുതിയ കാലാവസ്ഥ ആഗോളവൽക്കരണം സൃഷ്ടിച്ചിരിക്കുന്നു. ആഗോളവൽക്കരണം സൃഷ്ടിച്ച ഉപകരണവ്യവസ്ഥയിൽ, അവയുടെ സൗകര്യങ്ങളിൽ അഭിരമിച്ചിരിക്കുന്ന മധ്യവർഗ്ഗജനത ഈ ബോധത്തിന്റെ അംബാസിഡർമാരായി വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും മാറിക്കഴിഞ്ഞു. പുതിയ ലോൺ വ്യവസ്ഥകൾ നമ്മുടെ വലിയ മോഹത്തെ തവണകളായി സാക്ഷാൽക്കരിക്കുന്നു. എല്ലാ സൗകര്യങ്ങളും നേടിക്കഴിഞ്ഞാൽ ജനാധിപത്യം നമുക്ക് അന്യമായി മാറുന്നു. കഴിഞ്ഞകാല വർഗ്ഗസമരങ്ങളും തൊഴിലാളിപോരാട്ടങ്ങളും ഉഴുതുമറിച്ച ഇന്ത്യൻ മണ്ണടക്കം മുതലാളിത്ത ബോധത്തിന്റെ ചെളിനിലത്തിലേക്ക് കൂപ്പുകുത്തി വീഴുന്നു.

ഇത്തരം ബോധങ്ങൾ ജനമനസ്സുകളിൽ ബലപ്പെടുത്തിയതിൽ കോൺഗ്രസ്സിനും ബി ജെ പി ക്കും സമാന സ്വഭാവമുള്ള പാർട്ടികൾക്കും ഒഴിഞ്ഞുമാറാനാകാത്ത പങ്കുണ്ട്. ഇത്രയും ശക്തമായ ജനാധിപത്യരാജ്യത്തിൽ പണാധിപത്യവും അഴിമതിയും വളർത്തിയതിൽ ഭരണത്തിന്റെ സിംഹഭാഗവും അപഹരിച്ച ഇവർക്ക് തന്നെയാണ് പങ്ക്. വികസനം അടിസ്ഥാനവർഗ്ഗത്തിന് വേണ്ടിയാണെന്ന ഇടതുപക്ഷ ബദൽ നയം ഇവിടെ പ്രസക്തമാണ്. അടിസ്ഥാനവർഗ്ഗം കൂടി മനുഷ്യരാണെന്ന സാമാന്യബോധത്തെ തകർത്തുതന്നെയാണ് ഇടതുവിരുദ്ധർ വികസനനയങ്ങൾക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുന്നത്. ഗാന്ധിജിക്കു ശേഷം മറ്റൊരാളും മാതൃകയല്ലെന്ന് പറയാനും ഹസാരെ എന്ന വ്യക്തിയെ പുതിയ കാലത്തെ ഗാന്ധിജിയാക്കാനും വെമ്പൽകൊണ്ട വ്യക്തി ആരാധനബോധത്തിൽ നിന്നാണ് ഹസാരേക്ക് പിന്തുണയേറിയത്. എന്നാൽ ഒരു ഘട്ടത്തിൽ ബി. ജെ. പി അദ്ധ്യക്ഷൻ തന്നെ ഹസാരേക്ക് രാഷ്ട്രീയ പിന്തുണ പ്രഖ്യാപിച്ചത് നിസ്സാരമായി കാണാൻ പറ്റില്ല. അഴിമതിക്കെതിരെ പാർലമെന്റിനുള്ളിലും പുറത്തും സമരം ചെയ്യുന്ന ഇടതു പാർട്ടികളെ അകറ്റി നിർത്താനാണ് യഥാർത്ഥത്തിൽ ഹസാരേ സംഘം ശ്രമിച്ചത്.

രാജ്യത്ത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില അനിയന്ത്രിതമായി കുതിക്കുമ്പോഴും സാധനങ്ങളുടെ വില താങ്ങാൻ പറ്റാതെ പട്ടിണി കൂടുമ്പോഴും ജനങ്ങളുടെ ഹൃദയപക്ഷത്ത് ഇടതുപക്ഷം മാത്രമായിരുന്നു. അവിടെയൊന്നുമില്ലാത്ത ഒരു വികാരം ആഗോളവൽക്കരണത്തിന്റെ മറ്റൊരു ഉൽപ്പന്നമായ അഴിമതിക്കെതിരെ ഉയർന്നുവന്നതിൽ ഉള്ള അപാകതകൾ വിലയിരുത്തപ്പെടണം. സമരത്തിന് പിന്തുണ പ്രഖ്യാപിച്ച താരരാജക്കന്മാരും ബ്യൂറോക്രാറ്റിക് സംവിധാനങ്ങളുടെ ഉൽപ്പന്നങ്ങളായി പിൽക്കാലത്ത് പരിണമിക്കപ്പെട്ടവരും ഏത് പക്ഷത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നും മനസ്സിലാക്കണം. പ്രസ്ഥാനങ്ങൾ കൂട്ടായ്മയിലൂടെ, സമരങ്ങളിലൂടെ നേടിയെടുത്ത നേട്ടങ്ങൾ ഒരു വ്യക്തിയിൽ അഥവാ ചില വ്യക്തികളിൽ കേന്ദ്രീകരിച്ചാണ് ഉണ്ടായത് എന്ന് പ്രചരിപ്പിക്കുന്നത് പുതിയ കാലത്തിന്റെ ഒരു തന്ത്രമാണ്. വ്യക്തികളിൽ സംഘത്തിന്റെ ശക്തി പ്രതിഷ്ഠിക്കുന്ന, വ്യക്തിയെ ബിംബവൽക്കരിക്കുന്ന അരാഷ്ട്രീയപ്രവണതകൾ എതിർക്കപ്പെടണം. അല്ലാതെ വന്നാൽ സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന്റെ രഹസ്യവും പരസ്യവുമായ അജണ്ടകൾ വിജയിക്കുക തന്നെ ചെയ്യും.



# പനി മരണം = മദ്യപാനം?

പി. മമ്മദ്
സംസ്ഥാന പ്രസിഡന്റ്,
എ.കെ.പി.സി.ടി.എ



നാട്ടിൽ നിരവധിയാളുകൾ പനി ബാധിച്ച് വേണ്ടത്ര ചികിത്സ കിട്ടാതെയും ആരോഗ്യപരിപാലനത്തിലെ അപര്യാപ്തിമൂലവും മരണമടഞ്ഞു കൊണ്ടിരിക്കുന്നു. ഏവരും ഈ ദുര്യോഗത്തിൽ പരിതപിച്ചുകൊണ്ട് പ്രതിവിധിക്കായി മുന്നിട്ടിറങ്ങുകയുമാണ്.

വിവിധതരം പനിയും പകർച്ച വ്യാധികളും പടർന്നു പിടിയ്ക്കുന്നത് ആരോഗ്യ പരിപാലനരംഗത്തുണ്ടായിട്ടുള്ള അനാസ്തയുടേയോ ജാഗ്രതക്കുറവിന്റേയോ ഫലമായിട്ടാണെന്നത് തെളിയിക്കാൻ കൂടുതൽ പഠനഗവേഷണങ്ങളുടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ കേരളത്തിലെ ആരോഗ്യവകുപ്പ് മന്ത്രി അടൂർ പ്രകാശ് വിദഗ്ധോപദേശങ്ങളുടെ അടിസ്ഥാനത്തിൽ ചില നിഗമനങ്ങളിലെത്തിച്ചേർന്നിരിക്കുകയാണ്. എന്തായാലും പകർച്ച വ്യാധിയുടെ കാരണം ആരോഗ്യമേഖലയിലെ കാര്യക്ഷമതയില്ലായ്മകൊണ്ടാണെന്ന് സമ്മതിക്കാൻ അദ്ദേഹത്തിന്റെ 'പ്രതിബദ്ധത' അനുവദിക്കുന്നില്ല. ആദ്യമദ്ദേഹം പറഞ്ഞത് പനിമരണങ്ങൾക്ക് കാരണം ആരോഗ്യമില്ലായ്മയാണെന്നതാണ്. ആരോഗ്യമില്ലായ്മയെന്നാൽ രോഗാതുരത എന്നാണർത്ഥം. രോഗങ്ങൾ മനുഷ്യ ശരീരത്തെ കീഴടക്കുന്നതിന് കാരണം പ്രതിരോധശേഷിക്കുറവും പ്രതികൂലമായ ജീവിത ചുറ്റുപാടുകളുമാണ്. അതിന് കാരണമാകട്ടെ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ അഭാവവുമാണ്. അപ്പോൾ ആരോഗ്യക്കുറവാണ് പനിമരണത്തിന് കാരണമെന്ന മന്ത്രിയുടെ പ്രസ്താവന അത്ര 'വങ്കത്തം' നിറഞ്ഞതാണോ? അല്ലേ അല്ല. മലർന്ന് കിടന്ന് മുകളിലേയ്ക്ക് തുപ്പുന്നവന്റെ പോഴത്തരം മാത്രം! അതിന് ശേഷം അദ്ദേഹം പറഞ്ഞത് പനി പടരുന്നതിന് കാരണം ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തിയതിനാലാണെന്നതാണ്. മന്ത്രിസ്ഥാനത്തെത്തി ദിവസങ്ങൾക്കകം തന്നെ ഡോക്ടർമാരുടെ 'സ്വകാര്യ പ്രാക്ടീസ്' അവകാശം തിരികെ നൽകുമെന്ന് പ്രഖ്യാപിച്ചയാളാണല്ലോ അദ്ദേഹം. 'പ്രൈവറ്റ്' എന്ന വാക്കിനോട് അദ്ദേഹത്തിന് അങ്ങേയറ്റം ബഹുമാനമാണ്, വിശ്വാസമാണ്. അതുകൊണ്ടാണ് ആരോഗ്യവകുപ്പിലെ ഡോക്ടർമാർ, അനുബന്ധ ജീവനക്കാർ, ചികിത്സ, സൗകര്യങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, മരുന്നുകളുടെ ലഭ്യത, മാലിന്യ നിവാരണ രംഗത്തെ കാര്യക്ഷമത എന്നിവയെക്കുറിച്ച് പഠിക്കുന്നതിന് ശ്രമിക്കും മുമ്പേ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിൽ അദ്ദേഹം തല്പരനായത്! പൊതുജനാരോഗ്യ പരിപാലനം, പോഷകാഹാര ലഭ്യത, ശുചിത്വപൂർണ്ണമായ തൊഴിൽ സാഹചര്യങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ഡോക്ടർ, മരുന്ന്, ആശുപത്രി സൗകര്യങ്ങൾ എന്നീ മുൻഗണനാക്രമമാകണം ഒരു ജനാധിപത്യവിരുദ്ധ രാജ്യത്തെ ജനകീയ ആരോഗ്യനയം എന്നത് പഴയ സങ്കൽപം. ഇന്ന് ആഗോളവൽക്കരണത്തിന്റെ കാലമാണ്. തലതിരിഞ്ഞതാണ് ആരോഗ്യവകുപ്പിൻെറ മുൻഗണനാക്രമം - രോഗങ്ങൾ, മരുന്ന് വ്യാപാരം, ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്, ആ

> **വിവിധതരം പനിയും പകർച്ച വ്യാധികളും പടർന്നു പിടിയ്ക്കുന്നത്. ആരോഗ്യ പരിപാലനരംഗത്തുണ്ടായിട്ടുള്ള അനാഥയുടേയോ ജാഗ്രതക്കുറവിന്റേയോ ഫലമായിട്ടാണെന്നത് തെളിയിക്കാൻ കൂടുതൽ പഠനഗവേഷണങ്ങളുടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.**

ശുപത്രി കിടക്കകൾ എന്നിങ്ങനെ പോകുന്നു പുതിയ സമവാക്യം.

മരുന്ന് കമ്പനികളും ഏജന്റുമാരും ഇടനിലക്കാരുമായുള്ള അവിശുദ്ധ സഖ്യം അഞ്ചു വർഷക്കാലത്തിന് ശേഷം വീണ്ടും തലയുയർത്തിയിരിക്കുന്നു. മുൻ എൽ.ഡി.എഫ് സർക്കാർ തുടങ്ങിവച്ച കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജന - പരിസരാരോഗ്യ പദ്ധതികൾ തകിടം മറിച്ചിരിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളെയും പാരാ മെഡിക്കൽ സംവിധാനത്തെയും ആരോഗ്യവകുപ്പിലെ 15000ത്തോളം വരുന്ന പൊതുജനാരോഗ്യ പ്രവർത്തകരെയും ആശാ വർക്കർമാരെയും അങ്കണവാടി പ്രവർത്തകരെയും കോർത്തിണക്കിക്കൊണ്ട് നടത്തിവന്ന ആരോഗ്യ പ്രവർത്തനങ്ങൾ പാടെ അവഗണിക്കപ്പെട്ടിരിക്കുന്നു. ജീവൻരക്ഷാ മരുന്നടക്കം ചികിത്സയ്ക്കാവശ്യമായ എല്ലാ മരുന്നുകളും മെഡിക്കൽ കോളേജുകൾ മുതൽ ഡിസ്പെൻസറി വരെയുള്ള ആരോഗ്യസ്ഥാപനങ്ങളിൽ ലഭ്യമാക്കുവാൻ അന്ന് എൽ.ഡി.എഫ് സർക്കാരിന് കഴിഞ്ഞിരുന്നു. മരുന്നവാങ്ങൽ സമ്പ്രദായത്തിൽ നിലനിന്നിരുന്ന കൊടിയ അഴിമതി കോടികളുടേയും കമ്മീഷൻ പററലും അവസാനിപ്പിക്കാനുതകുന്ന തരത്തിൽ "കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ" രൂപീകരിച്ചിരുന്നു. പുതിയ സർക്കാരിന്റെ കാലത്ത് ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാതിരിക്കുകയാണ്. കമ്മീഷൻ വ്യവസ്ഥ തിരികെ വന്നിരിക്കുന്നു. സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ നിയമനം നടത്തുന്നതിന് ശ്രദ്ധിക്കുന്നതേയില്ല. മെഡിക്കൽ കോളേജുകളിൽ പോലും മരുന്നുകൾ ലഭ്യമല്ലാതായിരിക്കുന്നു. മരുന്ന് കിട്ടാത്തതുകൊണ്ട് മെഡിക്കൽ കോളേജിൽ രോഗി മരിക്കുന്നത് പതിവായിരിക്കുന്നു.

കാര്യങ്ങൾ ഈ വിധമാണെങ്കിലും നമ്മുടെ ആരോഗ്യമന്ത്രി പനി പ്രശ്നങ്ങൾക്ക് കാരണമായി പുതിയൊരു സമവാക്യം കണ്ടെത്തിയിരിക്കുകയാണ്. കേന്ദ്രവിദഗ്ധരുടെ അന്വേഷണത്തിൽ കണ്ടെത്താനായത് പനിമരണത്തിടയാക്കിയവരിൽ ബഹുഭൂരിപക്ഷവും മദ്യപന്മാരായിരുന്നുവെന്നത്രെ! മദ്യപന്മാരുടെ കരളും പാൻക്രിയാസും ആരോഗ്യപൂർണ്ണമല്ലാതിരുന്നതുകൊണ്ടാണത്രെ അവർ മരിക്കുവാനിടയാക്കിയത്. ഈ വിചിത്ര സമവായം പൊതുജനങ്ങളോട് തുറന്നു പറയാൻ സർവ്വഥാ യോഗ്യൻ മററാരുമല്ല, തീർച്ചയായും ആരോഗ്യവകുപ്പ് മന്ത്രി അടൂർ പ്രകാശ് തന്നെയാണ്! കേരളത്തിലെ മദ്യവ്യാപാര രംഗത്ത് അനിഷേധ്യമായ സ്ഥാനമാണല്ലോ അദ്ദേഹത്തിനുള്ളത്. മദ്യവ്യാപാര രംഗത്തു നിന്നൊരു മന്ത്രിയ്ക്ക് തന്റെ അടിത്തറ തന്നെ മറന്നുകൊണ്ട് പൊതുജന താല്പര്യാർത്ഥം ഈയൊരു സത്യം തുറന്നു പറയാൻ ധൈര്യമുണ്ടായത് അദ്ദേഹത്തിന്റെ ത്യാഗ മനോഭാവത്തെയല്ലെ സൂചിപ്പിക്കുന്നത്? വാഴ്ത്തുക, വാഴ്ത്തുക; നിസ്വാർത്ഥമാം ഈ മഹാമനസ്കതയെ

YMCA
വൈ.എം.സി.എ
സുൽത്താൻബത്തേരി
മൈസൂർ റോഡ്, കോട്ടക്കുന്ന്

വൈ.എം.സി.എ സെൻററർ

വിനോദയാത്രകൾക്കു പോകുന്ന വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും താമസിക്കുവാനും വിശ്രമിക്കുവാനും ആവശ്യമായ ഡോർമട്ടറികൾ, മുറികൾ എന്നീ സൗകര്യങ്ങൾ മിതമായ നിരക്കിൽ ഇവിടെ ലഭ്യമാണ്.

ആവശ്യക്കാർ ബന്ധപ്പെടുക.
ഫോൺ: 04936 220816, 9447454848,
8547355010, 9605607143

# എ.കെ.പി.സി.ടി.എ പ്രവർത്തകസമിതി തീരുമാനങ്ങൾ

2011-12 പ്രവർത്തന വർഷത്തിലെ മൂന്നാമത്തെ പ്രവർത്തകസമിതിയോഗം 17-9-2011ന് കോട്ടയത്ത് സി.ഐ.ടി.യു. ജില്ലാകമ്മിറ്റി ഓഫീസ് കോൺഫറൻസ് ഹാളിൽ കൂടുകയുണ്ടായി. പ്രവർത്തകസമിതിയുടെ മുഖ്യ തീരുമാനങ്ങൾ താഴെപ്പറയുന്നവയായിരുന്നു:-

1) സംസ്ഥാന പ്രവർത്തക ക്യാമ്പ് 2011 ഒക്ടോബർ 8, 9 തീയതികളിൽ കോട്ടയം ജില്ലയിലെ ഭരണങ്ങാന ത്തുള്ള ഓശാന മൗണ്ടിൽ വച്ച് നടത്തണം. പ്രവർത്തനരേഖ അവതരിപ്പിച്ച് അംഗങ്ങൾ ചർച്ച ചെയ്യണം. യുജിസി റഗുലേഷൻ, ഉന്നത വിദ്യാഭ്യാസം സംബന്ധിച്ച 12-ാം പദ്ധതി സമീപനരേഖ എന്നിവ ചർച്ച ചെയ്യും. 9-ാം തീയതി സംഘടനാ ചരിത്രനിർമ്മാണവുമായി ബന്ധപ്പെട്ട് മുൻകാല പ്രവർത്തകരേ പങ്കെടുപ്പിക്കണം. ക്യാമ്പുകളിൽ നിന്നും കുറഞ്ഞത് 2 പേരുടെ എങ്കിലും പങ്കാളിത്തമുണ്ടാകണം. രജി.ഫീസ് ഒരംഗത്തിന് 250/-രൂപ.

2) അംഗത്വം - വരിസംഖ്യ പ്രവർത്തക ക്യാമ്പിന് മുമ്പ് പൂർത്തിയാക്കണം.

3) സംസ്ഥാനകമ്മറ്റി ഒക്ടോബർ 1-ാം തീയതി 10 മണിക്ക് തിരുവനന്തപുരത്ത് സംസ്ഥാന കമ്മിറ്റി ഓഫീസിൽ കൂടും.

4) സംഘടനയുടെ കഴിഞ്ഞ 50 വർഷത്തെ ചരിത്രം രചിക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ 1-ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് തിരുവനന്തപുരത്ത് സംസ്ഥാന കമ്മറ്റി ഓഫീസിൽ വച്ച് ജില്ലകളിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള (2 പ്രവർത്തകർ വീതം) പ്രവർത്തകരുടെയും മുൻകാല ഭാരവാഹികളുടെയും യോഗം ചേരണം.

5) 6-ാം യുജിസി ശമ്പള പരിഷ്ക്കരണത്തെ തുടർന്നുള്ള പെൻഷൻ ഫിക്സേഷൻ വ്യവസ്ഥകൾ സംബന്ധിച്ച് ചർച്ചചെയ്യുന്നതിനും മുൻകാല പ്രവർത്തകരെ സംഘടനയുമായി ബന്ധപ്പെടുത്തുന്നതിനും ചരിത്രരചനയുമായി ബന്ധപ്പെട്ട് അവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനുമായി സംസ്ഥാനത്തെ നാലുകേന്ദ്രങ്ങളിലായി (തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, തൃശൂർ) ഒക്ടോബർ 5, 6 തീയതികളിലായി യോഗം വിളിക്കാൻ തീരുമാനിച്ചു.

6) ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ സംഘടനാ നേതാവ് പ്രൊഫ.ചാണ്ടപ്പിള്ളപണിക്കരുടെ ശമ്പള ഫിക്സേഷൻ തടഞ്ഞുവച്ചിരിക്കുന്ന പ്രിൻസിപ്പലിന്റെ നടപടിയിൽ ശക്തമായി പ്രതിഷേധിക്കുവാനും പ്രിൻസിപ്പലിനെയും മാനേജരെയും കണ്ട് പ്രശ്നം പരിഹരിക്കുവാനും നടപടിയെടുക്കണം. പ്രശ്നം പരിഹരിക്കുവാൻ മാനേജ്മെന്റ് കൂട്ടാക്കിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തിന് രൂപം നല്കണം.

7) സി.എസ്.എസ്. പരിഷ്കാരം നടപ്പിലാക്കിയതിനെ തുടർന്ന് ഗ്രേഡിംഗിലൂടെ ഒന്നാം ഡിഗ്രി പ്രോഗ്രാം പൂർത്തിയാക്കി പുറത്തുവരുന്ന വിദ്യാർത്ഥികളുടെ പിജി തല പഠനത്തിനായി വിവിധ സർവ്വകലാശാലകളിൽ ഗ്രേഡിംഗ് തുല്യതാ നിർണ്ണയം സംബന്ധിച്ച മാനദണ്ഡം രൂപപ്പെടുത്തിയെടുക്കുവാനും സർവകലാശാലകളിൽ അവ പ്രാവർത്തികമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുവാൻ സംസ്ഥാന അക്കാഡമിക് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

8) ജില്ലാ വനിതാകമ്മിറ്റികൾ ഒക്ടോബറിൽ യോഗം ചേരണം. തനതായ പ്രവർത്തന പരിപാടികൾക്ക് രൂപം നല്കണം. ജില്ലാതല വനിതാകൺവെൻഷനുകൾ ജനുവരിയിലും സംസ്ഥാന വനിതാകൺവെൻഷൻ ഫെബ്രുവരി ആദ്യവാരത്തിൽ കോട്ടയത്തു നടത്തണം.

9) സംഘടനയുടെ ഭരണഘടനയുടെ ഓരോ കോപ്പി വീതം എല്ലാ ബ്രാഞ്ചുകൾക്കും ലഭ്യമാക്കണം.

10) ഐഫക്ടോ ആഹ്വാനം ചെയ്ത അവകാശദിനാചരണം സംയുക്ത സമിതിയിൽ ആലോചിച്ച് താമസംവിനാ നടത്തണം.

11) സംസ്ഥാനകൗൺസിൽ 15-10-2011ന് എറണാകുളത്ത് ചേരണം.

12) പെൻഷൻ ഫിക്സേഷൻ, അഡ്വാൻസ് ഇൻക്രിമെന്റ്, പുതുതായി നിയമിക്കപ്പെട്ട് സർവകലാശാല അംഗീകാരം ലഭിച്ച അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവച്ചിരിക്കുന്നത്, മറ്റ് സർവ്വീസ് പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് കോളജ് വിദ്യാഭ്യാസ ഡയറക്ടറുമായി ഉടൻ ചർച്ച നടത്തണം.

13) 2005 ലെ സർവകലാശാല, നിയമഭേദഗതിയുടെ മറപിടിച്ചുകൊണ്ട് സർവകലാശാലകളുടെ അവകാശങ്ങളുടെ മേൽ ഉദ്യോഗസ്ഥതലത്തിൽ നിയന്ത്രണങ്ങളുണ്ടാകുകയും സർവകലാശാലകളുടെ അക്കാഡമിക അവകാശം പരിമിതപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യം കോടതിയിൽ ചോദ്യം ചെയ്യുന്നതിനുള്ള സാദ്ധ്യത നിയമജ്ഞരുമായി ചർച്ച ചെയ്യണം.

14) എല്ലാ ബ്രാഞ്ചുകളും ഒക്ടോബർ മാസത്തോടെ ബ്രാഞ്ച് സന്ദർശന പരിപാടി പൂർത്തിയാക്കണം. പ്രവർത്തകയോഗത്തിൽ ഇതു സംബന്ധിച്ച് ജില്ലാ സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്യണം.

15) എഞ്ചിനീയറിംഗ് സബ് കമ്മിറ്റി അടിയന്തിരമായി യോഗം ചേർന്ന് ആ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യണം.

16) സംഘടനയുടെ ലൈബ്രറിയിലേക്ക് അംഗങ്ങൾ പുസ്തകം സംഭാവന ചെയ്യുന്നത് ഊർജ്ജിതപ്പെടുത്തണം. പ്രവർത്തക ക്യാമ്പിൽ ഇതിനായി ഒരു കൗണ്ടർ പ്രവർത്തിക്കേണ്ടതാണ്



# ഭക്ഷ്യസുരക്ഷ ഒരു മരീചിക?

**Dr. K. Krishnadas**
*S S College, Kalady*



## ഒക്ടോബർ 16 ലോക ഭക്ഷ്യ സുരക്ഷാദിനം

ആഹാരത്തിനുള്ള അവകാശം മനുഷ്യന്റെ മൗലികാവകാശമായി ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കമ്മിഷൻ അംഗീകരിച്ചിട്ടുള്ളതാണ്. ഐക്യരാഷ്ട്ര സഭ കൂടാതെ ലോകത്തിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലേയും ഭരണഘടന വിഭാവനം ചെയ്യുന്ന പ്രാഥമികമായ മൗലികാവകാശമാണ് മനുഷ്യസമൂഹത്തിന് ആവശ്യമായ ഭക്ഷണവും ജലവും വായുവും ലഭിക്കുക എന്നത്. 1944 ൽ അനുഭവപ്പെട്ട ലോകസാമ്പത്തികമാന്ദ്യത്തിന്റെ പരിണതഫലമായി പൊട്ടിപ്പുറപ്പെട്ട രണ്ടാം ലോകമഹായുദ്ധത്തോടു കൂടി ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനവും വിതരണവും കാര്യമായ തോതിൽ തടസ്സപ്പെട്ടു. തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊടിയ ഭക്ഷ്യക്ഷാമം അനുഭവപ്പെടുകയും ലക്ഷക്കണക്കിന് മനുഷ്യർ വിശന്ന് മരിക്കുകയും ചെയ്തു. ഇൻഡ്യ അടക്കമുള്ള ജനസംഖ്യ കൂടിയ രാജ്യങ്ങളിൽ ഭക്ഷ്യക്ഷാമം അതിരൂക്ഷമായിരുന്നു. തുടർന്ന് ബംഗാളിൽ ഉണ്ടായ കൊടിയ ക്ഷാമത്തെത്തുടർന്ന് 30 ലക്ഷത്തോളം ജനങ്ങൾ വിശന്നു മരിച്ചു. പോഷകാഹാരക്കുറവു മൂലം മഹാമാരികളിൽപ്പെട്ട് വലഞ്ഞവരുടെ എണ്ണം ഇതിൽ എത്രയോ കൂടുതലായിരുന്നു.

ലോകത്ത് ഉൽപാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് പരിശോധിച്ചാൽ ഭൂമുഖത്ത് അധിവസിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും ഒരു ദിവസം ഒരു നേരമെങ്കിലും വയറുനിറയെ ഭക്ഷിക്കുവാൻ സാധിക്കും. പക്ഷേ ഐക്യരാഷ്ട്രസഭയുടെ ലോക ഭക്ഷ്യകാര്യ സംഘടന (എഅഛ) യുടെ കണക്ക് പ്രകാരം 2009 ൽ ലോകത്തിൽ ഒരുനേരമെങ്കിലും ഭക്ഷണം ലഭിക്കാതെ കൊടുംപട്ടിണിയിൽ കഴിയുന്ന ജനസംഖ്യ 1020 ദശലക്ഷമാണ് (102 കോടി). ലോകത്ത് അധിവസിക്കുന്ന ജനസംഖ്യയുടെ ആറിൽ ഒരു ഭാഗം മിക്കവാറും എല്ലാ ദിവസവും കൊടുംപട്ടിണിയിലാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 2008 ലെ സാമ്പത്തിക മാന്ദ്യം, ഭക്ഷ്യധാന്യങ്ങളുടെ അനിയന്ത്രിതമായ വിലവർദ്ധനവ് എന്നീ പ്രവണതകൾ ഭക്ഷ്യക്ഷാമത്തിന്റെയും പട്ടിണിയുടെയും കണക്കുകൾ വർദ്ധിപ്പിക്കുവാനേ സാധ്യതയുള്ളൂ എന്ന് ലോക ഭക്ഷ്യകാര്യ സംഘടനയുടെ ഡയറക്ടർ ജനറൽ ജാക്വോസ് ഡോഫ് (ഖമരൂൗലെ ഉശീൗള) മുന്നറിയിപ്പ് നൽകുന്നു. 1995-97 ൽ ലോകത്ത് ഒരു നേരമെങ്കിലും ആഹാരമില്ലാത്തവരുടെ എണ്ണം 825 ദശലക്ഷത്തിൽ നിന്ന് 2000-02 ൽ 857 ദശലക്ഷവും 2004-06 ൽ 873 ദശലക്ഷവുമായി വർദ്ധിച്ചു വരുന്നതായി സൂചിപ്പിക്കുന്നു. ലോക ഭക്ഷ്യകാര്യ സംഘടനയുടെ ശ്രമഫലമായി ഓരോ വർഷവും 6 ദശലക്ഷം ജനങ്ങളെ പട്ടിണിവിമുക്തമാക്കുവാൻ സാധിക്കുന്നുള്ളൂ.

ഭക്ഷ്യസുരക്ഷ എന്നാൽ ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും അത് പണം കൊടുത്ത് വാങ്ങിക്കുവാനുള്ള ധനപരമായ കഴിവുമാണ്. ലോകത്ത് അമിതമായ ഭക്ഷണം കഴിച്ച് പൊണ്ണത്തടിയൻമാരായി 1 ബില്യൻ ജനങ്ങൾ വിലസുമ്പോഴാണ് അത്രതന്നെ ജനങ്ങൾ പട്ടിണിയു

ടെ കൊടുംപിടിയിൽ കഴിയുന്നത് എന്നത് വിരോധാഭാസം. കമ്പോളങ്ങളിൽ നിന്ന് വർദ്ധിച്ച വിലകൊടുത്ത് ഭക്ഷണം വാങ്ങിക്കുവാൻ നിവൃത്തിയില്ലാതെ ഭക്ഷ്യക്ഷാമം വ്യാപകമാകുന്നു. ഭക്ഷ്യക്ഷാമം മിക്കവാറും ലോകത്തിലെ വികസിത-വികസ്വരൃഅവികസിത രാജ്യങ്ങളെയെല്ലാം തന്നെ തുറിച്ചു നോക്കുന്നു. വ്യവസായവൽകൃത രാജ്യങ്ങളിലും ഭക്ഷ്യക്ഷാമം ബാധിക്കുന്നു. ലോകത്തിലെ അതീവ ഗുരുതരമായ ഭക്ഷ്യക്കമ്മി നേരിടുന്ന 36 രാജ്യങ്ങളിൽ 21 ഉം ആഫ്രിക്കൻ ഭൂഖണ്ഡത്തിലാണ്. ഘാന, കെനിയ, ഛാഡ്, സിംബാബ്വേ, എത്യോപ്യ, മംഗോളിയ തുടങ്ങിയ രാജ്യങ്ങളെല്ലാം ഈ പട്ടികയിൽ പെടുന്നു. കൊടുംപട്ടിണി മൂലം ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് പൊഷകാഹാരക്കുറവ് അനുഭവപ്പെടുന്നു. യൂണിസെഫിന്റെ റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും കൂടുതൽ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന കുട്ടികൾ ഇൻഡ്യയിലാണ്. ഓരോ വർഷവും 5 വയസ്സിനു താഴെയുള്ള 21 ലക്ഷം കുട്ടികളാണ് പോഷകാഹാരക്കുറവ് മൂലമുള്ള വയറുകടി, ടൈഫോയിഡ്, മലേറിയ, അഞ്ചാംപനി, ന്യുമോണിയ തുടങ്ങിയ രോഗങ്ങൾ ബാധിച്ച് മരിക്കുന്നത്. നഗരപ്രദേശങ്ങളിലെ കുട്ടികളുടെ എണ്ണത്തിന്റെ ഇരട്ടിയാണ് ഗ്രാമപ്രദേശങ്ങളിലെ കുട്ടികളുടെ പോഷകാഹാരക്കുറവ് മൂലമുള്ള ഭാരക്കുറവ്. ഇൻഡ്യയുടെ വളർച്ചാനിരക്ക് (ജി.ഡി.പി. ഗ്രോത്ത് റേറ്റ്) വർദ്ധിക്കുന്നു എങ്കിലും പോഷകാഹാരക്കുറവ് ബാധിച്ച് മരിക്കുന്ന കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. ഏഷ്യയിലെ ഏറ്റവും കൂടുതൽ വളർച്ചാനിരക്കുള്ള രാജ്യമായ ചൈനയിൽ 5 വയസ്സിനു താഴെയുള്ള 7 ശതമാനം കുട്ടികളും പോഷകാഹാരക്കുറവുമൂലമുണ്ടാകുന്ന രോഗങ്ങളാൽ വിഷമിക്കുന്നു. എന്നാൽ ഇൻഡ്യയിൽ 5 വയസ്സിനു താഴെ പ്രായമുള്ള 42.5 ശതമാനം കുട്ടികളിലും പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നുണ്ട്. ഭക്ഷ്യ സ്വയംപര്യാപ്തയുടെ സൂചകം (ഗ്ലോബൽ ഹംഗർ ഇൻഡക്സ്) കാണിക്കുന്നത് ഇൻഡ്യയിലെ ജാർഖണ്ട് മധ്യപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങൾ ഭക്ഷ്യക്ഷാമം രൂക്ഷമായ സിംബാബ്വേ, ഛാഡ്, ഹെയ്തി തുടങ്ങിയ രാജ്യങ്ങൾക്ക് സമാനമാണ്. ഇൻഡ്യയിൽ 2002-07 വർഷങ്ങളിൽ ഭക്ഷ്യധാന്യ ഉൽപാദന വർദ്ധനവിന്റെ തോതായ 1.5 ശതമാനത്തിൽ താഴെ ഭക്ഷ്യോൽപാദനം കുറയുന്നത് ഇൻഡ്യ പോലുള്ള രാജ്യങ്ങൾക്ക് ഒരിക്കലും ആശാസ്യമല്ല. ആളോഹരി ഭക്ഷണത്തിന്റെ തോത് 1972 ൽ 171.1 കിലോഗ്രാമിൽ നിന്നും 2006 ആയപ്പോൾ 162.5 കിലോഗ്രാമായി കുറയുന്നത് അതീവ ഗുരുതരമാണ്.

മനുഷ്യസമൂഹം രണ്ടുതരം ആൾക്കാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. വിശപ്പിനെക്കാൾ ആഹാരം കഴിക്കുന്നവർ, ആഹാരം ഇല്ലാതെ വിശന്നു വലയുന്നവർ സോബാസ്റ്റ്യൻ റോക്ക് നിക്കോളാസ് സിചംഫോർട്ടിന്റെ വാക്കുകൾ ലോകത്തിലെ ഭക്ഷ്യപരമായ അന്തരം സൂചിപ്പിക്കുന്നു. വിശപ്പ് എന്നത്തേക്കാളും കൂടിയിരിക്കുന്നു. ലോകസമൂഹം വികസനത്തിന്റെ പുതിയ ഗാഥകൾ രചിക്കുമ്പോൾ വിശന്നു വലയുന്ന ജനതതി വർദ്ധിക്കുന്നു. കഴിഞ്ഞ ദശാബ്ദത്തിൽ ലോകത്തിൽ ഏറ്റവുംകൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉൽപാദിപ്പിക്കപ്പെട്ടെങ്കിലും ഇവയെല്ലാം മനുഷ്യർ കൂടുതൽ ലാഭം തരുന്ന ജൈവഇന്ധനത്തിന്റെ നിർമ്മാണത്തിനുപയോഗിച്ചു എന്നതാണ് വസ്തുത. ഇത്തരം പ്രവണതകൾ ഇനിയും ഭക്ഷ്യധാന്യത്തിന്റെ വില ക്രമാതീതമായി വർദ്ധിപ്പിക്കുമെന്ന് ഗ്രേയിൻസ് എന്ന സംഘടന അഭിപ്രായപ്പെടുന്നു.

ബിസിനസ്സ് ഔട്ട്സോഴ്സിങ്ങ് എന്നത് കൃഷിമേഖലയിലും നടപ്പാക്കുന്നത് ബഹുരാഷ്ട്ര ഭീമൻമാരുടെ കച്ചവടക്കണ്ണ് മാത്രമാണ്. ഇത്തരം ബഹുരാഷ്ട്രക്കമ്പനികൾ ഫിലിപ്പൈൻസ്, ലാവോസ്, കാമറൂൺ, സുഡാൻ, മംഗോളിയ, എത്യോപ്യ തുടങ്ങിയ രാജ്യങ്ങളിൽ കൃഷി ചെയ്യുന്ന ഗോതമ്പ്, ചോളം, എണ്ണപ്പന എന്നിവ ജൈവഇന്ധനനിർമ്മാണത്തിന് ഉപയോഗിക്കുന്നു. മനുഷ്യന്റെ വിശപ്പ് ഇല്ലാതാക്കുന്നതിലും എത്രയോ ലാഭകരമാണ് ജൈവഇന്ധന നിർമ്മാണം !! പുരോഗതിയെ തുരങ്കം വെയ്ക്കുന്ന പ്രധാന പ്രശ്നം വിളപ്പിന്റെ വിളി തന്നെയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ പോഷകാഹാരക്കുറവുള്ള ജനങ്ങൾ ഏഷ്യപെസഫിക്കിലും സബ്സഹാറൻ ആഫ്രിക്കയിലുമായി 750 ദശലക്ഷം ജനങ്ങളാണ്. ലോകത്തിൽ വിശന്നു വലയുന്ന ജനങ്ങളുടെ 89 ശതമാനവും ഈ രണ്ടു ഭൂഖണ്ഡങ്ങളിലാണ്. ഏഷ്യയിലെ 41 ദശലക്ഷം ജനങ്ങളും ആഫ്രിക്കയിലെ 24 ദശലക്ഷം ജനങ്ങളും ഇനിയും വിശപ്പിന്റെ പിടിയിലാകുമെന്ന് ലോക ഭക്ഷ്യകാര്യ സംഘടന മുന്നറിയിപ്പ് നൽകുന്നു. ആഫ്രിക്ക-ഏഷ്യയിലെ നാലിൽ മൂന്ന് രാജ്യങ്ങളും ആളോഹരി വരുമാനം ഏറ്റവും കുറവുള്ള രാജ്യങ്ങളാണ്. ആഫ്രിക്കയിലെ 16 രാജ്യങ്ങളിൽ പട്ടിണിക്കാരുടെ എണ്ണം മൊത്തം ജനസംഖ്യയുടെ 35 ശതമാനത്തിലധികമാണ്. ഇതിനു കാരണം പ്രധാനമായും ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവ് മാത്രമാണ്. അമേരിക്കൻ കൃഷിവകുപ്പിന്റെ കണക്കുപ്രകാരം 2100 കലോറി ഊർജത്തിൽ കുറവുള്ള ജനങ്ങളുടെ എണ്ണം 133 ദശലക്ഷമാണ്. ഇത് 70 രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്നു.

## ഭക്ഷ്യധാന്യങ്ങളുടെ വിലവർദ്ധനവ്

2006-07 കാലഘട്ടത്തിൽ ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ വൻ വർദ്ധനവ് ഉണ്ടായതായി കാണുന്നു. 2002 അടിസ്ഥാന വർഷമായി കണക്കാക്കപ്പെടുമ്പോൾ 2009 ലെ വിലവർദ്ധനവ് നൂറ് ശതമാനമാണ്. 2006, 2007, 2008 വർഷങ്ങളിൽ അരി, ഗോതമ്പ്, ചോളം, ആട്ട, എണ്ണ, സൂര്യകാന്തി എണ്ണ എന്നിവയുടെ വിലവർദ്ധനവ് 64 ശതമാനമാണ്. ഈ കാലഘട്ടത്തിന് മുമ്പ് 1944 കളിലും 1970 കളിലും മാത്രമാണ് ഇത്രയധികം വിലവർദ്ധനവ് അനുഭവപ്പെട്ടത്. ഉൽപാദനച്ചെലവിൽ ഉണ്ടായിരിക്കുന്ന വൻ വർദ്ധനവും ഉല്പാദന-വിതരണ ഘടകങ്ങളുമാണ് ഭക്ഷ്യധാന്യ വിലയെ സാരമായി ബാധിക്കുന്നത്. ഭക്ഷ്യധാന്യങ്ങളുടെ ആവശ്യവും വിനിയോഗവും ഉൽപാദന ഘടകങ്ങളും വിപരീത ദിശയിൽ സഞ്ചരിക്കുന്നതാണ് വിലവർദ്ധനവിന്റെ യഥാർത്ഥ കാരണം.

ലോക വ്യാപാര സംഘടനയുടെ നിയന്ത്രണങ്ങൾ പ്രധാനമായും ചെറുകിട നാമമാത്ര കർഷകരുടെ കൃഷിച്ചെലവുകൾ വർദ്ധിപ്പിക്കുകയും ഉൽപന്നങ്ങൾക്ക് വില ലഭിക്കുകയും ചെയ്തില്ല. ഇൻഡ്യയുൾപ്പെടെയുള്ള മൂന്നാംലോക രാജ്യങ്ങളിൽ കർഷകരുടെ ആത്മഹത്യ നിത്യസംഭവമായിരിക്കുന്നു. ഇൻഡ്യയിൽ മാത്രം 1,36,000 കർഷകർ ജീവനൊടുക്കിയതായിട്ടാണ് ക്രൈം റിക്കോർഡ്സ് ബ്യൂറോ പറയുന്നത്. 1960-70 ഹരിതവിപ്ലവത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ച കർഷകരെ കർമ്മനിരതരാക്കുന്നതി

നായി മൂന്നാം ലോകരാജ്യങ്ങൾക്ക് ധനസഹായവും, സാങ്കേതികവിദ്യ, വളം, വിത്ത്, കീടനാശിനികൾ എന്നിവ വികസിത രാജ്യങ്ങൾ യാതൊരു ലോപവുമില്ലാതെ നൽകി സഹായിച്ചിരുന്നു. 1990 കളുടെ ആദ്യം വരെ ഈ പ്രക്രിയ തുടർന്നു.എന്നാൽ ലോകവ്യാപാര സംഘടനയുടെ ഗാട്ട് കരാറിൽ ഇൻഡ്യ ഉൾപ്പെട്ട 122 രാജ്യങ്ങൾ അംഗങ്ങളായപ്പോൾ കൃഷിയുമായി ബന്ധപ്പെട്ട കരാറിന്റെ (Agreement on Agriculture AAO) നിർദ്ദേശങ്ങൾ പാലിക്കേണ്ടതായി വന്നു. കൃഷി ആവശ്യത്തിനുള്ള സബ്സിഡികൾ - രാസവളം, വൈദ്യുതി തുടങ്ങിയ സബ്സിഡികൾ വട്ടിക്കുറച്ചു. കാർഷിക ഗവേഷണ ചെലവുകൾ വെട്ടിക്കുറച്ചു. കാർഷിക തീരുവകളിൽ ഇറക്കുമതി ചുങ്കം എടുത്തുകളഞ്ഞു. വിത്തുകളും സാങ്കേതികവിദ്യയും പേറ്റന്റ് ചെയ്യപ്പെട്ടതോടുകൂടി കൃഷിയുടെ ചെലവ് എല്ലാ സീമകളെയും ലംഘിച്ചു. എന്നാൽ മോൺസാന്റോ തുടങ്ങിയ ബഹുരാഷ്ട്ര ഭീമന്മാർ ഈ മേഖലയിലെ ഉൽപാദനം ഏറ്റെടുത്തു. അമേരിക്ക ആ രാജ്യത്തെ ജനസംഖ്യയുടെ കേവലം 20 ശതമാനം വരുന്ന 24 ലക്ഷം കർഷകർക്കായി 33 ബില്യൻ ഡോളർ സബ്സിഡിയായി നൽകുമ്പോൾ ഇൻഡ്യയിലെ 65 കോടി കർഷകർക്ക് കേവലം 1 ബില്യൻ ഡോളർ മാത്രമാണ് സബ്സിഡിയിനത്തിൽ ലഭിക്കുന്നത്. കർഷകർക്ക് നൽകുന്ന സബ്സിഡികൾ മൂന്നായി തരംതിരിച്ച് ബ്ലൂ ബോക്സ്, ഗ്രീൻ ബോക്സ്, ആംബർ ബോക്സ് എന്ന് തരംതിരിച്ച് വെട്ടിക്കുറയ്ക്കുന്ന അമേരിക്കൻ തന്ത്രം നമ്മുടെ കർഷകരുടെ നട്ടെല്ല് ഒടിച്ചു.

## ധാന്യശേഖരത്തിലുള്ള കുറവ്

ലോകത്തിലെ വൻകിട ഭക്ഷ്യധാന്യ ഉൽപാദകരായ ഇൻഡ്യ, ചൈന, യൂറോപ്പ്, അമേരിക്ക തുടങ്ങിയ പ്രദേശങ്ങളിലെ കർഷകനയത്തിലുള്ള മാറ്റം നിമിത്തം ഭക്ഷ്യഉൽപന്നങ്ങളുടെ സംഭരണത്തിൽ കാര്യമായ കുറവുണ്ടായി. ഹരിതവിപ്ലവത്തിന്റെ ഫലമായി നമ്മുടെ രാജ്യത്തെ നിറഞ്ഞുകവിഞ്ഞ ഭക്ഷ്യധാന്യ അറകൾ ശൂന്യമായി. 2007-08 കാലഘട്ടത്തിൽ നാം 19.4 ശതമാനം ഭക്ഷ്യധാന്യങ്ങളാണ് ശേഖരിച്ച് സൂക്ഷിച്ചത്. ഇത് കഴിഞ്ഞ മൂന്ന് ദശാബ്ദത്തിൻ ഏറ്റവും കുറഞ്ഞ നിരക്കിലാണ്. ഭക്ഷ്യധാന്യ ശേഖരത്തിലുണ്ടായ കുറവ് ഇവയുടെ വില വർദ്ധനവിന് കാരണമായി. ശേഖരണത്തിലുണ്ടാകുന്ന കുറവ് ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ വൻവർദ്ധനവ് ഉണ്ടാക്കുക സ്വാഭാവികമാണ്. ഉൽപാദനത്തിലുണ്ടാകുന്ന വീഴ്ചകൾ ഭാവിയിൽ ധാന്യങ്ങളുടെ ആവശ്യത്തിൽ വൻ വർദ്ധനവുണ്ടാക്കും.

## കാലാവസ്ഥാ വ്യതിയാനം

2005-07 വർഷങ്ങളിൽ ലോകത്താകെ സംഭവിച്ച വെള്ളപ്പൊക്കം, വരൾച്ച, അതിശൈത്യം, കൊടുങ്കാറ്റ് എന്നീ പ്രകൃതി ദുരന്തങ്ങൾ മൂലം ഭക്ഷ്യധാന്യ ഉൽപാദനത്തിൽ 3.6 ശതമാനം ഇടിവുണ്ടായി. 2006 ൽ ഉൽപാദനമാന്ദ്യം 6.9 ശതമാനമായി വർദ്ധിച്ചു. ഒരു പരിധി വരെ ഭക്ഷ്യധാന്യശേഖരത്തിലുണ്ടായിരിക്കുന്ന കുറവ് പ്രധാനമായും കാലാവസ്ഥ വ്യതിയാനത്തിൽ നിന്നുണ്ടായ ഉൽപാദനമാന്ദ്യമാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സംഭവിച്ച കാലാവസ്ഥ വ്യതിയാനം ലോകഭക്ഷ്യ സുരക്ഷയ്ക്ക് വൻ ഭീഷണി ഉയർത്തുന്നു. ലോക സാമ്പത്തികമാന്ദ്യത്തിനൊപ്പം തന്നെ കാലാവസ്ഥ വ്യതിയാനം കൂടി സംഭവിക്കുമ്പോൾ സഹാറൻ ആഫ്രിക്ക, ഏഷ്യ പെസഫിക്, കരീബിയൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങൾ, കിഴക്ക് വടക്കേ ആഫ്രിക്ക എന്നിവിടങ്ങളിലെല്ലാം തന്നെ ഭക്ഷ്യസുരക്ഷയ്ക്ക് വെല്ലുവിളി ഉയർത്തുന്നു. ലോക ഭക്ഷ്യ സംഘടയുടെ കണക്ക് പ്രകാരം ലോകത്തിലെ 11 ശതമാനം ജനങ്ങൾ കൂടി ഭക്ഷ്യക്ഷാമത്തിന്റെ നീരാളിപ്പിടുത്തത്തിലമരാൻ സാധ്യതയുണ്ട് എന്ന് മുന്നറിയിപ്പ് നൽകുന്നു. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലാവസ്ഥ വ്യതിയാനം ഭക്ഷ്യധാന്യ ഉൽപാദനത്തിൽ 50 ശതമാനം കുറവ് വരുത്തുവാൻ ശേഷിയുണ്ടെന്ന് കൃഷി ശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

ആഫ്രിക്കയിൽ ഉണ്ടായിരിക്കുന്ന വരൾച്ച അവിടുത്തെ ഭക്ഷ്യധാന്യ ഉൽപാദനത്തിന്റെ 60 ശതമാനം കുറയുവാൻ കാരണമായി ചൂണ്ടിക്കാണിക്കുന്നു. ബംഗ്ലാദേശിലെ ചുഴലിക്കാറ്റ് ആ രാജ്യത്തെ ഭക്ഷ്യ ഉൽപാദനം, പ്രത്യേകിച്ച് അരി ഉൽപാദനം കുറയുവാൻ കാരണമായി. 1996 നും 2003 നും ഇടയ്ക്ക് ലോക ധാന്യ ഉൽപാദനം 1800 ദശലക്ഷം ടണ്ണായിരുന്നു. എന്നാൽ 2000 മുതൽ 2003 വരെ ഭക്ഷ്യധാന്യ ഉൽപാദനത്തിൽ 93 ദശലക്ഷം ടൺ കുറവ് വന്നു. ലോകത്തിലെ അന്തരീക്ഷ ഊഷ്മാവ് 1970 നു ശേഷം ഉയർന്നു വരുന്നു. 1970-2009 നു മദ്ധ്യേ 15 വർഷങ്ങളിൽ അതികഠിനമായ ചൂട് അനുഭവപ്പെട്ടു. ഇതുമൂലം ഇൻഡ്യ, അമേരിക്ക ഉൾപ്പെടെയുള്ള ലോകരാജ്യങ്ങളിൽ വരൾച്ച മൂലം ധാന്യ ഉൽപാദനം കുറഞ്ഞു. കാലാവസ്ഥ വ്യതിയാനം കീടങ്ങളുടെ ആക്രമണം വർദ്ധിപ്പിക്കുന്നു, മണ്ണിന്റെ വളക്കൂറിനെ ബാധിക്കുന്നു, കളകളുടെ വർദ്ധനവ്, ഭൂഗർഭ ജലശേഖരത്തിന്റെ അളവ് എന്നീ ഘടകങ്ങളെ ബാധിക്കുന്നു. സെപ്റ്റോറിയ തുടങ്ങിയ ഫംഗൽ രോഗങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നു. ഊഷ്മാവിൽ ഒരുഡിഗ്രി സെന്റിഗ്രേഡ് മുതൽ അഞ്ച് ഡിഗ്രി സെന്റിഗ്രേഡ് വരെയുള്ള വർദ്ധനവ് ആകെ ലഭ്യമായ മഴയുടെ 20 ശതമാനം വരെ കുറവ് വരുത്തുവാൻ ഇടയാക്കുന്നു. അന്തരീക്ഷ ഊഷ്മാവിലുള്ള വർദ്ധനവ് സമുദ്ര ജലനിരപ്പ് വൻതോതിൽ ഉയരുന്നതിനും അതുവഴി ഇൻഡ്യ, ബംഗ്ലാദേശ്, വിയറ്റ്നാം തുടങ്ങിയ ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കാലാവസ്ഥ നിരീക്ഷകർ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. സമുദ്രജല നിരപ്പ് 1 അടി ഉയർന്നാൽ മേൽപ്പറഞ്ഞ രാജ്യങ്ങളിലെ ഭൂരിഭാഗം നെല്ലുൽപാദന മേഖലകളിലും വെള്ളപ്പൊക്കം മൂലം കൃഷി ഉപേക്ഷിക്കേണ്ടി വരും.

ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥ നിരീക്ഷണ റിപ്പോർട്ടു പ്രകാരം ഗംഗ, ബ്രഹ്മപുത്ര, യാങ്ങ്സെ,, മെക്കോങ്ങ് തുടങ്ങിയ മഹാനദികളിൽ വൻപിച്ച വെള്ളപ്പൊക്ക സാധ്യതയാണ് ഉള്ളത്. ഇൻഡ്യ, ചൈനന, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, മ്യാൻമാർ തുടങ്ങിയ രാജ്യങ്ങളിൽ അന്തരീക്ഷ ഊഷ്മാവിന്റെ വർദ്ധനവ് മൂലം വെള്ളപ്പൊക്കവും, കടുത്ത വരൾച്ചയും അനുഭവപ്പെടുന്നു. ഇൻഡ്യയിൽ മാത്രമായി ഗംഗാനദിയെ ആശ്രയിച്ച് 50 കോടിയിലധികം ജനങ്ങൾ കൃഷിയ്ക്കും കുടിവെള്ളത്തിനുമായി ഉപയോഗിക്കുന്നു.

ഇൻഡ്യയിൽ 2009 ൽ അനുഭവപ്പെടുന്ന കടുത്ത വരൾച്ച മൂലം 45 ശതമാനം ജില്ലകളിലും കൃഷി പിഴച്ചിട്ടുണ്ട്. മഴയുടെ വൻപിച്ച കുറവ് കർഷകർക്ക് ജലസേചന, വൈദ്യുതി പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു. ഇപ്പോൾ കൃഷിയിറക്കിയിട്ടുള്ളത് 86,756 ദശലക്ഷം ഹെക്ടറിൽ മാത്രമാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 19 ശതമാനം കുറവാണ്.

ഇൻഡ്യയിലെ വരൾച്ച മൂലം അരിയുൽപാദനത്തിൽ 10 ദശലക്ഷം ടൺ കുറവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കരിമ്പ്, പയറുവർഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 10-15 ശതമാനം ഉൽപാദനക്കുറവുണ്ടാകും. ബീഹാറിലെ 28 ജില്ലകളിൽ 26 ഉം വരൾച്ചയുടെ പിടിയിലാണ്. കഴിഞ്ഞ വർഷം (2008) 950 മില്ലിമീറ്റർ മഴ ലഭിച്ചപ്പോൾ ഈ വർഷം 350 മില്ലിമീറ്റർ മഴ മാത്രമേ ലഭിച്ചിട്ടുള്ളൂ. ലോക കമ്പോളത്തിൽ പഞ്ചസാരയുടെ വിലയിൽ വൻ വർദ്ധനവ് അനുഭവപ്പെട്ടു കഴിഞ്ഞു. ഇൻഡ്യയിൽ കരിമ്പു കൃഷിക്ക് നാശം സംഭവിച്ച സാഹചര്യത്തിൽ ഇറക്കുമതി മാത്രമേ പോംവഴിയുള്ളൂ. ലോക പഞ്ചസാര മാർക്കറ്റിൽ ഇപ്പോൾ തന്നെ 50 ശതമാനം വില വർദ്ധനവ് അനുഭവപ്പെട്ടു കഴിഞ്ഞു. കേന്ദ്ര ജലക്കമ്മിഷന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയിലെ 81 പ്രധാന അണക്കെട്ടുകളിലെ ജലനിരപ്പ് കഴിഞ്ഞ പത്തു വർഷത്തെ ശരാശരി ജലവിതാനത്തിനെ അപേക്ഷിച്ച് 50 ശതമാനം കുറവാണ്.

എണ്ണയുടെ വിലവർദ്ധനവ് കൃഷിയുടെ ഉൽപാദനച്ചെലവ് വർദ്ധിക്കുന്നതിന് കാരണമാണ്. റോയിട്ടേസ് എനർജി ഇൻഡക്സ് പ്രകാരം പെട്രോളിയം ഉൽപന്നങ്ങളുടെ വിലയിൽ മൂന്നിരട്ടിയിലധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഉയർന്ന വിലയ്ക്ക് കീടനാശിനികൾ, രാസവളം എന്നിവയുടെ വിലയുമായി വളരെയധികം ബന്ധം ഉണ്ട്. ഇവയെല്ലാം പ്രധാനമായും ഉൽപാദിപ്പിക്കുന്നത് പെട്രോളിയം ഉൽപന്നങ്ങളിൽ നിന്നാണ്. എണ്ണയുൽപ്പന്നങ്ങളുടെ വിലവർദ്ധനവ് മൂലം അധിക വിദേശനാണ്യം നഷ്ടപ്പെടാതിരിക്കാൻ അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ അവരുടെ ഭക്ഷ്യധാന്യ ഉൽപാദനത്തിന്റെ ഏറിയപങ്കും ജൈവഇന്ധന നിർമ്മാണത്തിനു വേണ്ടിയാണ്. ഫോസിൽ ഇന്ധനങ്ങളുടെ വിലവർദ്ധനവ് ജൈവ ഇന്ധനങ്ങളിലേക്കുള്ള മാറ്റത്തിന് ഒരു രാസത്വരകമായി തീർന്നു.

അമേരിക്കയുടെ ധാന്യഉൽപാദനത്തിന്റെ 11.9 ശതമാനം (27.1 ദശലക്ഷം ടൺ) 2002-03 കാലയളവിൽ ഉൽപാദിപ്പിക്കുന്നതിനായി ഉപയോഗിച്ചു (ഡടഉഅ). 2007-08 വർഷത്തിൽ മൊത്ത ഉൽപാദനത്തിന്റെ 24.6 ശതമാനം അഥവാ 81.6 ദശലക്ഷം ടൺ ജൈവഇന്ധന നിർമ്മാണത്തിനുപയോഗിച്ചു. 2008-09 ൽ ഇത്തരത്തിലുള്ള ഉപയോഗം 32.8 ശതമാനം അഥവാ 108.9 ദശലക്ഷം ടണ്ണായി വർദ്ധിച്ചിരിക്കുന്നു. ലോകത്തിലെ മൊത്തം ഭക്ഷ്യധാന്യ ഉൽപാദനത്തിന്റെ 15.4 ശതമാനമാണ് ഇത്തരത്തിൽ ഉപയോഗിച്ചത് എന്നറിയുമ്പോൾ വിശന്നു വലയുന്നവരുടെ എണ്ണത്തിൽ വൻവർദ്ധനവുണ്ടാകാതെ തരമില്ല. അമേരിക്ക മാത്രം ജൈവഇൻധനത്തിനുപയോഗിക്കുന്ന ഭക്ഷ്യധാന്യമുണ്ടെങ്കിൽ ലോകത്തിൽ അധിവസിക്കുന്ന ജനങ്ങൾക്ക് ഒരു വർഷം 12.4 കിലോഗ്രാം ഭക്ഷ്യധാന്യം അധികമായി ലഭിക്കുമായിരുന്നു ! ഇപ്പോൾ ലഭിക്കുന്നതിന്റെ 10 ശതമാനത്തിലധികം വർദ്ധനവ് ഇപ്രകാരം ലഭിക്കുമായിരുന്നു.

ലോകജനസംഖ്യയുടെ മൂന്നിൽ ഒന്ന് വരുന്ന ചൈന, ഇൻഡ്യ തുടങ്ങിയ രാജ്യങ്ങളിലുണ്ടായിരിക്കുന്ന സാമ്പത്തിക വൾച്ചയുടെ അടിസ്ഥാനത്തിൽ ഭക്ഷണ രീതിയിലുണ്ടായിരിക്കുന്ന മാറ്റം (ഉശലമേൃ്യ ഇവമിഴല) ഒരു പരിധി വരെ ഭക്ഷ്യധാന്യങ്ങളുടെ അമിത ഉപയോഗത്തിനും അതുവഴി വിലവർദ്ധനവിനും ഇടയാക്കിയിട്ടുണ്ട്. ധാന്യാഹാരക്രമത്തിൽ നിന്ന് മാംസാഹാര രീതിയിലേക്കുള്ള ചുവടുമാറ്റം കോഴിയിറച്ചി, പന്നിയിറച്ചി, മാട്ടിറച്ചി എന്നിവയുടെ ഉൽപാദനത്തിലും ഉപഭോഗത്തിലും വൻവർദ്ധനവുണ്ടാക്കിയിട്ടുണ്ട്. ഉദാഹരണം- ഒരു കിലോ മാട്ടിറച്ചി ലഭിക്കുന്നതിനായി ഏകദേശം 7 കിലോഗ്രാം ധാന്യമെങ്കിലും വളർത്തു മൃഗങ്ങൾക്ക് ആഹാരമായി നൽകണം. ഒരു കിലോ കോഴിയിറച്ചി ലഭിക്കുന്നതിന് ...... ധാന്യം ഇവയ്ക്ക് ആഹാരമായി നൽകണം. ഇത്തരത്തിൽ ആഹാരക്രമത്തിലുണ്ടായ മാറ്റം വർദ്ധിച്ച രീതിയിൽ ഭക്ഷ്യധാന്യങ്ങൾ വളർത്തു മൃഗങ്ങൾക്ക് ആഹാരമായി നൽകുകയും ധാന്യങ്ങളുടെ ഉപയോഗത്തിലും വിലയിലും വൻ വർദ്ധനവുണ്ടാക്കുന്നു.


ലോകജനസംഖ്യാ വർദ്ധനവ് 1.5 ശതമാനത്തിന് തുല്യമായി ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനം വർദ്ധിക്കുന്നില്ല. ലോകജനസംഖ്യയുടെ മൂന്നിൽ ഒരുഭാഗം വരുന്ന ചൈന, ഇൻഡ്യ എന്നീ രാജ്യങ്ങളിലെ ജനസംഖ്യാ വർദ്ധനവ് ഭക്ഷ്യധാന്യവില വർദ്ധനവിന് കാരണമായിട്ടുണ്ട്. ഉദാഹരണത്തിന് ചൈനയിലെ ആളോഹരി ഭക്ഷ്യധാന്യ ഉപയോഗം 288 കിലോഗ്രാമാണ്. ഇത് മറ്റ് രാജ്യങ്ങളിലെ മൊത്തം ഉപയോഗവുമായി തട്ടിച്ചു നോക്കുമ്പോൾ വൻ വർദ്ധനവ് കാണിക്കുന്നു. ലോക ഭക്ഷ്യ സംഘടനയുടെ റിപ്പോർട്ട് പ്രകാരം കൃഷി അനുബന്ധ മേഖലകളിൽ ഉൽപാദനപ്രക്രിയയിൽ വരുന്ന മാറ്റം ഒരിക്കലും ആശാസ്യമല്ല. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ മറപിടിച്ച് ജൈവഇന്ധന ഉൽപാദനത്തിൽ കേന്ദ്രീകരിച്ച് കമ്പോള മൂലധന ശക്തികൾ കൃഷി അനുബന്ധ മേഖലകളിൽ വൻ തോതിൽ മുതൽ മുടക്കി ലാഭവർദ്ധനവിനും, അതുവഴി ശ്രമിക്കുന്നത് ലോകത്തിലെ പട്ടിണിപാവങ്ങളെ കൊടുംപട്ടിണിയിലും ഭക്ഷ്യക്ഷാമത്തിലും എത്തിക്കുമെന്നതിൽ സംശയമില്ല. കൃഷി അനുബന്ധ മേഖലകളിൽ സ്വന്തം സാമ്രാജ്യം സൃഷ്ടിച്ചു വാണരുളുന്ന ബഹുരാഷ്ട്ര ഭീമൻമാരായ ആർച്ചർ ഡാനിയൽസ് മിഡ്ലാന്റ്, കാർഗിൽ, ബംഞ്ചെ, മോൺസാന്റേ, ഡ്യൂപോണ്ട് അഗ്രിക്കൽച്ചറൽ & ന്യൂട്രിഷൻ, പൊട്ടാഷ് കോർപ്പറേഷൻ, മോസെയിക് തുടങ്ങിയവരുടെ ലാഭവിഹിതം കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഇരട്ടിയിലധികം വർദ്ധനവ് കാണിക്കുന്നു. ഇത്തരത്തിലുള്ള ലാഭക്കച്ചവടത്തിനും കമ്പോള ചൂതാട്ടിനും ഇടയാക്കുന്ന കരാർ കൃഷി, സ്വതന്ത്ര സാമ്പത്തിക മേഖലകൾ, കൃഷി പുറംപണി (അഴൃശരൗഹൗേൃമഹ ഛൗെേീൗൃരശിഴ), അവധികച്ചവടം എന്നീ പ്രവണതകൾ ഭക്ഷ്യക്ഷാമവും പോഷകാഹാരക്കുറവും മൂലം പിടഞ്ഞു മരിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിപ്പിക്കുക തന്നെ ചെയ്യും.

ഇവിടുത്തെ ഗവൺമെന്റിന് ഭക്ഷ്യധാന്യങ്ങളുടെ വിലകുറയ്ക്കുവാൻ സാധിക്കുകയുല്ലെങ്കിൽ സ്വയം ഒഴിഞ്ഞു പോകുക. പോലീസും ഐക്യരാഷ്ട്ര സഭയുടെ സമാധാന ദൗത്യസേനയും ഞങ്ങളുടെ നെഞ്ചിലേക്ക് വെടിയുണ്ട ഉതിർക്കട്ടെ !! അതാണ് നല്ലത്, അല്ലെങ്കിൽ വിശന്നു വലഞ്ഞ് നരകിച്ച് ഞങ്ങൾ മരിക്കേണ്ടി വരും - കരീബിയൻ രാജ്യമായ ഹെയ്തിയുടെ തലസ്ഥാനമായ പോർട്ട്-ആ-പ്രിൻസിൽ 2008 ഏപ്രിൽ 20 ന് ലക്ഷക്കണക്കിന് പ്രക്ഷോഭകാരികളുടെ കണ്ഠത്തിൽ നിന്നുയർന്ന ദീനമായ വിലാപമാണിത്. ഭക്ഷ്യക്ഷാമത്തിനും ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവിനുമെതിരെ ലോകത്തിന്റെ പലഭാഗങ്ങളിൽ പ്രക്ഷോഭത്തിന്റെ നാളുകൾ വരാനിരിക്കുന്നതേയുള്ളൂ

# പാർലമെന്റ് മാർച്ച്






ഐഫക്ടോയുടെ തീരുമാനമനുസരിച്ച് ആഗസ്റ്റ് 26-ന് അഖിലേന്ത്യാതലത്തിൽ സർവകലാശാലാ കോളജും അധ്യാപകരുടെ ഗംഭീര പാർലമെന്റ് മാർച്ച് നടക്കുകയുണ്ടായി. യുജിസി കേന്ദ്രഗ്രാന്റ് ഉടൻ അനുവദിക്കുക പി.എഫ്.ആർ.ഡി.എ ബിൽ പിൻവലിക്കുക. കേന്ദ്രസർക്കാരിന്റെ ജനദ്രോഹപരവും സ്വകാര്യതാല്പര്യങ്ങളെ സംരക്ഷിക്കുന്നതുമായ ഉന്നത വിദ്യാഭ്യാസ ബില്ലുകൾ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് മാർച്ച് സംഘടിപ്പിച്ചത്. രാജ്യത്തിന്റെ നാനാഭാഗത്തുനിന്നുമായി ആയിരക്കണക്കിന് അധ്യാപകർ മാർച്ചിലും തുടർന്നു നടന്ന ധർണ്ണയിലും പങ്കെടുത്തു. ജന്തർമന്ദറിൽ നടന്ന ധർണ്ണ എസ്എഫ്ഐയുടെ അഖിലേന്ത്യാ പ്രസിഡന്റും പാർലമെന്റംഗവും എം.എച്ച്.ആർ.ഡി.എ.യുമായി ബന്ധപ്പെട്ട് പാർലമെന്ററി കമ്മറ്റി അംഗവുമായ ശ്രീ.പി.കെ. ബിജു എം.പി. ഉദ്ഘാടനം ചെയ്തു. പാർലമെന്റ് അംഗമായ ശ്രീ എ.സമ്പത്ത് ഐഫക്ടോ മുൻ പ്രസിഡൻറ് പ്രൊഫ.കെ.കെ. തെക്കേടത്ത് തുടങ്ങിയവരും സംസ്ഥാനതല സംഘടനാ നേതാക്കളും ധർണ്ണയെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഐഫക്ടോ പ്രസിഡന്റ് പ്രൊഫ.ജയിംസ് വില്യംസ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രൊഫ. അശോക് ബർമ്മൻ സ്വാഗതം പറഞ്ഞു. യുജിസി ശമ്പള കുടിശ്ശികയ്ക്കുവേണ്ടിയും വിദ്യാഭ്യാസം സംരക്ഷിക്കുന്നതിനുവേണ്ടിയുമുള്ള സമരം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഉയർത്തിപ്പിടിക്കുന്നതായിരുന്നു പ്രസ്തുത പ്രക്ഷോഭത്തിന്റെ മുഖ്യ വികാരം. എ.കെ.പി.സി.ടി.എ പ്രതിനിധീകരിച്ച് 64 പേർ പങ്കെടുത്തു.

# കാലിക്കററ് സർവകലാശാല ആസ്ഥാനത്ത് മാർച്ചും ധർണയും



കാലിക്കറ്റ് സർവകലാശാല ഭരണകാര്യാലയത്തിലേക്ക് ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ മാർച്ചും ധർണയും നടത്തി.

സർവകലാശാല എയ്ഡഡ് കോളജുകളിലെ അധ്യാപകർക്ക് അംഗീകാരം നൽകുന്നതിൽ രജിസ്ട്രാർ ഡോ. പി.പി. മുഹമ്മദ് തടസ്സം നിൽക്കുന്നതിൽ പ്രതിഷേധിച്ചാണ് സമരം നടത്തിയത്. അധ്യാപകർ ഒരു വർഷമായി ശമ്പളമില്ലാതെയാണ് ജോലി ചെയ്യുന്നത്. കോളജുകൾ നിയമനവുമായി ബന്ധപ്പെട്ട ഫയലുകൾ സർവകാലാശാലയിൽ ഹാജരാക്കിയിട്ടും അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ ഫയലുകൾ ഹാജരാക്കാൻ രജിസ്ട്രാർ തയ്യാറായില്ല.

ധർണ മുൻ സിൻഡിക്കേറ്റംഗം പ്രൊഫ. വി. നാരായണൻകുട്ടി ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. പി. മമ്മദ് അധ്യക്ഷനായി. സെനറ്റംഗം കെ. വിശ്വനാഥ്, ഡോ. കെ.പി വർക്കി, ഡോ. ഇ.കെ. ഗോവിന്ദവർമ രാജ എന്നിവർ സംസാരിച്ചു. പ്രൊഫ. .വി.കെ. വിജയൻ സ്വാഗതവും ഡോ.യു ഹേമന്ത്കുമാർ നന്ദിയും പറഞ്ഞു. സംഘടനാ നേതാക്കൾ വൈസ് ചാൻസലർ പ്രൊഫ.എം. അബ്ദുൾ സലാമുമായി ചർച്ച നടത്തി.

അടുത്ത സ്റ്റാൻഡിങ് കമ്മിറ്റിയിൽ നിയമനം അംഗീകരിക്കുന്ന കാര്യം പരിഗണിക്കാൻ വേണ്ടത് ചെയ്യാമെന്നും അധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിൽ ഒരു വിവേചനവും ഉണ്ടാകില്ലെന്നും വി.സി. ഉറപ്പു നൽകി. അനുകൂല തീരുമാനമുണ്ടായില്ലെങ്കിൽ ശക്തമായ സമരപരിപാടികളുമായി മുന്നോട്ടു പോകുമെന്ന് എ.കെ.പി.സി.ടി.എ മുന്നറിയിപ്പ് നൽകി.



# സർവകലാശാലയുടെ ജനാധിപത്യ സ്വഭാവം നിലനിർത്തണം

## എം.ജി. സർവ്വകലാശാല ആസ്ഥാനത്തേയ്ക്ക് മാർച്ചും ധർണയും







മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേററ് ചെയ്ത കോളജുകളിലെ അധ്യാപകർ സർവകലാശാലയിൽ മാർച്ചും ധർണയും നടത്തി. യു. ജി. സി റഗുലേഷൻ 2010, പി എച്ച് ഡി റഗുലേഷൻ 2009 ഇവ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർവകലാശാല സ്വീകരിക്കുന്ന ജനാധിപത്യപരമല്ലാത്ത സമീപനത്തിനെതിരെയാണ് മാർച്ച് നടന്നത്. എം. ജി യൂണിവേഴ്സിററി പി.എച്ച്.ഡി റഗുലേഷൻ 2010 ൽ അഫിലിയേററ് റിസർച്ച് സെൻററുകളേയും പാർട്ട് ടൈം ഗവേഷകരേയും തീർത്തും അവഗണിച്ചിരിക്കുയാണ്. ഗുണനിലവാര വർദ്ധനയുടെ പേരിൽ നടപ്പിലാക്കുന്ന കോഴ്സ് വർക്ക് പൂർണമായും സർവകലാശാലാ വകുപ്പുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. എന്നാൽ ഇത് ഫലപ്രദമായി നടപ്പിലാക്കാൻ വകുപ്പുകൾക്ക് കഴിയുന്നില്ല. ഇത് പരിഹരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന നിവേദനം സംഘടനകൾ സമർപ്പിച്ചെങ്കിലും അതിനെ തീർത്തും നിരാകരിക്കുന്ന സമീപനം വൈസ് ചാൻസിലർ സ്വീകരിക്കുന്നതിനെതിരേയാണ് അധ്യാപകരുടെ പ്രതിഷേധം.

യു. ജി. സി റഗുലേഷൻ 2010 ൽ അധ്യാപകരുടെ സേവന വ്യവസ്ഥകളേയും ഉന്നത വിദ്യാഭ്യാസത്തിൻെറ ഗുണമേന്മയേയും പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകൾ ഭേദഗതികളോടെ നടപ്പിലാക്കണമെന്ന ആവശ്യവും അധ്യാപകർ മുന്നോട്ടു വച്ചിട്ടുണ്ട്.

മാർച്ചും ധർണയും ഏററുമാനൂർ എം. എൽ. എ സ. സുരേഷ് കുറുപ്പ് ഉദ്ഘാടനം ചെയ്തു. സർവകലാശാലകൾ അക്കാദമിക തീരുമാനങ്ങൾ എടുക്കുമ്പോൾ ഗുണഭോക്താക്കളായ എല്ലാവരോടും ചർച്ച ചെയ്യുന്ന സമീപനമാണ് ഉന്നതവിദ്യാഭ്യാസത്തിന് ഗുണകരമെന്ന് അദ്ദേഹം പറഞ്ഞു. എ. കെ. പി. സി ടി. എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. പി മമ്മദ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻ നായർ സ്വാഗതം പറഞ്ഞു. എ. കെ. ജി. സി.ടി സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. കെ. ജയകുമാർ, വൈസ് പ്രസിഡൻറ് പ്രൊഫ. രാംദാസ്, എം ജി യൂണിവേഴ്സിററി എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടറി പി. പത്മകുമാർ, എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. കെ. പി സുകുമാരൻ നായർ, സംസ്ഥാന സെക്രട്ടറി ഡോ. തോമസ് മാത്യു എന്നിവർ സംസാരിച്ചു. എ. കെ. പി. സി. ടി എ കോട്ടയം ജില്ലാ സെക്രട്ടറി പ്രൊഫ. ടോമിച്ചൻ ജോസഫ്, എറണാകുളം ജില്ലാ സെക്രട്ടറി ഡോ. കൃഷ്ണദാസ്, എം. ജി യൂണിവേഴ്സിററി സെനററ് അംഗം ഡോ. പി. കെ പത്മകുമാർ, എ. കെ. ജി. സി. ടി. കോട്ടയം ജില്ലാ സെക്രട്ടറി ഡോ. ബി കേരളവർമ എന്നിവർ മാർച്ചിനും ധർണയ്ക്കും നേതൃത്വം നല്കി.

# എ.കെ.പി.സി.ടി.എ
# സംസ്ഥാന കമ്മിററി തീരുമാനങ്ങൾ




ഈ വർഷത്തെ ആദ്യത്തെ സംസ്ഥാനകമ്മിറ്റി ഒക്ടോബർ 1-ന് തിരുവനന്തപുരത്ത് യോഗം ചേർന്നു. സംസ്ഥാന പ്രസിഡന്റ് പ്രൊഫ. പി. മമ്മദ് അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ഡോ.വി.രാജേന്ദ്രൻനായർ കഴിഞ്ഞ 53-ാം സംസ്ഥാന സമ്മേളനത്തിന് ശേഷമുള്ള സംഘടനാപ്രവർത്തനങ്ങളും പ്രവർത്തകസമിതി തീരുമാനങ്ങളും തുടർ പ്രവർത്തനങ്ങളും റിപ്പോർട്ടു ചെയ്തു. കേരളത്തിലെ സർവകലാശാലകളിലെ ഭരണം കൈയാളുന്നതിനായി ജനാധിപത്യത്തെ ധ്വംസനം ചെയ്തുകൊണ്ട് യുഡിഎഫ് സർക്കാർ നടത്തുന്ന കുത്സിത ശ്രമങ്ങളെ കമ്മറ്റി ശക്തമായി അപലപിച്ചു. പുതിയതായി അനുവദിച്ച തസ്തികകളിൽ നിയമിക്കപ്പെട്ട് സർവകലാശാലാ അംഗീകാരം ലഭിച്ചിട്ടും ശമ്പളം നല്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളാത്ത കോളിജിയറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർമാരുടെ നിലപാടിനെ കമ്മറ്റി ശക്തമായി അപലപിക്കുകയും ഇക്കാര്യത്തിൽ കോളേജിയറ്റ് എഡ്യു. ഡയറക്ടറുമായി ചർച്ച നടത്തുവാൻ സംഘടനാ ഭാരവാഹികളെ ചുമതലപ്പെടുത്തുകയും ചെയ്തു. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഉന്നത വിദ്യാഭ്യാസരംഗത്തെ ജനവിരുദ്ധ നയങ്ങൾക്കെതിരെ സഹോദരപ്രസ്ഥാനങ്ങളുമായി സഹകരിച്ച് പ്രക്ഷോഭം ശക്തിപ്പെടുത്തുവാനും സംസ്ഥാനകമ്മറ്റി തീരുമാനിച്ചു. ഒക്ടോബർ 8, 9 തീയതികളിൽ നടക്കുന്ന പ്രവർത്തക ക്യാമ്പിൽ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്ക് കമ്മറ്റി അംഗങ്ങൾ നേതൃത്വം നൽകണമെന്ന് തീരുമാനിച്ചു.

**AIFUCTO**

**Statutory Conference 2011**

2011 October 20,21,22
at Kanyakumari,Tamilnadu

KERALA PRIVATE COLLEGE TEACHER



## അന്താരാഷ്ട്ര രസതന്ത്ര വർഷം

# എമിൽഫിഷറുടെ പാദമുദ്ര

**ഡോ.എം.എസ്.വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*



രസതന്ത്രം- *നമ്മുടെ ജീവിതം, നമ്മുടെ ഭാവി* എന്ന തീം പ്രോജ്ജ്വലിപ്പിച്ചു കൊണ്ട് സമാചരിക്കുന്ന രസതന്ത്ര വർഷം ( 2011 )

വാർത്താമധ്യത്തിൻെറ മുൻലക്കത്തിനൊന്നിൽ വിഷയീഭവിച്ചതാണ്.കെമിസ്ട്രിക്ക്, വിഷിശ്യ സംയോജന രസതന്ത്രത്തിനും ( Synthetic chemistry) ജൈവ രസതന്ത്രത്തിനും ( biochemistry) അടിസ്ഥാന സംഭാവനകൾ നൽകി *ജൈവ രസതന്ത്രത്തിൻെറ പിതാവ്* എന്ന ബഹുമതീവിശേഷണത്തിന് അർഹനായ എമിൽഫിഷറെ അനുസ്മരിച്ച് പ്രണമിക്കുകയാണ് ഇക്കുറി വാർത്താമധ്യം.

ൻർമ്മനിയിലെ പ്രഷ്യൻ സാമ്രാ
ിർത്തിയിൽപ്പെട്ട യൂസ്കിർ
എന്ന സ്ഥലത്ത് 1852 ഒക്ടോ
9 ന് ആണ് എമിൽ ഫിഷർ ജ
്. ഡൈ നിർമാണവും മദ്യഉൽ
വും ഉപജീവന മാർഗമായി

സ്വീകരിച്ച ലോറൻസ് ഫിഷർ ആയിരുന്നു പിതാവ്. അമ്മ, ജൂലി ഫിഷർ. സമനസാക്ഷ്യം കുഞ്ഞുങ്ങളെ വളർത്തിയിരുന്ന ഈ ദമ്പതിമാർക്ക് എമിലിന് പുറമെ മുതിർന്ന അഞ്ചുപെൺമക്കൾ കൂടിയുണ്ടായിരുന്നു. തൊട്ട് അയൽപക്കത്ത് ലോറൻസിൻെറ ജ്യേഷ്ഠനും അഞ്ചുപെൺമക്കളും ഒരു മകനും അടങ്ങിയ കുടുംബമായിരുന്നു. ഓട്ടോഫിഷർ എന്നായിരുന്നു അവരുടെ മകൻെറ പേര്. പിൽക്കാലത്ത് രസതന്ത്ര പഠനത്തിൽ മികവ് കാട്ടിയ ഓട്ടോ എമിലിൻെറ ബാല്യകാല മിത്രം കൂടിയായിരുന്നു.

> **ഭയാനകമാണ് ആധുനിക യുദ്ധം. യുദ്ധാനുഭവങ്ങൾ മുൻനിർത്തി ഇനിമേൽയുദ്ധമേ വേണ്ട എന്ന് പുതുതലമുറ പ്രഖ്യാപിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.**
>
> -ഫിഷർ

സന്തോഷപ്രദമായിരുന്നു എമിലിൻെറ ബാല്യം.

പഠിക്കാൻ ബഹുസമർത്ഥനായിരുന്ന എമിലിനെ പിതാവ് തൻെറ ബിസിനസ്സിൽ ചേർത്തു. ബിസിനസിൽ താല്പര്യമില്ലാതിരുന്ന എമിൽ, ഡൈ- മദ്യ നിർമ്മാണങ്ങളിൽ തൻെറ പിതാവ് നേരിട്ട രസതന്ത്രപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉത്സുകനായിരുന്നു. ഉപരി വിദ്യാഭ്യാസത്തിന് അദമ്യമായ ആഗ്രഹമുണ്ടായിരുന്ന എമിലിനെ പിതാവ് തുടർന്ന് പഠിപ്പിച്ചു.

എമിൽ 1871 ൽ ജർമ്മനിയിലെ പ്രസിദ്ധമായ ബോൺ യൂണിവേഴ്സിററിയിൽ ചേർന്നു. മുഖ്യ ഐച്ഛിക വിഷയങ്ങൾ ഫിസിക്സും മാത്തമാററിക്സും ആയിരുന്നു. പക്ഷെ പിതൃസഹോദരപുത്രനായ ഓട്ടോഫിഷർ എമിലിനെ കെമിസ്ട്രി പഠിക്കാൻ പ്രേരിപ്പിച്ച് തൊട്ടടുത്ത വർഷം, അയാൾ പഠിച്ചിരുന്ന സ്ററാസ്ബർഗ് യൂണിവേഴ്സിററിയിൽ ചേരാൻ ഇടവരുത്തി. അന്ന് സ്ററാസ്ബർഗ് യൂണിവേഴ്സിററി പ്രഷ്യൻ സാമ്രാജ്യത്തിൽപെട്ടതായിരുന്നു. ( ഇന്ന് ഫ്രാൻസിലെ ഏററവും വലിയ യൂണിവേഴ്സിററിയാണ് സ്ററാസ്ബർഗ്)


അവിടെ പ്രൊഫസർ റോസിൻെറ കീഴിലായിരുന്നു എമിലും ഓട്ടോയും *ബുൺസൺ മെതഡ് ഓഫ് അനാലിസിസ്* പഠി

ച്ചത്. സ്ററാസ്ബർഗിൽ അന്ന് ഉണ്ടായിരുന്ന അഡോൾഫ് വോൺ ബേയർ എന്ന സുപ്രസിദ്ധനായ ഓർഗാനിക് കെമിസ്ററ് ഇരുപേരെയും സ്വാധീനിച്ചു. വളയരൂപമുള്ള കാർബണിക സംയുക്തങ്ങൾ രൂപം കൊള്ളുമ്പോൾ അവയ്ക്ക് അനുഭവപ്പെടുന്ന ആയാസം സംബന്ധിച്ച തത്വം (Baeyers Stain theory of ring compounds) ബേയറുടെ സുപ്രസിദ്ധ സംഭാവനയാണ്, അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ എമിൽ ഗവേഷണം ആരംഭിച്ചു. തലെയ്ൻ (phthalein) ഡൈകളെ പററിയായിരുന്നു എമിലിന്റെ ഗവേഷണം. ഫ്ളുറെസീൻ (flouirescein) ഓഴ്സിൻ തലെയ്ൻ (Orcin phthalein പൂപോതാഗല) എന്നീ ഡൈകളുടെ കെമിസ്ട്രി പഠിച്ച എമിലിന് 1874 ൽ പി എച്ച് ഡി ബിരുദം ലഭിച്ചു.

**ഫിനൈൽ ഹൈഡ്രസീൻ (phenyl hydrazine)**

സ്ററാസ്ബർഗ് സർവ്വകലാശാലയിൽ അസിസ്ററൻറ് ഇൻസ്ട്രക്ററർ ആയി എമിലിന് ആ വർഷം തന്നെ നിയമനം ലഭിച്ചു. ഇക്കാലത്ത് യാദൃശ്ചികമായി അദ്ദേഹം കണ്ടെത്തിയ രാസസംയുക്തമാണ് ഫിനൈൽ ഹൈഡ്രസീൻ (phenyl hydrazine). പിന്നീട് പഞ്ചസാരകളുടെ (sugars) രൂപഘടനാ നിർണ്ണയത്തിന് ഉപയോഗപ്രദമായി ത്തീർന്ന രാസവസ്തുവാണ് ഫിനൈൽ ഹൈഡ്രസീൻ. ഇൻഡോൾ എന്ന രാസസംയുക്ത നിർമ്മാണത്തിനും പേരുകേട്ടതാണ് ഫിനൈൽ ഹൈഡ്രസിൻ. ഇൻഡോൾ നിർമ്മാണ മാർഗ്ഗം ഫിഷർ തന്നെ കണ്ടുപിടിച്ചതാകയാൽ *ഫിഷർ ഇൻഡോൾ സിന്തസിസ്* എന്ന് അത് അറിയപ്പെടുന്നു.


ഇൻഡോൾ ഖര അവസ്ഥയിൽ അഹിത ഗന്ധമുള്ളതാണെങ്കിലും നേർത്ത ലായനിയാകുമ്പോൾ സുഗന്ധവാഹിയാണ്. മുല്ലപ്പൂവിന്റെയും ഓറഞ്ചിന്റെയും സുഗന്ധം പകരുന്നതിനാൽ ഇൻഡോളിന്റെ നേർത്ത ലായനി സുഗന്ധദ്രവ്യങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നു. ചൂടുവെള്ളത്തിലും, ആൽക്കോഹോളിലും ഈതറിലും ഇത് ലയിക്കും. സോഡിയം ഹൈഡ്രോക്സൈഡ് ലായനിയിൽ ഇൻഡോൾ- നിഷ്പന്നമായ ഇൻഡോക്സിൽ രൂപാന്തരം ചെയ്ത് ഇൻഡിഗോ എന്ന നീല ഡൈ ഉണ്ടാക്കാം. ജീൻസിന് നീലനിറം കൊടുക്കാൻ ഇത് ഉപയോഗിക്കാറുണ്ട്. തന്റെ കണ്ടുപിടിത്തമായ ഫിനൈൽ ഹൈഡ്രസിനെ സംബന്ധിച്ച ഒരു ഗവേഷണ പ്രബന്ധം മ്യൂണിക് സർവ്വകലാശാലയിൽ സമർപ്പിച്ച എമിൽ ഫിഷറിന്, അസോസിയേററ് പ്രൊഫസർ സ്ഥാനം (Extra ordinariat) നൽകി. പ്രസിദ്ധ ഓർഗാനിക് കെമിസ്ററ് ആയ വോളാഡിന്റെ (Volhard)സ്ഥാനത്തായിരുന്നു നിയമനം. പിന്നീട് ബർലിൻ സർവ്വകലാശാലയിൽ പ്രഗത്ഭ ഓർഗാനിക് കെമിസ്ററ് എ. ഡബ്ലിയു. ഹോഫ്മാൻ ഒഴിഞ്ഞ പ്രൊഫസർ സ്ഥാനത്തേക്ക് ഫിഷർ ക്ഷണിക്കപ്പെട്ടു. ഫിഷറുടെ ഗവേഷണ ഗുരുവായ ബേയർ ബോൺ സർവ്വകലാശാലയിലെ ഗുരു കെക്കുലെ എന്നിവരെ മറികടന്നായിരുന്നു ഫിഷറുടെ സ്ഥാനാരോഹണം. ആഗസ്ററ് കെക്കുലെ ബെൻസീന്റെ (benzene) രൂപഘടന സ്വപ്നദർശനത്തിലൂടെ സ്ഥാപിച്ച രസതന്ത്ര വിദുഷിയാണല്ലോ.



baeyer

**പ്യൂരീനുകൾ (purenes)**

കാപ്പിക്കുരു, കൊക്കോ എന്നിവയിൽ യഥാക്രമം അടങ്ങിയിട്ടുള്ള കഫേയ്ൻ, തിയോബ്രോമിൻ എന്നീ വസ്തുക്കളും പക്ഷിമൃഗക്കാഷ്ഠങ്ങളിൽ അടങ്ങിയിട്ടുള്ള യൂറിക് ആസിഡ്, ഗ്വാനീൻ എന്നീ വസ്തുക്കളും പ്യൂരീൻ (pur-ene) എന്ന രാസസംയുക്തത്തിന്റെ നിഷ്പന്നങ്ങളാണ് (derivatives). അതിനാൽ അവയെ പൊതുവായി പ്യൂരീൻസ് എന്ന് വിളിക്കുന്നു. ഫിഷർ പ്യൂരീനുകളെ അവയുടെ സ്രോതസ്സുകളിൽ നിന്ന് വേർപെടുത്തുകയും രൂപഘടന സ്ഥാപിക്കുകയും ചെയ്തു. അതിന് വേണ്ടി അവയെ രാസസംയോജനത്തിലൂടെ (synthesis) ഉൽപാദിപ്പിക്കുകയും ചെയ്തു. അവയുടെ ഘടനാസാദൃശ്യം ഈവിധം ഫിഷർ വ്യക്തമാക്കി. പ്യൂരീനുകളെ സംബന്ധിച്ച ഘടനാജ്ഞാനം പിൽക്കാലത്ത് ന്യൂക്ലിക് ആസിഡുകളുടെ ഘടന കണ്ടുപിടിക്കാൻ വളരെ ഉപകരിക്കപ്പെട്ടു. പ്യൂരീനുകളിൽ ഫിഷർ പഠിച്ച മററു ചിലതിൽ പ്രധാനപ്പെട്ടവ ആണ് അഡെനീനും ക്സാന്തീനും ( adenine And xanthine) ജൈവ കോശങ്ങളിൽ അടങ്ങിയിട്ടുള്ളതാണ് ഇവ. 1902 ൽ ഫിഷർ 146 പ്യൂരീനുകളെ അറിഞ്ഞിരുന്നു. ഇവയിൽ പ്രകൃത്യേതര പ്യൂരീനുകളും (ഫിഷർ പുതുതായി രാസ സംയോജനം ചെയ്ത് നിർമ്മിച്ചവ) ഉൾപ്പെടും. 1902 ൽ അദ്ദേഹത്തിന് നോബൽ പ്രൈസ് ലഭിച്ചു.



Frkekulé

## പഞ്ചസാരകൾ ( sugars)

ഏററവും സമൃദ്ധമായി ലഭിക്കുന്ന പഞ്ചസാര ഇനമാണല്ലോ ഗ്ലൂക്കോസ്. ഫിഷർ അതിനെപ്പററി പ

റിക്കാൻ ആരംഭിച്ചത്. 1884 ൽ ആയിരുന്നു. അന്നോളം അവയെപ്പറ്റിയുള്ള പഠനങ്ങളോ പഠനക്രമങ്ങളോ നിലവിൽ ഇല്ലായിരുന്നു. താൻ കണ്ടുപിടിച്ച ഫിനൈൽ ഹൈഡ്രസിൻ, വിവിധ പഞ്ചസാരകളുടെ ഘടനയും ഘടനാ സാദൃശ്യങ്ങളും പഠിക്കാൻ ഫിഷറെ സഹായിച്ചു. ഒരു പഞ്ചസാര തന്മാത്രയും രണ്ട് ഫിനൈൽ ഹൈഡ്രസിൻ തന്മാത്രയും സംയോജിച്ചാൽ ഓസസോൺ ( ozazone) എന്ന പരൽ രൂപമാർന്ന വസ്തുവുണ്ടാകും. പഞ്ചസാരാ പഠനത്തിന് ഈ വസ്തു ഏറ്റവും ഉപയോഗപ്രദമായി. പഞ്ചസാരകളുടെ വളരെ കൗതുകരവും വൈവിദ്ധ്യപൂർണ്ണവുമായ രാസപ്രക്രിയ പഠിക്കുകയും, രണ്ട് ഇനം പ്രകൃത്യേതര (unnatural ) പഞ്ചസാരകൾ പുതു രാസ സംയോജനത്തിലൂടെ ഫിഷർ- സൃഷ്ടിക്കുകയും ചെയ്തു.

സുപ്രസിദ്ധമായ ഫിഷർ- കിലിയാനി സിന്തെസിസ് ( Fischer killani Synthesis) വഴി പഞ്ചസാര സംയുക്തങ്ങളിലെ കാർബണുകളുടെ എണ്ണം കൂട്ടുകയും കുറയ്ക്കുകയും ചെയ്തു. 1894 എത്തുമ്പോഴേക്ക് അന്ന് അറിയപ്പെട്ടിരുന്ന എല്ലാ പഞ്ചസാരകളുടെയും രൂപഘടന ഫിഷർ നിർണ്ണയിച്ചു കഴിഞ്ഞിരുന്നു. ഗ്ലൂക്കോസ്, ഫ്രക്ടോസ്, മാനോസ് തുടങ്ങിയ എല്ലാ പഞ്ചസാര ഇനങ്ങളെയും പേപ്പറിൽ വ്യക്തതയോടെ ചിത്രീകരിക്കുന്ന സമ്പ്രദായമായ ഫിഷർ പ്രൊജക്ഷൻ ഫോർമുലേ (fischer projection formula) ഇന്നും ഉപയോഗിക്കപ്പെടുന്നു.

## എൻസൈമുകളും പ്രോട്ടീനുകളും


എൻസൈമുകളുടെ(enzymes) നിർദ്ദിഷ്ഠത (specificity) തെളിയിച്ചത് ഫിഷർ ആണ്. ഒരു എൻസൈം അഥവാ ജൈവ രാസത്വരകം, നിർദ്ദിഷ്ഠമായ ഒരു വസ്തുവിന് മേൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂ എന്ന വസ്തുതയെ ലോക്ക് ആൻറ് കീ (lockt and key) പ്രിൻസിപ്പിൾ എന്നാണ് ഫിഷർ വിളിച്ചത്. ജൈവ രാസക്രിയകളുടെ ഈ അടിസ്ഥാന തത്വം കണ്ടെത്തിയതിൻെറ ക്രെഡിറ്റും ഫിഷർക്ക് തന്നെ.

1899 ലാണ് ഫിഷറുടെ താല്പര്യം. പ്രോട്ടീനുകളിലേക്ക് തിരിഞ്ഞത്. അവയുടെ സ്വഭാവം, പ്രതിപ്രവർത്തനം, അപഗ്രഥനം, പുനരാസസംയോജനം (syntheses) എന്നിവയെക്കുറിച്ച് അവഗാഢമായ പഠനം അദ്ദേഹം നടത്തി. പ്രോട്ടീനുകളുടെ അടിസ്ഥാന ഘടകങ്ങളായ അമിനോ ആസിഡുകളെപ്പറ്റി ഫിഷർ പഠിക്കുകയും അവ ഉൽപാദിപ്പിക്കുകയും ചെയ്തു. അമിനോ ആസിഡ് ഘടകങ്ങൾ അറ്റത്തോട് അറ്റം യോജിച്ച് ജലതന്മാത്രകളെ വിസർജിക്കുകയും ചെയ്ത് ഉണ്ടാകുന്ന ബോണ്ടിനെ *പെപ്റ്റൈഡ് ബോണ്ട്* എന്ന് അദ്ദേഹം വിളിച്ചു. അസംഖ്യം ഇത്തരം ബോണ്ടുകൾ ഉള്ള ഒറ്റ സംവിധാനമടങ്ങിയ രാസസംയുക്തങ്ങൾ പ്രകൃതിയിൽ ഏറെ ഉണ്ട്. 50 പെപ്റ്റൈഡ് ബോണ്ടുകളിൽ അധികം അടങ്ങിയവയെ പ്രോട്ടീനുകൾ എന്ന് നാമകരണം ചെയ്തിരിക്കുന്നു. 50 ൽ താഴെ മാത്രം പെപ്റ്റൈഡ് ബോണ്ടുകൾ ഉള്ളവയെ പെപ്റ്റൈഡുകൾ എന്നും വിളിക്കുന്നു.

എമിൽ ഫിഷറെ *പെപ്റ്റൈഡ് രസതന്ത്രത്തിൻെറ പിതാവ്* എന്നും വിളിക്കുന്നു. അദ്ദേഹമാണ് പെപ്റ്റൈഡ് എന്ന പദത്തിൻെറ ഉപജ്ഞാതാവ്. പെപ്റ്റൈഡ് രസതന്ത്രത്തിന് ഇന്ന് നൂറ് വയസ്സ് തികഞ്ഞിരിക്കുന്നു. പെപ്റ്റൈഡുകൾക്കും പ്രോട്ടീനുകൾക്കും വർദ്ധിച്ച തോതിൽ ഇന്ന് ആവശ്യക്കാർ ക്യൂ നിൽക്കുന്നു. പെപ്റ്റൈഡ് ബന്ധങ്ങൾ അടങ്ങിയ ജൈവരസങ്ങൾ ആണ് ഹോർമോണുകൾ. എല്ലാറ്റിലെയും പെപ്റ്റൈഡ് ബോണ്ട് സീക്വാൻസ് വളരെ പ്രധാനപ്പെട്ടതാണ്. പെപ്റ്റൈഡ്മ ആൻറിബയോട്ടിക്കുകൾ, രോഗപ്രതിരോധ പെ



Hoffmann.




Volhard

പ്റ്റൈഡുകൾ, വിഷമയമായ പെപ്റ്റൈഡുകൾ എന്നിങ്ങനെ വിവിധതരം പെപ്റ്റൈഡുകൾ ആധുനിക കാലത്ത് ഉപയോഗപ്രദമായി നിലവിലുണ്ട്.

## യുദ്ധമേ വേണ്ട.

നിരവധി ശാസ്ത്ര സ്ഥാപന പടുത്തുയർത്തുകയും (kaiser wilhelm institute for Chemistry തുടങ്ങിയവ) ശാസ്ത്ര വിദ്യാഭ്യാസം പരിഷ്കരിക്കുകയും മറ്റ് ശാസ്ത്രശാഖകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത അതുല്യ ശാസ്ത്ര വിദുഷിയായിരുന്നു എമിൽ ഫിഷർ. അദ്ദേഹത്തിന് മൂന്ന് ആൺമക്കളായിരുന്നു. ഭാര്യ വരെ നേരത്തേ തന്നെ മരിച്ചു പോയിരുന്നു. ഒരു പുത്രൻ ഒന്നാം ലോകമഹായുദ്ധത്തിൽ മരിച്ചു. മറ്റൊരാൾ ആത്മഹത്യ ചെയ്തു. മൂന്നാമൻ ഫിഷറെ പോലെ പ്രഗത്ഭമതി ആയിരുന്നു. എമിൽ ഫിഷർക്ക് ഉണ്ടായിരുന്ന വിട്ടുമാറാത്ത വയറ്റിന് അസുഖം കാൻസർ ആണെന്ന് തിരിച്ചറിഞ്ഞു. അതിന് കാരണം, അദ്ദേഹം തന്നെ കണ്ടുപിടിച്ച ഫിനൈൻ ഹൈഡ്രസീൻ നിരന്തരം കൈകാര്യം ചെയ്തത് ആകാമെന്ന് പറയുന്നു. ഒരു മകനെ കവർന്നെടുത്ത യുദ്ധത്തെപ്പറ്റി പൊതുവായി ഒരിക്കൽ അദ്ദേഹം പറഞ്ഞു, ഭയാനകമാണ് ആധുനിക യുദ്ധം. യുദ്ധാനുഭവങ്ങൾ മുൻനിർത്തി ഇനിമേൽയുദ്ധമേ വേണ്ട എന്ന് പുതുതലമുറ പ്രഖ്യാപിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. 1919 ൽ ഫിഷർ അന്തരിച്ചു.



# QS World University Rankings 2011/2012

Dr. P.S. Mohanakumar



The ranking currently evaluates around 600 universities in the world and ranks the top 400. Plans are in place to both broaden the work in terms of number of institutions and deepen it in terms of the detail provided to users. Six indicators are drawn together to form an international ranking of universities. In addition rankings in five key subject areas are produced: Arts & Humanities, Engineering & IT, Life Sciences & Biomedicine, Natural Sciences, Social Sciences. First Published annually since 2004, QS World University Rankings® is the most trusted university ranking in the world. No Indian university figured among the top 200 universities in the world by academic reputation, which accounts for 40 per cent marks in the rankings. IIT Bombay, which has figured on 187th rank last year, has slipped to 225th position. This highlights the poor perception of Indian universities' research performance and capabilities. Besides academic reputation and reputation among employers, QS rankings include citations per faculty (20 per cent marks), student-faculty ratio (20 per cent), international students (5 per cent) and international faculty (5%).Overall, the UK and the US institutions have taken the top 10 spots, with Cambridge taking the crown. Institutes from Japan, South Korea and Germany have seen significant rises in the rankings. Peking and Tsinghua universities of China have climbed up the ranking, showing benefits of huge funding programmes. Still, Hong Kong University is the highest ranked Asian university. Peking University and Tsinghua University from the Chinese mainland also make the top 50, placed at 46 and 47 respectively. A total of 16 Chinese universities made the top 300 chart this year, among which 8 are from the Chinese mainland.

| RANK | INSTITUTION | COUNTRY |
|---|---|---|
| 1 | Uni.ofCambridge | UK |
| 2 | Harvard University | USA |
| 3 | MIT | USA |
| 4 | Yale Uni. | USA |
| 5 | Uni. Oxford | UK |
| 6 | Imperial College | UK |
| 7 | Uni.College,London | UK |
| 8 | Uni.of Chicago | USA |
| 9 | Uni.Of Pennsylvania | USA |
| 10 | ColombiaUni. | USA |

The World Investment Report series; The World Investment Report series is an annual publication on global and regional trends in foreign direct

investment and related policy developments at the national and international levels. The focus of UNCTAD's World Investment Report 2011 is on a fast growing but less understood facet of international production and commerce. The term 'cross-border non-equity modes' (NEMs) appears to be an inelegant description of the fairly common activities of transnational corporations (TNCs), such as contract manufacturing, services outsourcing, contract farming, franchising, licensing, and contractual management. "Non-Equity Modes of International Production and Development", the report focuses on global and regional trends in foreign direct investment and related policy developments at the national and international levels. The theme for last year's report was "Investing in a low-carbon economy". The 2011 edition of the World Investment Report focuses on the strategic use of non-equity modes by transnational corporations (TNCs) in their management of global value chains and international operations. According to the report, developing economies increased further in importance in 2010, both as recipients of FDI and as outward investors. As international production and, recently, international consumption shift to developing and transition economies, TNCs are increasingly investing in both efficiency- and market-seeking projects in those countries. For the first time, they absorbed more than half of global FDI inflows in 2010. Half of the top-20 host economies for FDI in 2010 were developing or transition economies.

## സ്വകാര്യ കോളേജ് പ്രിൻസിപ്പൽ നിയമനത്തിന് സീനിയോറിറ്റി പ്രധാന മാനദണ്ഡം – കേരളാ ഹൈക്കോടതി.

2009- ഏപ്രിൽ മാസം തിരുവിതാംകൂർ ദേവസ്വം ബോർഡ് അവരുടെ മൂന്നു കോളേജുകളിലേയ്ക്ക് പ്രിൻസിപ്പലന്മാരുടെ ഇന്റർവ്യൂ നടത്തി റാങ്കു ലിസ്റ്റു തയ്യാറാക്കി മൂന്ന് ജൂനിയർ അധ്യാപകരെ പ്രിൻസിലന്മാരായി നിയമിച്ചു. മാനേജുമെന്റിന്റെ വിവിധ കോജുകളിലെ അധ്യാപകരിൽ നിന്നും മൂന്നു ജൂനിയർ അധ്യാപകരെ തെരഞ്ഞെടുത്ത് പ്രിൻസിപ്പലന്മാരായി നിയമിച്ച നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ശാസ്താംകോട്ട ഡി.ബി.കോളേജിലെ ഡോ.ഹരിക്കുട്ടൻ ഉണ്ണിത്താൻ സമർപ്പിച്ച റിട്ട് ഹർജിയിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ സംക്ഷിപ്തം ഇതോടൊപ്പം ചേർക്കുന്നു. പ്രിൻസിപ്പൽ നിയമനങ്ങളിൽ മാനേജുമെന്റുകളുടെ സ്ഥാപിത താല്പര്യങ്ങൾക്ക് എതിരായി നമ്മുടെ സംഘടന കാലാകാലങ്ങളിൽ സ്വീകരിച്ച നിലപാടിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ് പ്രസ്തുത വിധി

**T.R. Ramachandran Nair. J**
**W.P.(C) No.15405 of 2009- U**
**Dated this the 1st day of July, 2011**

## JUDGMENT

............................ 21. Evidently, there is a fundamental flaw in the entire proceedings and the same vitiates the whole proceedings undertaken by the Board itself . This court, at this stage, is not therefore considering the contentions regarding want of qualification and other factors in respect of any of the parties. Since there is a fundamental flow in the proceedings, this court will be well justified in interfering with the proceedings in this writ petition

22. Therefore, the impugned orders, Exts. P4, P5 and P13 are quashed. There will be a direction to the first respondent Board to appoint the Principals in terms of the provisions of the respective University Acts and inthe light of the Principle laid down by the Full Bench of this Court in Suresh's Case (2003 (3) KLT 839), on the basis of seniority-cum -fitness. Respondents 2 to 4 are now continuing as principals in charge and as Drawing and Disbursing Officers. The process will be completed within a period of three months and they will continue as principal in charge and Drawing and Disbursing Officers in the meanwhile.........................




# മായാപുരി റേഡിയേഷൻ ചോർച്ച

## ദില്ലി സർവകലാശാലയിലെ ആറ് പ്രൊഫസർമാർക്കെതിരെ ചാർജ്ഷീററ്

ഡോ.എം.ആർ.സുദർശനകുമാർ
*എം.ജി.കോളജ്, തിരുവനന്തപുരം*



ദില്ലി സർവകലാശാലയിലെ ആറ് പ്രൊഫസർമാർക്കെതിരെ പോലീസ് ചാർജ് ഷീററ് സമർപ്പിച്ചു. രണ്ടുവർഷം വരെ തടവുശിക്ഷ അവർക്ക് ലഭിച്ചേക്കാം. കഴിഞ്ഞ വർഷം രസതന്ത്ര വിഭാഗത്തിൽ നിന്നും ലേലം ചെയ്തു വിററ ഗാമ റേ ഇറാഡിയേററിൽ നിന്നുമുണ്ടായ റേഡിയേഷൻ ചോർച്ച മൂലം ഒരാൾ കൊല്ലപ്പെടുകയും മററുപേർക്ക് സാരമായ പരിക്കേല്ക്കുകയും ചെയ്തതാണ് കേസിനാധാരമായത്. സയൻസ് ഫാക്കൽററി ഡീനായിരുന്ന പ്രൊഫ. രൂപ്‌ലാൽ, രസതന്ത്ര വിഭാഗം തലവനായിരുന്ന പ്രൊഫ. വി. എസ് വാർമർ, കമ്മിററി അംഗങ്ങളായിരുന്ന രസതന്ത്ര പ്രൊഫസർമാരായ എ. വി. പ്രസാദ്, രമേശ് ചന്ദ്ര രസ്തോഗി, അശോക്കുമാർ, റീത്ത കാക്കർ എന്നിവർക്കെതിരെയാണ് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ സെക്ഷൻ 337, 338, 304 എ എന്നീ വകുപ്പുകൾ പ്രകാരം കേസ് ചാർജ് ചെയ്തിരിക്കുന്നു. അറുപതോളം സാക്ഷികളെ ദില്ലി പോലീസ് പട്ടികയിൽ പെടുത്തിയിട്ടുണ്ട്.


കഴിഞ്ഞ വർഷം ഏപ്രിലിൽ മായാപുരിയിലെ ആക്രിക്കടയിൽ റേഡിയേഷൻ ചോർച്ചയ്ക്കു കാരണമായ ഗാമ റേഡിയേഷൻ ഇറാഡിയേററർ ദില്ലി സർവകലാശാലയിലെ രസതന്ത്ര വിഭാഗത്തിൽ നിന്നും ലേലം ചെയ്തു വിററതായിരുന്നു. 1968 ൽ കാനഡയിൽ നിന്നും വാങ്ങിയതാണ് ഈ ഉപകരണം. 1985 മുതൽ ഉപയോഗ ശൂന്യമായിരുന്ന ഈ ഉപകരണം 2010 ഫെബ്രുവരി 26 നാണ് ലേലത്തിൽ വിററത് 3500 കിലോ ഭാരമുണ്ടായിരുന്ന ഉപകരണം ഏഴു തൊഴിലാളികൾ പൊളിക്കുന്നതിനിടെയാണ് ഉപകരണത്തിലുണ്ടായിരുന്ന കൊബാൾട്ട്- 60 ൽ നിന്നും റേഡിയേഷൻ ചോർച്ചയുണ്ടായി ഒരാൾ മരിക്കുകയും ആറുപേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്തു.

ആറേറാമിക എനർജി റഗുലേററി ബോർഡ് സംഭവം ഗുരുതര പാളിച്ചയായി കാണുകയും സർവകലാശാലയെ റേഡിയോ ആക്ടീവ് സ്രോതസുകൾ ഉപയോഗിക്കുന്നതിൽ നിന്ന് വിലക്കുകയും ചെയ്തു. ഇന്ത്യൻ ശാസ്ത്രലോകത്തെ ഞെട്ടിച്ച ഈ സംഭവം നമ്മെ ഉണർത്താൻ പര്യാപ്തമാകണമെന്ന് ആറേറാമിക എനർജി കമ്മീഷൻ ചെയർമാൻ ഡോ. ശ്രീകുമാർ ബാനർജി അഭിപ്രായപ്പെട്ടു. ഗുരുതരമായ ഈ പാളിച്ചയിൽ നിന്ന് പ്രധാനപ്പെട്ട അനുഭവ പാഠങ്ങൾ ഉൾക്കൊള്ളണമെന്ന് ഇന്ത്യൻ അക്കാദമി ഓഫ് സയൻസിന്റെ പ്രസിഡന്റായ ഡോ. അജയ്സൂദ് പറഞ്ഞു.

**വാൽക്കഷണം**

സംഭവത്തിൽ ഒരാൾ മരിച്ചതിനു പുറമേ പരിക്കേററ രണ്ട് പേർക്ക് വളരെ ബൃഹത്തായ ചികിത്സ ആവശ്യമായി വന്നു. ആക്രി കച്ചവടക്കാരായ അജയ് ജെയിനിന് ചികിത്സയ്ക്ക് ചെലവായ 18 ലക്ഷം രൂപയ്ക്ക്‌വേണ്ടി തന്റെ കട വിൽക്കേണ്ടി വന്നു. റേഡിയേഷനേററ് പരിക്കേററ അദ്ദേഹത്തിന്റെ ആമാശയം, കാൽ എന്നിവയിൽ നിന്ന് ഡോക്ടർമാർ മാംസം അടർത്തി മാററിയതിനാൽ നടക്കാൻ പററാത്ത അവസ്ഥയിലാണ്. പരിക്കേററ ദീപക് ജെയിനിന് ചികിയ്ക്ക് 10 ലക്ഷം രൂപ ചെലവ് വന്നു.

പരീക്ഷണ ശാലകളിൽ രാസവസ്തുക്കളും ഉപകരണങ്ങളും ഉപയോഗിക്കുമ്പോഴും ഒഴിവാക്കുമ്പോഴും സുരക്ഷാ കാര്യങ്ങളിൽ നാമെത്രമാത്രം ശ്രദ്ധിക്കണമെന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ പരീക്ഷണ ശാലകളിലും ഗവേഷണ ലാബുകളിലും ഇതിനു വേണ്ടത്ര പ്രാധാന്യം നാം കല്പിക്കാറുണ്ടോ? അന്താരാഷ്ട്ര രസതന്ത്ര വർഷത്തിൽ പരീക്ഷണ ശാലകളിലെ സുരക്ഷയെ കുറിച്ച് കൂടുതൽ ചിന്തിക്കുവാനും പഠിക്കുവാനും ഈ സംഭവം പ്രചോദനമാകട്ടെ



# അഗ്നിച്ചുവടുകൾ തീർത്ത കലയുടെ സുവർണ സിംഹാസനം

**എ. ജി. ഒലീന**
*വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം*



നമ്മുടെ കലകൾ പോലും മുതലാളിത്തത്തിന്റെ വിപണിയിലെ വിശിഷ്ട ഭോജനങ്ങളായി പരിണമിച്ച ഒരു കാലത്താണ് ഇന്നു നമ്മൾ ജീവിക്കുന്നത്. വളരെ വേഗത്തിൽ കലാരൂപങ്ങൾ കമ്പോളത്തിലെ വ്യാപാര വസ്തുവായിത്തീരുന്നു. വിജയൻ മാഷ് സൂചിപ്പിക്കും പോലെ നടരാജനെന്നാൽ ന്യൂയോർക്കിൽ വില്ക്കപ്പെടുന്ന പഞ്ചലോഹ പ്രതിമയുടെ പേരായി മാറുന്നു. നടരാജൻ എന്നത് നടപഠിപ്പിച്ച - നൃത്തം ചെയ്യാൻ പഠിപ്പിച്ചു- ചിദംബരത്തെ ദൈവത്തിന്റെ, തില്ലെയമ്പലത്തിന്റെ പേരല്ല, മറിച്ച് അതൊരു ഓട്ടുപ്രതിമയുടെ പേരായിത്തീരുകയും ചെയ്യുന്നു. കഥകളി വേഷവും തുള്ളൽ വേഷവും പെയിൻറു കമ്പനികൾക്ക് ഒഴിച്ചു കൂടാനാകാത്ത പ്രതീകങ്ങളായി വിപണിയിലെത്തുന്നു. കലയുടെ ഭൗതികമായ രണ്ടു ലക്ഷ്യങ്ങളായി പലരും കരുതിയിരുന്ന പോലെ ഇന്ത്യൻ നൃത്തകലയുടെ ലക്ഷ്യമായും ഈശ്വരസൗന്ദര്യവും സ്ത്രീസൗന്ദര്യവും പരിഗണിക്കപ്പെട്ടുവരുകയും ചെയ്യുന്നു.

അത്യന്തം കലുഷവും സങ്കീർണവുമായ നമ്മുടെ കാലഘട്ടത്തിൽ കലയുടെ നിർവഹിക്കാനുള്ള സാംസ്കാരിക ദൗത്യത്തെക്കുറിച്ചു ഉറക്കെ ചിന്തിക്കേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നു. കാരണം ഓരോ ജനതയും അവരുടെ ഇച്ഛകളെ തിരുത്തുന്നതും തിരിച്ചറിയുന്നതും കലകളിലൂടെയാണ്. നമ്മൾ എത്തിച്ചേർന്ന ലോകത്തിനപ്പുറം എത്തിച്ചേരേണ്ടുന്ന ലോകത്തെക്കുറിച്ചുള്ള മഹത്തായ സ്വപ്നമായി കലകൾ മാറുന്നത് അതുകൊണ്ടാണ്. കലയുടെ ഈ ലോക ധർമ്മം നിർവ്വഹിക്കാൻ കെല്പുള്ള ചുവടുകൾ ഇന്ന് ഏറെയില്ല. തന്റെ അഗ്നിച്ചുവടുകൾ കൊണ്ട് കാലത്തോടും സംസ്കാരത്തോടും നിരന്തരം സംവദിക്കുന്ന കലാപകാരിയായ ഒരു കലാകാരി നമുക്കിടയിൽ ജീവിക്കുന്നു. അത് മററാരുമല്ല, മല്ലികാസാരാഭായി. സാംസ്കാരിക പ്രവർത്തനത്തിന്റെ കർമചൈതന്യം നഷ്ടമായിക്കൊണ്ടിരിക്കെ, സാംസ്കാരിക മുദ്രകളെല്ലാം കട്ടെടുത്തും കടപുഴകിയും പൊയ്പോയിക്കൊണ്ടിരിക്കെ സാംസ്കാരിക പ്രവർത്തനത്തെ വിപ്ളവപ്രവർത്തനമായി മാററിക്കൊണ്ടാണ് മല്ലികാസാരാഭായി ജീവിക്കുന്നത്. നൃത്തമെന്ന കലാരൂപത്തെ ഊർജ്ജസ്രോതസ്സായി സ്വീകരിച്ചു കൊണ്ട്, നൃത്തത്തെ അതിജീവിനത്തിനും ജീവിക്കാനുമുള്ള പോരാട്ട വീര്യമായി സ്വീകരിക്കുകയാണ് ആ കലാകാരി. പ്രശസ്തരായ ഒട്ടേറെ മലയാളികൾക്ക് ജന്മം നൽകിയ ആനക്കരത്തറവാട്ടിലെ അംഗമായ മല്ലികയോടൊപ്പം അവരുടെ അമ്മ

യായ മൃണാളിനി സാരാഭായിയും അമ്മയുടെ സഹോദരിയായ ക്യാപ്ററൻ ലക്ഷ്മി നമ്മുടെ ഓർമ്മയിലെത്തുന്നു. ഒപ്പം മല്ലികയുടെ പിതാവായ ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിന് ദിശാബോധം പകർന്ന വിക്രം സാരാഭായിയെന്ന മഹാപ്രതിഭയെയും.

ഏതു കലാരൂപത്തിനുള്ളിലും ഒരു സമരായുധം ഒളിഞ്ഞിരിപ്പുണ്ടെന്ന സാംസ്കാരിക യാഥാർഥ്യത്തെ മല്ലികാസാരാഭായുടെ പ്രവർത്തനങ്ങൾ തെളിയിച്ചു കൊണ്ടേയിരിക്കുന്നു. ഇന്ത്യൻ ഫാസിസത്തിന്റെ, മൂർത്ത രൂപമായ നരേന്ദ്രമോഡിയുടെ മതേതരത്വ ഉപവാസത്തിന്റെ കാപട്യത്തെ തുറന്നു കാട്ടിക്കൊണ്ട്, കേവലം ഇരുപതുപേരെ (ആ ഇരുപതുപേർ ഇരുപത്തയ്യായിരമോ ഇരുപത്തിയഞ്ചുലക്ഷമോ ആയിക്കാണണം) സംഘടിപ്പിച്ചു കൊണ്ടാണ് നരോദപാട്യയിൽ പ്രതിഷേധിച്ചത്. മതന്യൂന പക്ഷങ്ങളെ കൂട്ടക്കുരുതി നടത്തി, വിധ്വംസക ചരിത്രത്തിൽ ഇടം പിടിച്ച നരേന്ദ്രമോഡിയെ എതിർക്കുക എന്ന ധീരമായ ദൗത്യമാണ് തന്റെ ആവിഷ്കാര മാധ്യമത്തിലൂടെ മല്ലിക സാധ്യമാക്കിയത്. വംശഹത്യയുടെ ചോരപ്പാടു കണ്ടുണങ്ങാത്ത ഗുജറാത്തിന്റെ, മണ്ണിൽ ആഗ്നിച്ചുവടുകളുമായിട്ടാണ് ദർപ്പണയെന്ന കലാസംഘം നടന്നു നീങ്ങിയത്. ഗുജറാത്തെന്നാൽ ഇന്ത്യാക്കാർക്ക് ഗാന്ധിജിയുടെ ജന്മസ്ഥലമെങ്കിൽ ഇന്ന് ഗുജറാത്ത് മോഡിയുടെ സ്വപ്നസ്ഥലമായി തിരിച്ചറിയപ്പെടുന്നതിൽ ഈ കലാകാരി വേദിക്കുന്നു. ഗുജറാത്തു വികസനത്തിന്റെ പുറംമോടിയണിഞ്ഞു വരാജിക്കുന്ന അഭിനവ ഭസ്മാസുരനെ ചെറുക്കാൻ മല്ലാകാസാരാഭായിയ്ക്ക് വരായുധങ്ങളൊന്നുമില്ല. പക്ഷേ ഒന്നുണ്ട്, കലയുടെ നൂപുര ധ്വനികളിലുറങ്ങുന്ന സൗന്ദര്യ ശാസ്ത്രത്തിൽ നിന്ന് കലാപത്തിന്റെയും പ്രതിരോധത്തിന്റെയും രാഷ്ട്രീയം നിർമിക്കാനുള്ള ഇച്ഛാശക്തി. ദാരിദ്ര്യവും പട്ടിണിയും ചൂഷണവും മാത്രം അനുഭവിക്കുന്ന ഗുജറാത്തിലെ ഗ്രാമീണ ജീവിതത്തെ അനുദിനം ഇരുട്ടിലാഴ്ത്തി, വികസനത്തിന്റെ കപടമുഖം പേറി ജീവിക്കുന്ന മോഡിയുടെ അസ്സൽ വെളിപ്പെടുത്താൻ അവർക്കു കഴിയുന്നു. അക്രമവും അനീതിയും മനുഷ്യ നീതിയുടെ നിഷേധവും നടമാടുന്ന ഗുജറാത്തിന്റെ യഥാർത്ഥ ചിത്രം ദർപ്പണയുടെ നൃത്ത രൂപങ്ങളിലും നാടകങ്ങളിലും നമ്മളറിയുന്നു. സൂക്ഷ്മസത്യ പ്രവചനത്തിനുള്ള കലയുടെ സാധ്യതയെ ഫാസിസ്ററു അധികാര ശക്തികൾക്ക് ഭയമായതിനാൽ, മല്ലികയും കൂട്ടുകാരും നരോദപാട്യയിൽ അറസ്ററു ചെയ്യപ്പെട്ടു. അധികാര ശക്തിയുടെ ഭീഷണി പ്രയോഗം, മല്ലികയുടെ അഭിഭാഷകനെ കോഴകൊടുത്തു സ്വാധീനിക്കുന്നിടത്തോളമാണെന്നു നമ്മൾ ഇതിനകം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും വിപ്ലവത്തിന്റെ കെടാത്ത അഗ്നിനാളം ഉള്ളിലാപഹിക്കുന്ന ഈ വലിയ കലാകാരിക്കു തെല്ലും ആശങ്കയില്ല. റോഡുമുറിച്ചു കടക്കുമ്പോളാണ് അവർ അറസ്ററു ചെയ്യപ്പെടുന്നത്. മനുഷ്യനീതിയുടെ ഗുജറാത്തു മോഡൽ! എല്ലാ പ്രതിരോധ സമരങ്ങളെയും നിർവീര്യമാക്കുന്ന മാധ്യമ-ഫാസിസ്ററു- കുത്തകാധിപത്യത്തിനെതിരെ, ചെറുത്തു നില്പിന്റെ ബദൽ മാതൃകകൾ തേടിക്കൊണ്ടിരിക്കുന്ന വർത്തമാന സാഹചര്യത്തിൽ മല്ലികയുടെ പ്രതിഷേധ സ്വരത്തിന് സവിശേഷ പ്രസക്തിയുണ്ട്. കേരളത്തിലെ സാമൂഹ്യ മുന്നേററത്തിൽ അഭിമാനം കൊള്ളുമ്പോഴും ഇവിടത്തെ സ്ത്രീവിരുദ്ധ പ്രവണതകളിൽ അക്രമങ്ങളിൽ അവർ രോഷം കൊള്ളുന്നു


ഇന്ത്യയെന്നാൽ ഗുജറാത്തു മാത്രമല്ലെന്നും ഇന്ത്യക്കാരെന്നാൽ ഹിന്ദുക്കൾ മാത്രമല്ലെന്നും ബോധ്യപ്പെടുത്തിക്കൊണ്ടുള്ള, അഗ്നിച്ചുവടുകളുമായി ഈ കലാകാരി അവരുടെ പ്രയാണ് തുടരുകയാണ്. ജനാധിപത്യത്തെ, മതേതരത്വത്തെ, മനുഷ്യനീതിയെ സംരക്ഷിക്കാനും കാത്തു സൂക്ഷിക്കാനുമുള്ള കലയുടെ പ്രതിബദ്ധതയും ഇച്ഛാശക്തിയും അവരുടെ വാക്കുകളിലും ചുവടുകളിലും നിറയുന്നു. ഒരു നർത്തകിയെന്ന നിലയിൽ പ്രശസ്തിയുടെ കൊടുമുടികളിൽ കഴിയുമ്പോഴും, ഒരു നർത്തകിക്ക് ലോകത്തെ നിർമ്മിക്കാൻ *ലുക്ക്* (look) മാത്രം പോരാ *ഔട്ട് ലുക്ക്* (out look) അനിവാര്യമാണെന്ന് മല്ലികാസാരാഭായിയുടെ ജീവിതം ഉറക്കെപ്പറയുന്നു.

## സംഘടനാ ചരിത്രം തയ്യാറാക്കുന്നു

53 വർഷം പിന്നിട്ട നമ്മുടെ സംഘടനയുടെ സമരപോരാട്ടങ്ങളുടെ ചരിത്രം രേഖയാക്കാൻ പ്രവർത്തകസമിതി തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ എയ്ഡഡ് കോളധ്യാപകനെ മാനേജ്മെൻറിന്റെ കീഴിൽ അഭിമാനമായി ജോലി ചെയ്തിരുന്ന ദുരവസ്ഥയിലിൽ നിന്നും പടിപടിയായി ഉയർത്തി ഇന്നത്തെ മെച്ചപ്പെട്ട പദവിയിലേക്കെത്തിച്ചത് നമ്മുടെ സംഘടന നയിച്ച ധീരോദാത്തമായ അനവധി പോരാട്ടങ്ങളിലൂടെയാണ്.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ ചരിത്രത്തിന്റെ ഗതിവിഗതികൾ നിശ്ചയിക്കുന്നതിൽ നമ്മുടെ പ്രസ്ഥാനത്തിന്റെ പങ്ക് നിസ്തുലമാണ്. ഐതിഹാസികമായ ഈ വളർച്ചയുടെ കഥയാണ് സംഘടനാ ചരിത്രരചനയിലൂടെ നാം ലക്ഷ്യമിടുന്നത്. അങ്ങേയററം പങ്കാളിത്ത മനോഭാവത്തോടെ വസ്തുനിഷ്ടവും ശാസ്ത്രീയവുമായ മാർഗ്ഗത്തിലൂടെയാണ് ഈ ചരിത്രം രചിക്കുവാനുദ്ദേശിക്കുന്നത്. ഇതിൽ നമ്മുടെ സംഘടനയെ മുമ്പ് നയിച്ചിരുന്ന നേതാക്കളെ ഓരോരുത്തരേയും പങ്കാളികളാക്കുകയാണ്. ജില്ലാ ബ്രാഞ്ച് തലങ്ങളിൽ ഇതിനായുള്ള കൂടിച്ചേരലുകൾ ആസൂത്രണം ചെയ്യേണ്ടതാണ്. സംഘടനയുടെ മുഴുവൻ ബ്രാഞ്ചുകളും ഈ സംരംഭത്തിൽ വിവിധ ഘട്ടങ്ങളിൽ ഭാഗഭാക്കാകണം. ഏവരുടേയും ആത്മാർത്ഥമായ സഹായ സഹകരണമുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിച്ച് വിശദമായ പ്രവർത്തന പരിപാടി 14-10-211 ന് ചേരുന്ന പ്രവർത്തകസമിതി ചർച്ച ചെയ്ത് അന്തിമരൂപം നല്കും.

**ഡോ.പി.രാജേന്ദ്രൻനായർ**
**ജനറൽ സെക്രട്ടറി**






# കമലാ സുരയ്യ നിലാവ് പോലെ അക്ഷരങ്ങളിൽ ജീവിക്കുന്നവൾ

പ്രമോദ് വെള്ളച്ചാൽ
എം.ജി.കോളേജ്, ഇരിട്ടി



മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരിയും നോവലിസ്ററും ലോക പ്രശസ്ത കവയിത്രിയുമായ കമലാ സുരയ്യയുടെ അവസാനകാലങ്ങളിൽ എഴുതപ്പെട്ട കവിതാ സമാഹാരമാണ് നിലാവിന്റെ മററൊരിഴ. ഏതൊരു എഴുത്തുകാരനെ സംബന്ധിച്ചിടത്തോളവും പലവിധത്തിലുള്ള സന്ദർഭങ്ങൾ, സംഘർഷങ്ങൾ സ്വാഭാവികമാണ്. വിചാര വികാരങ്ങളുടെ രാസപരിണാമങ്ങൾ സാദ്ധ്യമാക്കുന്ന അവ്യാഖ്യേയമായ ഒരു തലം ഹൃദയം കൊണ്ട് പകർത്തുന്ന അക്ഷരങ്ങളിൽ സ്പന്ദിക്കുന്നുണ്ടാവും. നിലപാടുകളെ സംബന്ധിച്ച്, വൈയക്തികമായ ജീവിതാനുഭവങ്ങളെ സംബന്ധിച്ച് രാഷ്ട്രീയമായ കാഴ്ചപ്പാടുകളെ സംബന്ധിച്ചെല്ലാമുള്ള കാര്യങ്ങൾ ഏററകുറച്ചിലുകളോടെ സാഹിത്യ രചനകളിൽ ഒളിഞ്ഞും തെളിഞ്ഞുമിരിക്കും. സാഹിത്യ നിരൂപണത്തിന്റെ സൂക്ഷ്മ സുഷിരങ്ങളിലൂടെ നോക്കുമ്പോൾ മാത്രമേ ഇതെല്ലാം മനസ്സിലാവുകയുള്ളൂ. മലയാളത്തിൽ മാധവിക്കുട്ടിയായി നമ്മൾ തിരിച്ചറിഞ്ഞ, കമലാദാസായി ലോകത്തിന്റെ കവിതാ ഭൂപടത്തിൽ ഇടം തേടുകയും പിന്നീട് കമലാ സുരയ്യ എന്ന പ്രച്ഛന്ന വിഫലതയോടെ മൂടുപടത്തിലൊളിച്ച് മനസ്സ് പകർത്തിയ എഴുത്തുകാരിയാണ് , ഏത് പേരിലറിയപ്പെട്ടാലും മാധവിക്കുട്ടി. നെയ്തെടുക്കുന്ന വസ്ത്രത്തിന്റെ സുതാര്യമല്ലാത്ത നിഗൂഢതയിൽ ഒരു എഴുത്തുകാരിക്കോ എഴുത്തുകാരനോ തന്റെ ആർദ്ര ഹൃദയ ഭാവനങ്ങളുടെ ഭാവ പ്രപഞ്ചത്തെ മറക്കാനാവില്ല എന്ന പരാമർശത്തെ അടിവരയിടുന്നതാണ് മാധവിക്കുട്ടിയുടെ മതപരമായ പരകായ പ്രവേശത്തിനു ശേഷവും നമ്മൾ കാണുന്നത്. അപ്പോഴും വിമർശിക്കാനാവാത്ത വിധം സ്നേഹത്തിന്റെ അദൃശ്യ നൂലുകളാൽ വായനക്കാരുടെ ഹൃദയങ്ങൾ കോർത്തിണക്കിയ ഒരു അടുപ്പം ജീവിതം കൊണ്ട്, വാക്കുകളിലെ ചപല സൗന്ദര്യം കൊണ്ട്, അവർ നേടിയിരുന്നു.

നഷ്ട നീലാംബരികളെക്കുറിച്ച്, നീർമാതളം പൂത്തതിനെക്കുറിച്ച്, ചന്ദനമരങ്ങളെക്കുറിച്ചെല്ലാം മലയാളത്തിൽ കഥപറഞ്ഞിരുന്ന മാധവിക്കുട്ടി, ആത്മാവിന് മാത്രമേ എങ്ങനെ പാടണമെന്നറിയൂ ( Only the soul knows How to Sing) എന്ന കവിതാ സമാഹരത്തിലൂടെ ലോകസഹൃദയത്വത്തെ വിസ്മയിപ്പിച്ച്, ഒടുവിൽ തന്റെ ജീവിതത്തിന്റെ ആന്തരികമായ സംഘർഷങ്ങളെ തടുത്തു നിർത്താനാവാതെ മുഖംമൂടിയോ, പർദയോ, ഇല്ലാതെ, തുറന്നുവെച്ച ഹൃദയത്തിൽ നിന്നും ഇററിവീഴുന്ന രക്തം പോലെ, കവിതയെ ആത്മസാന്ത്വനത്തിന്റെ പ്രവാഹമാക്കുകയാണ്. നിലാവിന്റെ മററൊരിഴ എന്ന കൃതി ഉദാഹരിക്കുന്നതും മററൊന്നല്ല.

വായനക്കാരെ സംബന്ധിച്ചിടത്തോളം പരിശോധനാ വിധേയമാക്കാവുന്ന ഒട്ടനവധി കാര്യങ്ങൾ ഈ രചനകളെ ചുററിപ്പററിയുണ്ടാവും എന്നത് സ്വാഭാവികമാണ്. തനിക്ക് ജന്മം കൊണ്ട് കിട്ടിയ ഒരു മതസ്വത്വത്തിൽ നിന്ന് മററൊരു മതത്തിന്റെ അനുഷ്ഠാന വഴികളിലേക്ക് നടന്നു പോയവളാണ് കമല സുരയ്യ. അതേ സമയം തന്നെ ശരീരത്തെ മതത്തിന്റെ വസ്ത്രത്തിൽ പൊതിഞ്ഞ് മലയാളികളോട് മതവിശ്വാസ മഹിമകളെ കുറിച്ച്

വാചാലമാകുമ്പോഴും, ഈ എഴുത്തുകാരിയുടെ മനസ്സ് പഴയകാല പാരമ്പര്യങ്ങളിൽ നിന്നോ ഭാവനകളിൽ നിന്നോ ഒട്ടും മാറാതെ അതിന്റെ തീഷ്ണവും തീവ്രവുമായ മണ്ഡലങ്ങളിൽ നിന്നു തന്നെയാണ് സംസാരിച്ചു കൊണ്ടിരിക്കുന്നത്. വ്യക്തി വൈരുദ്ധ്യങ്ങളുടെ ഒരു വഴുതുന്ന പ്രതലം ചിലപ്പോൾ വ്യക്തമായി വായനയിൽ അനുഭവപ്പെട്ടേക്കാം. പുനർ വായനയുടെ പുരികങ്ങൾ വളയുമ്പോൾ കമലയുടെ ബിംബങ്ങളും ശൈലികളും വാക്കുകളും വികാര വിചാരങ്ങളുമെല്ലാം പഴയതു തന്നെയാണ്. *ഭയം എന്റെ നിശാവസ്ത്രം* എന്ന പുസ്തകത്തിൽ മതത്തെ സംബന്ധിച്ച തന്റെ ഉദാത്തമായ മാനവിക വീക്ഷണങ്ങൾ അടിവരയിട്ടു പറഞ്ഞവളാണ് കമല. ഒരുപാട് ശാഖകളുള്ള വൃക്ഷം പോലെയാണ് മത വൈവിദ്ധ്യങ്ങളുള്ള ഒരു സമൂഹമെന്നും അവിടെ ആരെങ്കിലും ഒരു ചില്ലയൊടിച്ചാൽ ആ മരം തന്നെ വാടിക്കരിഞ്ഞു പോവുമെന്നും കമല പറഞ്ഞു വെച്ചിട്ടുണ്ട്. പക്ഷെ ജീവിതത്തിന്റെ ഏതോ ഒരു പ്രതിസന്ധി ഘട്ടത്തിൽ ഒരു മതത്തിന്റെ ചില്ലയിൽ നിന്നും മറ്റൊന്നിലേക്ക് ചാടുവാൻ നിർബന്ധിക്കപ്പെടുകയായിരുന്നു കമല. പക്ഷേ അത് കേവലമായ ഒരു സ്വത്വ പുനർ നിർമ്മാണമോ, മതവിദ്വേഷത്തിന്റെ നിലപാടോ ആയിരുന്നില്ല, മറിച്ച് സ്നേഹത്തിനുവേണ്ടിയുള്ള ഒരു ആത്മ ബലിയായിരുന്നു എന്നതാണ് സത്യം. ലിപിയില്ലാത്ത ഹൃദയത്തിന്റെ മറുഭാഷകൾ വായിച്ചെടുക്കുമ്പോൾ കമലയോട് നമുക്ക് കൂടുതൽ ആദരവ് തോന്നിയേക്കാം. സ്നേഹത്തിന്റെ ജീവിത വഴികളിൽ ജീവിതം കൊണ്ട് പോരാടിയ ഒരു സമരോത്സുകത നിശ്ശബ്ദമായെങ്കിലും നമുക്ക് വായിച്ചെടുക്കാൻ പററും.

കൂലിപ്പട്ടാളം എന്ന ആദ്യകവിതയിൽ കമല പറയുന്നു,

സ്നേഹമായിരുന്നു
ഞാൻ എന്നേ തിരഞ്ഞെടുത്ത മതം
നീ എന്നെ സ്നേഹിച്ചപ്പോൾ
ആ മതത്തിന് പ്രസക്തി കൂടി
നിന്റെ ഉത്ക്കണ്ഠകളും
നിശ്വാസത്തിന്റെ താളവും
കാലടിയുടെ നോവും
ഞാനേററു വാങ്ങി.

ഈ വരികൾ ഒരു സാക്ഷ്യപത്രമാണ്. മതമെന്ന സ്ഥാപനവത്ക്കരിക്കപ്പെട്ട ഉരുക്കു കോട്ടകളെ സ്നേഹം കൊണ്ട് നിലം പരിശാക്കുന്ന സ്നേഹത്തിന്റെ കരുത്താണ് കമല എഴുതി വെച്ചത്. അതേ സമയം തന്നെ എവിടെയോ പിഴച്ചു പോയ ഒരു ചുവടിന്റെ പശ്ചാത്താപവും കമല എഴുതുന്നു.

പക്ഷെ നിന്റെ ചുവടുവെപ്പുകൾ
കൂലിപ്പട്ടാളത്തിന്റെ കവാത്ത് മാത്രമായി മാറി
നിന്റെ യഥാർത്ഥയജമാനൻ
അല്ലാഹു വായിരുന്നില്ലെന്ന്
ഞാൻ മനസ്സിലാക്കി

കൃഷ്ണനായാലും അല്ലാഹുവായാലും മതം സ്നേഹമാണെന്ന ഏററവും ഉദാത്ത വീക്ഷണമാണ് കമലയിവിടെ കോറിയിട്ടത്. *ഒരൊററ മതമുണ്ടുലകി ന്നുയരാൻ പ്രേമമതൊന്നല്ലോ* എന്ന് ഉള്ളൂർ പറയുമ്പോഴും വ്യക്തി പരവും മാനവികവുമായ സ്നേഹത്തിന്റെ സംഗീത ശ്രുതികളാണ് കാതിൽ മുഴങ്ങുന്നത്.

കൊടിയ വഞ്ചനയുടെ അരക്കില്ലത്തിൽ കത്തിപ്പോയ സ്നേഹ വിശ്വാസങ്ങളുടെ നൊമ്പരം പുരുഷ വിദ്വേഷത്തിന്റെ തലം വരെയെത്തി നില്ക്കുന്നുണ്ട് ചിലപ്പോൾ. പ്രകൃതിയും പുരുഷനും എന്ന കവിതയിൽ അവർ ഇങ്ങനെ പറയുന്നു.

ഞാൻ ഏകാന്തതയുടെ
ഓരംപററി
അലഞ്ഞു തുടങ്ങിയിട്ട്
സംവത്സരങ്ങളായി
നീണ്ട നീണ്ടയുഗങ്ങളായി....
പുരുഷാ നീ യൂദാസാണ്
നാളെ കോഴി കൂവും മുമ്പ്
നീ എന്നെ ഒററിക്കൊടുക്കും.....
ഞാൻ നിന്നെ വഞ്ചിക്കില്ല
ഒരു കോടതിയിലും
നിന്റെ ദുഷ്ചെയ്തികൾക്ക്
ഞാൻ സാക്ഷ്യം പറയില്ല

നിശ്ശബ്ദ സഹനം കൊണ്ട് പൊള്ളിവെന്ത മനസ്സിന്റെ ഏകാകിതാ ഭാവത്തോടെ ഒരു വർഷകാല വെയിലിന്റെ അയഗ്ന ലളിതമല്ലാത്ത മന്ദസ്മിതത്തോടെ ഈ എഴുത്തുകാരി മനസ്സിൽ നിറയുമ്പോൾ അവരുടെ ജീവിതത്തിൽ നമ്മളെയ്ത അമ്പുകൾ കുമ്പസാരത്തോടെ വലിച്ചൂരേണ്ടി വരുന്ന സന്ദർഭങ്ങളാണിത്.

തന്റെ ജീവിതാനുഭവങ്ങളുടെ കഷായ രസം മോന്തി സ്വയം തീർത്ത ചിതയിൽ പച്ചയായി കത്തി മതത്തെത്തന്നെ ആക്ഷേപിക്കുന്നുണ്ട് കമല. *കഴുമരങ്ങൾ* എന്ന കവിതയിൽ ഇത് വ്യക്തമാണ്.

മതത്തിന്റെ കഴുമരങ്ങളിൽ
വൈദികരുടെ നഗ്നകബന്ധങ്ങൾ
ആടിയുലയുന്നു.

നശ്വരമായ ലൗകികതകൾക്കപ്പുറത്ത് പ്രണയത്തിന്റെ അനന്തതയെ കമല തിരിച്ചറിയുന്നുണ്ട്. *എന്റെ പ്രിയതമൻ* എന്ന കവിത പറയുന്നത് അതാണ്.

ശരീരമില്ലാത്ത നാഥനാണ്
എന്റെ പ്രിയതമൻ
ദേഹവും ദേഹിയും മായുമ്പോഴും
അവൻ യാഥാർഥ്യമായി നില്ക്കും
വഴിപോക്കരേ നിങ്ങൾ
എന്റെ ആനന്ദത്തിൽ പങ്കെടുക്കുമോ?

ദമിതം ചെയ്ത ഒരു സങ്കടകടലിന്റെ അഗാധ വിതുമ്പലുകൾ വായനക്കാരെ സ്പർശിക്കാതെ പോവില്ല തീർച്ച. *പ്രേമം മാത്രം മതം* എന്ന കവിതയിൽ സ്നേഹത്തിന്റെ മനസ്സും മനശാസ്ത്രവും കാണാം.

സ്നേഹിക്കുന്നവൾ
കണ്ണാടിയിൽ
സ്വന്തം മുഖം കാണുകയില്ല
പക്ഷെ പ്രേമഭാജനത്തെ കാണുന്നു
പ്രിയതമാ ഞാൻ നിന്നെ മാത്രം കാണുന്നു

എക്കാലത്തെയും പ്രണയത്തിന്റെ സൗന്ദര്യ രൂപമായ കൃഷ്ണൻ തന്നെയാണപ്പോഴും കമലയുടെ ഹൃദയത്തിൽ.

രക്ത ധമനികളിലൂടെ
നാദമായൊഴുകുന്നു
കൃഷ്ണാ നിൻ തിരുനാമം- ഒരു പക്ഷെ തന്റെ രൂപ- ഭാവ വൈരുദ്ധ്യങ്ങളിലൂടെ മത വിശ്വാസ വൈരുദ്ധ്യത്തെ തന്നെ നിർവീര്യമാക്കി സ്വന്തം ജീവിതം കൊണ്ട് സ്നേഹമെന്ന മതത്തിന്റെ കൊടുമുടികൾ പണിയുകയായിരുന്നു കമല.

സ്നേഹത്തിന്റെ സ്വയം പണിത തറവാട്ടിൽ ഒററക്കിരുന്ന് ജീവിതത്തെ നോക്കി *സ്വപ്നങ്ങൾ* എന്ന കവിതയിൽ ഇങ്ങനെ പറയുന്നു.

ഒഴിഞ്ഞ ഇത്തിളുകൾ
പോലെയായിതീർന്ന ഈ കണ്ണുകൾക്ക്

പണ്ടോരിക്കൽ
കിനാവു കാണുവാൻ കഴിഞ്ഞിരുന്നു. വിസ്മൃതിയുടെ മയക്കത്തിലൂടെ ഓരോ കിനാവിനെയും അതിജീവിച്ച് സ്നേഹത്തിൻെറ തമ്പുരു ജീവിതം കൊണ്ടു മീട്ടിയ അപൂർവ്വാനുഭവമാണ് കമലയെന്നും. *ഈ വരും വെള്ളിയാഴ്ച* എന്ന കവിതയിൽ മനസ്സിൻെറ മൂടുപടം മാററി തെളിച്ചു പറയുകയാണ് കമലാസുരയ്യ.

യാ അള്ളാഹ്
ഇനിയെങ്കിലും എന്നെ ശിക്ഷിക്കുക
നിന്നിലുമധികം ഞാനവനെ
സ്നേഹിച്ചു പോയി.... അപ്പൊഴും സ്വയം ശിക്ഷയേററു വാങ്ങാനാഗ്രഹിക്കുന്ന ഒരു മസോക്കിസ്ററിൻെറ നിഷ്ക്കളങ്കതയാണ് കമലയിൽ കാണാൻ കഴിയുക. നിഷേധിക്കപ്പെട്ട സ്നേഹത്തിൻെറ മരുഭൂമിയിൽ മുട്ടുകുത്തിയിരുന്ന് പിൻമടക്കമില്ലാത്ത ജീവിതത്തിൻെറ ഭാണ്ഡങ്ങൾ മുറുക്കി കെട്ടി അവർ അല്ലാഹുവിനോട് പ്രാർത്ഥിച്ചു. *പൂനിലാവ്* എന്ന കവിതയിൽ ഈ സ്വയം സാന്ത്വനത്തിൻെറ പ്രാർത്ഥനയാണ് കാണാൻ കഴിയുക.

സുരയ്യാ
നീ ഏകാകിനിയല്ല
അള്ളാഹുവിൻെറ വാത്സല്യത്തിൻെറ
പൂനിലാവ് ഒരു കവചമെന്ന പോലെ
നീയെടുത്തണിഞ്ഞില്ലേ?

സ്നേഹാഭൂതിയുടെ വസന്തങ്ങളിലൂടെ, ശിശിര വിരഹത്തിൻെറ ഇലപൊഴിഞ്ഞ വഴികളിലൂടെ എല്ലാം അല്ലാഹുവിൽ അർപ്പിച്ച് സ്നേഹോദാരതയുടെ ഹരിത ഭൂമി തേടുകയാണ് *മരുപ്പച്ച എന്ന കവിതയിൽ.*

നിറഞ്ഞ മരുപ്പച്ച
അതല്ലേ അല്ലാഹുവിൻെറ ഗൃഹം
അതല്ലേ അവൻെറ സ്നേഹ സാമ്രാജ്യം
ദാഹങ്ങൾ അവിടെ ശമിക്കുന്നു
തീരാമോഹങ്ങൾ അവിടെ മായുന്നു
അല്ലാഹുവിൻെറ മരുപ്പച്ച
എനിക്കഭയം തരുന്ന മരുപ്പച്ച

സ്നേഹാധിക്യം കൊണ്ട് കലുഷമായി തീർന്ന ഒരു മനസ്സ് അതിൻെറ സന്തുലിത പ്രതലങ്ങളിൽ നിന്നും ഊഷരജല്പനങ്ങളുടെ ഭ്രാന്തിലേക്ക് തെന്നിപ്പോവുന്നതു പോലെ ചിലപ്പോൾ വാക്കുകൾ അനുഭവപ്പെട്ടേക്കാം. *ഉപ്പ്* എന്ന കവിതയിൽ ഇത് കാണാം

ഇനിയെങ്കിലും നിൻെറ പാട്ട് നിർത്തുക
ഓ വിദൂര ഗായകാ
മോഹക്കണ്ണുകളോടെ
എന്നെ നോക്കാതിരിക്കുക
അതിഥികൾക്കായി
വെള്ളം മാത്രമേ ഇവിടെ
അവശേഷിക്കുന്നുള്ളൂ...
കൈക്കുടന്നയിൽ
അത് വാങ്ങിക്കുടിച്ച്
പഥികരേ നിങ്ങൾക്ക് യാത്രയാകാം.
അസ്സലാമു അലൈക്കും
വലൈക്കും അസലാം.....

പുന: സമാഗമം, ഒരു പ്രണയ കവിത, തവിട്ടു നിറമുള്ള കണ്ണുകൾ സദ്യ, കഥയുടെ അന്ത്യം അപരിചിത, കിനാവ് കണ്ട രാധ തുടങ്ങിയ കവിതകൾ എല്ലാം തന്നെ *മനുഷ്യർക്കുള്ള സന്ദേശം* എന്ന കവിതയിലേക്കുള്ള യാത്രയാണ്. ആ കവിതയിൽ കമല പറയുന്നു.

അപൂർണതേ
നിന്നെ ഞാൻ മനുഷ്യൻ എന്ന് വിളിക്കുന്നു
ചൈതന്യത്തിൻെറ അക്കരകൾ
മണ്ണിൽ വിത്തുകൾ പോലെ
നിന്നിൽ ഞാൻ നിക്ഷേപിക്കുന്നു-

അപൂർണതയുടെ മനുഷ്യ ജീവിതത്തിലും ചൈനത്യത്തിൻെറ വിത്തുകൾ വിതറുന്ന പൂർണതയുടെ വഴികൾ സ്വപ്നം കാണുന്ന എന്തോ ഒന്ന്- ഒരു പക്ഷേ അതായിരിക്കാം കമലയെ ജീവിതത്തിൻെറ ഒററയടിപ്പാതയിലൂടെ കൈ പിടിച്ച് നടത്തിച്ചത്.

ദൈവത്തെ സ്വാതന്ത്ര്യമായാണ് കമല കണ്ടത്. അല്ലാതെ മതത്തിൻെറ തടവറയിൽ കഴിയുന്നവനായിട്ടല്ല ദുർവ്യാഖ്യാനത്തിൻെറ ചങ്ങലകൾ കൊണ്ട് സ്വാതന്ത്ര്യമെന്ന ദൈവത്തെ ഒരാൾക്കും ബന്ധിക്കാനാവില്ല എന്ന് കമല പറയുന്നു.

ദൈവം
മതങ്ങളുടെ തടവറകളിൽ
ഒതുങ്ങുമോ?
ആരാണ് ഈ മിഥ്യപ്രചരിപ്പിച്ചത്?
ദൈവം അപാര സ്വാതന്ത്ര്യമാണ്
ദൈവമില്ലാത്തൊരിടം
ഭൂമിയിലില്ല- സ്വാതന്ത്ര്യമെന്ന ദൈവത്തെ, അനന്തതയെ നമിക്കുകയാണ് കമലയുടെ മനസ്സ്

*പിടയ്ക്കന്ന കാലടികൾ* എന്ന കവിത ആത്മ വിമർശനത്തിൻെറ കുമിളകളാണ്.

അനന്തത കൊണ്ടോ
അവൾ മനുഷ്യനെ ആരാധിച്ചത്?
തത്ത്വ സംഹിതകൾ
വേണ്ടത്ര ഗ്രഹിക്കാത്തവൾ
മതങ്ങളുടെ ചേർക്കളങ്ങളിൽ
മീൻ പിടിക്കാനിറങ്ങിയോൾ
സുരയ്യ.

കമലക്ക് സ്വയം ബോദ്ധ്യമുണ്ടായിരുന്ന ഒരു ജീവിതം തന്നെയാണ് ജീവിച്ചു തീർത്തത്. അപ്പോഴും അവർ തേടിയത് സത്യമായ സ്നേഹത്തിൻെറ ജീവിത പറുദീസകൾ മാത്രമായിരുന്നു.

പുസ്കതത്തിൻെറ തലക്കെട്ടായ *നിലാവിൻെറ മറെറാരിഴ* എന്ന കവിത ഏററവും ഒടുവിലാണ് കൊടുത്തിട്ടുള്ളത്. ഏത് സഹൃദ ബോധങ്ങളെയും ഈറനണിയിക്കുന്ന അഗാധ നീലിമയുടെ നുരസ്പർശം ഈ കവിതയിലുണ്ട്.

യാ അള്ളാഹ്
നിൻെറ നെയ്ത്തു ശാലയിൽ
പുണ്യപ്പട്ടു നൂൽ കൊണ്ട്
ആർക്കായിട്ടാണ് നീ
ലോലലോലമായൊരീ
നമസ്ക്കാര കുപ്പായം
ചമക്കുന്നത്......

എനിക്കോ തമ്പുരാനേ?

നിശാവർണാവരണത്തിനടിയിലെ നിലാവുപോലുള്ള മനസ്സുതന്നെയാണ് പതിതയായ താൻ തിരിച്ചറിയുന്നത് എന്ന് എഴുത്തുകാരിക്ക് ബോധ്യമുണ്ട്. സമൂഹത്തിൻ്റെ ഉപരിപ്ലവമായ സദാചാര തീർപ്പുകൾ ഒരു പക്ഷേ അവരോട് പറയുന്നതെന്തായിരിക്കും എന്ന് അവർ തിരിച്ചറിയുന്നുണ്ട്.

എണ്ണിയാലൊടുങ്ങാത്ത തെറ്റുകൾ
വിസ്മൃതിക്കടലിൽ
കബന്ധങ്ങളെപ്പോലെ
മുങ്ങിപ്പൊന്തുമ്പോൾ
അഹം ഓർമ്മിപ്പിക്കുന്നു.
നീ പാപ പങ്കിലയാണ്
നിൻ്റെ ശരീരം അശുദ്ധവും

പാപം/പുണ്യം, ശുദ്ധം/അശുദ്ധം, ശരി/തെറ്റ് തുടങ്ങിയ പാരസ്പര്യങ്ങളുടെ ആപേക്ഷിതമായ സ്നേഹമെന്ന വികാരത്തിൻ്റെ ആത്മ ശുദ്ധി കൊണ്ട് വിമലീകരിക്കുകയാണ് കമല.

കഴുമരത്തിൻ കീഴിൽ കണ്ണുംകെട്ടി
നിൽക്കുന്നവളെ

നിന്റെ ശരീരം പിടഞ്ഞ് നിലം പതിക്കാം; *പ്രേമമെന്ന രാവിന് പുലർകാലമെന്നില്ലായിരിക്കാം, ധ്വനിയ്ക്കുന്ന നിശ്ശബ്ദതയിൽ കോഴികൾ കൂവില്ലായിരിക്കാം*, എങ്കിലും ജീവിതം സ്നേഹമാക്കി മാറ്റിയ ഒരാൾ മരണത്തിൽ പോലും അതിന്റെ സ്പന്ദനം ചേർത്തു പിടിക്കുന്നു എന്നാണ് കമല സുരയ്യ കാണിച്ചു തരുന്നത്. *പൂമ്പാറ്റയെ കാക്കുന്ന പൂവ്* എന്ന കവിതയിൽ പറയും പോലെ

ജഢമായിത്തീരാൻ പോവുന്ന
ഈ പാവം ശരീരം
ആരുടെ ആലിംഗനത്തെയാണ്
ഇന്നും പ്രതീക്ഷിക്കുന്നത്?
ആരുടെ ചുംബനത്തിലാണ്
അധരം ഇന്നും വിടരുന്നത?
പൂമ്പാറ്റയെ കാക്കുന്ന പുവിനെപ്പോലെ?

പൂവും പൂമ്പാറ്റയും പോലെ ജീവിതവും പ്രണയവും ഇവിടെ താദാത്മ്യം പ്രാപിക്കുന്നു.


ശരിക്കും ഒരു നിലാവുപോലെ ജീവിച്ചു മരിച്ചവളാണ് കമല. നിർവചനങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും അപ്രാപ്യമായ ലോകത്ത് ജീവിതം കൊണ്ട് കവിത രചിച്ചവൾ. അമേരിക്കൻ കുമ്പസാരം കവിയിത്രി (confessional poetess) സിൽവിയ പ്ലാത്ത് (Sylvia Plath)പാടിയതുപോലെ ഹൃദയത്തിൽ നിന്നും മുറിഞ്ഞൊഴുകുന്ന രക്തമാണ് കമലക്കും തന്റെ കവിത.

നാലപ്പാട് തറവാട്ടിൽ നിന്നും പാളയം ജുമാമസ്ജിതിലേക്കുള്ള ദൂരത്തിന് ഒരു സാംസ്കാരിക സത്തയുണ്ട്. മതസ്വത്വങ്ങളുടെ കൂടുമാറ്റത്തിലൂടെ മതങ്ങളുടെ സവിശേഷതകളല്ല മനുഷ്യന്റെ സവിശേഷതയാണ് കമല കാണിച്ചു തരുന്നത്. മതങ്ങൾക്കും മൂടുപടങ്ങൾക്കുമപ്പുറം നിലാവുപോലെ അദൃശ്യമായ ഒരു തലത്തിലൂടെ സ്നേഹമെന്ന തന്റെ പ്രഖ്യാപിത മതത്തിലേക്ക് ബോധപൂർവ്വം തന്നെ നടന്നു പോയവളാണ് കമലസുരയ്യ.

*ജാലകച്ചില്ലിൽ മുഖമുരക്കുന്ന കടലാസുപൂക്കളെ പോലെ ചിലപ്പോൾ എത്ര നൈമിഷികം നമ്മൾ ജീവിത വഴികളിൽ അനുഭവിക്കുന്ന സൗഹൃദം* എന്ന് ഒരിക്കൽ എന്റെ ഓട്ടോഗ്രാഫിൽ എഴുതിയ സ്നേഹത്തിന്റെ അമ്മയായ കമലയെ കാണാൻ പിന്നീട് ഞാൻ പോവേണ്ടിവന്നത് പാളയം ജുമാമസ്ജിദിന്റെ കബറടക്കങ്ങളുടെ മണ്ണിലാണ്. സ്പന്ദിക്കുന്ന ആ അസ്ഥിമാടം കുറെ നോക്കിയിരുന്നപ്പോൾ മനുഷ്യ ജീവിതത്തെ നോക്കി അപ്പോഴും നിലാവുപോലെ ചിരിക്കുന്ന ആ എഴുത്തുകാരിയെ ഞാൻ കണ്ടു. ആ ചിരിയുടെ സ്നേഹവായ്പ് അനുവദിച്ചപ്പോൾ ഇത്രയെങ്കിലും എഴുതണമെന്നും തോന്നി. മലയാള സാഹിത്യ നിരൂപണം ഇപ്പോഴും കമലയോട് നീതി കാണിച്ചു എന്ന് പറയാനാവില്ല.

Poem

Vinodkumar Edachery
*RSM Sndp Yogam College, Koyilandy*



# Thoughtful

Roaming idly
As Sacrificial horses
That forgot their aim
Evil forces
In the World of Dhyana
Elixir to travellers

Spiritual thoughts that unfold
The mystery of God
Erecting walls in human hearts
Terror moves


Thoughts of liberation
That presented fetters
To despots
Uprooting empires
With arms and ammunition
Of revolution

Thoughts of separation......
The cause of the love- sights
Of the beloved.

# സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ

# യാദൃശ്ചികാവധി
## casual leave

**കെ.എസ്.ജയചന്ദ്രൻ**
*എസ്.കെ.വി.കോളജ്, തൃശ്ശൂർ*
*കൺവീനർ,*
*എ.കെ.പി.സി.ടി.എ.*
*സർവ്വീസ്സെൽ*



1. യാദൃശ്ചികാവധി അംഗീകൃത അവധികളുടെ നിർവ്വചനത്തിൻെറ പരിധിയിൽപെടുന്നില്ല
2. സാങ്കേതികമായി പറഞ്ഞാൽ യാദൃശ്ചികാവധിയിൽ ഇരിക്കുന്ന ഉദ്യോഗസ്ഥൻ ജോലിയിൽ നിന്ന് വിട്ട് നില്ക്കുന്നതായി കണക്കാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ശമ്പളവും ബത്തകളും തടസ്സപ്പെടുന്നുമില്ല
3. യാദൃശ്ചികാവധി അനുവദിക്കുന്നതിന് അധിക നടപടിക്രമങ്ങൾ ഒന്നുമില്ല. ഇത്തരം അവധി സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ട ആവശ്യവുമില്ല. ഹാജർ പുസ്തകത്തിൽ യാദൃച്ഛികാവധി രേഖപ്പെടുത്തുകയും ഇതിനായുള്ള രജിസ്ററിൽ അവധി വിവരം എഴുതി കൂട്ടിയിടുകയും ചെയ്യുന്നു.
4. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർക്ക് ഒരു കലണ്ടർ വർഷത്തിൽ പരമാവധി എടുക്കാവുന്നത് 15 യാദൃച്ഛികാവധികളാണ്
5. ഞായറാഴ്ചയോടും മററ് അംഗീകൃത ഒഴിവ് ദിവസങ്ങളോടും ചേർത്ത് യാദൃശ്ചികാവധി എടുക്കാവുന്നതാണ് എന്നാൽ, ഇത്തരത്തിലുള്ള അംഗീകൃത ഒഴിവ് ദിനങ്ങളോട് ചേർത്ത് യാദൃശ്ചികാവധിയെടുക്കുമ്പോൾ, ഒഴിവ് ദിനങ്ങളും യാദൃച്ഛികാ അവധി ദിവസങ്ങളും ചേർത്ത് വരുന്നത് 15 ദിവസം കവിയാൻ പാടില്ല.
6. അവധി അനുവദിക്കുന്ന ഉദ്യോഗസ്ഥൻെറ വിവേചനാധികാരമുപയോഗിച്ച് കൊണ്ട്, ഒരു വർഷത്തിൽ താഴെ സർവ്വീസുള്ള അധ്യാപകർക്കും പരമാവധി 15 ദിവസത്തെ യാദൃച്ഛികാ അവധി ഒരു കലണ്ടർ വർഷത്തിൽ അനുവദിക്കാവുന്നതാണ്.
7. യാദൃശ്ചികാവധി അരദിവസത്തേക്കും ലഭിക്കുന്നതാണ്.
8. സാധാരണ ഗതിയിൽ, മററ് അംഗീകൃത ലീവിനോടോ, വെക്കേഷനോടോ, പ്രവേശനകാലത്തോടോ ചേർത്ത് യാദൃശ്ചികാവധിയെടുക്കാൻ പാടില്ല. എന്നാൽ, പരീക്ഷാ ജോലികൾ മററ് യൂണിവേഴ്സിററി ജോലികൾ തുടങ്ങിയവയ്ക്കുള്ള ഡ്യൂട്ടി ലീവിനോടു കൂടി യാദൃശ്ചികാവധിയെടുക്കാവുന്നതാണ്.
9. ഒരിക്കൽ അനുവദിച്ച യാദൃശ്ചികാവധി മറെറാരു തരത്തിലുള്ള അവധിയായി പരിവർത്തനം ചെയ്യാൻ പാടില്ല. എന്നിരുന്നാലും യാദൃശ്ചികാവധിയെത്തുടർന്ന്, മറേറതെങ്കിലും തരത്തിലുള്ള അവധിയെടുക്കേണ്ട സാഹചര്യമുണ്ടായാൽ, യാദൃശ്ചികാവധി തുടങ്ങിയ ദിവസം മുതൽ പ്രസ്തുത അവധി തുടങ്ങിയതായി കണക്കാക്കാം

**ചോദ്യം.** ഞാൻ 2007 ഒക്ടോബറിൽ സെലക്ഷൻ ഗ്രേഡ് ലക്ചറർ ആയതാണ്. 2010 ഒക്ടോബറിൽ അസ്സോസിയേററ് പ്രൊഫസ്സർ ആകേണ്ടതാണ്. അതിന് പ്രൊപ്പോസൽ ഡെ. ഡയറക്ടർക്ക് അയച്ചു കൊടുത്തെങ്കിലും അത് തിരിച്ചയക്കപ്പെടുകയാണുണ്ടായത്. ഇനി ഞാൻ എന്തു ചെയ്യണം?

**ഉത്തരം.** 2010 യു. ജി. സി റെഗുലേഷൻ യു. ജി. സിയുടെ വെബ് സൈററിൽ വന്ന 30.6.2010 വരെ സെലക്ഷൻ ഗ്രേഡ് ലക്ചററായ വരെ പ്രസ്തുത ഗ്രേഡിൽ 3 വർഷം തികയുന്ന മുറക്ക് മറെറാരു നിബന്ധനയും കൂടാതെ അസ്സോസിയേററ് പ്രൊഫസ്സർമാരാക്കാമെന്ന് 16.8 2011 ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു പക്ഷേ മേൽപറഞ്ഞ വിശദീകരണം വന്നതിന് മുമ്പായിരിക്കാം താങ്കളുടെ പ്രൊപ്പൊസൽ ഡെ. ഡയറക്ടറാഫീസിൽ പരിശോധിച്ചിരിക്കുക. മുമ്പ് കൊടുത്ത പ്രൊപ്പൊസൽ, അതേ രീതിയിൽത്തന്നെ സർവ്വീസ് ബുക്ക് സഹിതം ഡെ. ഡയറക്ടർക്ക് വീണ്ടും സമർപ്പിക്കുക. തീർച്ചയായും അസ്സോസ്സിയേററ് പ്രൊഫസ്സറായുള്ള ശമ്പള നിർണ്ണയം നടത്തിക്കിട്ടും.

**ചോദ്യം.** ഞാൻ 2006 ഡിസംബറിൽ പി എച്ച് ഡി യോടു കൂടി സർവ്വീസിൽ കയറി. 2010 ഡിസംബറിൽ പ്രൊമോഷൻ ആകേണ്ടതാണ്. അതിന് ഞാൻ എന്തു ചെയ്യണം.?

18.9. 2010 ൽ കേന്ദ്ര ഗവൺമെൻറ് ഗസററിൽ പ്രസിദ്ധീകരിച്ച യു ജി സി റെഗുലേഷനിലാണ് പ്രൊമോഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഉള്ളത്. 10. 12. 2010 ലെ കേരള ഗവൺമെൻറ് ഉത്തരവിൽ യു ജി സി റെഗുലേഷനെ സംസ്ഥാന അതുപോലെ തന്നെ അംഗീകരിച്ചിട്ടുണ്ട്. 18. 9. 2010 മുതല്ക്കാണ് പ്രസ്തുത റെഗുലേഷനെ സംസ്ഥാന ഗവൺമെൻറ് അംഗീകരിച്ചത്. എന്നിരുന്നാലും യൂണിവേഴ്സിററികൾ അത് അംഗീകരിക്കുന്ന മുറക്കേ അതിന് അതാത് യൂണിവേഴ്സിററികളിൽ നിയമസാധുതയുണ്ടാവുകയുള്ളൂ. കേരളത്തിൽ മഹാത്മ ഗാന്ധി യൂണിവേഴ്സിററിയിൽ യു ജി സി റെഗുലേഷൻ അംഗീകരിച്ച് കൊണ്ട് ഉത്തരവ് വന്നു കഴിഞ്ഞു. 2011 ആഗസ്ററ് ഒന്ന് മുതലാണ് അവിടെ റെഗുലേഷൻ അംഗീകരിച്ചിരിക്കുന്നത്. മററ് യൂണിവേഴ്സിററികൾ ചിലഭേദഗതികളോടെയാണെങ്കിലും യു ജി സി റെഗുലേഷൻ അംഗീകരിക്കുന്ന നടപടികൾ തുടങ്ങിക്കഴിഞ്ഞു. 2010 ൽ വരുന്ന പ്രമോഷന് യു ജി സി റെഗുലേഷൻ നിബന്ധനകൾ അനുസരിച്ച് മാത്രമേ അംഗീകാരം ലഭിക്കാൻ സാധ്യതയുള്ളൂ. എന്നിരുന്നാലും 18. 9. 2010 നും യു ജി സി റെഗുലേഷൻ യൂണിവേഴ്സിററി അംഗീകരിക്കുന്ന തീയതിയ്ക്കുമിടയിൽ നടക്കേണ്ട പ്രമോഷനുകൾ മുൻ തീയതിയിൽ തന്നെ നടത്താൻ യൂണിവേഴ്സിററിയിൽ നിന്ന് നിർദ്ദേശം കൊടുക്കാവുന്നതാണ്. യു ജി സി റെഗുലേഷനും പ്രമോഷനും സംബന്ധിച്ചുള്ള നിബന്ധനകൾ യു ജി സി വെബ് സൈററിൽ വിശദമായി കൊടുത്തിട്ടുണ്ട്. (*www.ugc.ac.in*)

**ചോദ്യം.** എനിക്ക് 2009 ജൂണിൽ സർവ്വീസ്സിരിക്കെ പി എച്ച് ഡി കിട്ടിയിട്ടുണ്ട്. 1.1. 2006 മുതലുള്ള . യു ജി സി ശമ്പള പരിഷ്കരണവും എനിക്ക് ലഭിച്ചിട്ടുണ്ട്. പി. എച്ച് ഡിക്കുള്ള മൂന്ന് അഡ്വാൻസ് ഇൻക്രിമെൻറുകളും എനിക്ക് ലഭിച്ചു. 2009 ജൂണിൽ പി എച്ച് ഡിയുടെ അഡ്വാൻസ് ഇൻക്രിമെൻറ് ലഭിച്ചതിന് ശേഷം വാർഷിക ഇൻക്രിമെൻറ് എന്നാണ് എനിക്ക് ലഭിക്കുക.

**ഉത്തരം.** പി എച്ച് ഡി യുടെ മുൻകൂർ ഇൻക്രിമെൻറ് ലഭിച്ചതുകൊണ്ട് വാർഷിക ഇൻക്രിമെൻറിൻെറ തിയതിക്ക് മാററമില്ല. അടുത്ത വാർഷിക ഇൻക്രിമെൻറ് 2009 ജൂലൈ ഒന്നിന് തന്നെ ലഭിക്കും. 2009 ജൂലൈ ഒന്നിന് വരുന്ന അടിസ്ഥാന ശമ്പളത്തിൻെ 3% വരുന്ന തുക ( അടുത്ത പത്തിൻെറ ഗുണിതത്തിന് ശരിയായി) പേ ബാൻറിലെ ശമ്പളത്തിൻെറ കൂടെ കൂട്ടുക. അതാണ് പേ ബാൻറിലെ പുതിയ ശമ്പളം. അതിൻെറ കൂടെ അക്കാദമിക് ഗ്രേഡ് പേയും കൂടി കൂട്ടിക്കിട്ടുന്ന തുകയാണ് ഇൻക്രമെൻറിന് ശേഷമുള്ള അടിസ്ഥാന ശമ്പളം

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മോഹന, മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651, ഫോൺ: 0487-2371971, 9447308697

**എസ്. മുരളീധരൻ നായർ**
*എൻ.എസ്.എസ്.കോളജ്, നിലമേൽ*

# തനത്

ഫോക്‌ലോർ ക്ലാസ്സിൽ
കേരളത്തിൻെറ തനതുകുടയെപ്പററി
കേട്ടറിഞ്ഞ മകൾക്ക്
ഒരു ഓലക്കുടവേണമെന്നു ശാഠ്യം
ഇനി ഓലക്കുടമതിയെന്നു ശാഠ്യം

ഒററ മകളല്ലേ,
പുന്നാരമോളല്ലേ.....

കേമനൊരാളെത്തേടിയലഞ്ഞു
അന്വേഷണത്തിന്നൊടുവിൽ
വൃദ്ധനൊരാളെ കണ്ടു കിട്ടി
കണ്ണും രണ്ടും കണ്ടുകൂടാ
കേൾക്കാനും തീരെ വയ്യ
നിർബ്ബന്ധമേറിയപ്പോൾ
നിർമ്മിച്ചു തരാമെന്നായി

ഓലക്കുട കിട്ടിയപ്പോൾ
മകൾക്കെന്തൊരോളം!
ബസ്സിലേക്കു കയറാൻ നോക്കെ
വാതിൽ തെല്ലും കടക്ക വയ്യ
പാവം തോന്നി
ടോപ്പിൽ കെട്ടി വച്ചു കിളി!

ബസ്സിറങ്ങി നടക്കുമ്പോൾ
തിരിയാൻ വയ്യ ചെരിയാൻ വയ്യ!
വഴിയാകെ ബ്ലോക്ക്
ക്ലാസ്സിലൊട്ടു കടക്കാൻ നോക്കെ
വാതിലൊട്ടും കടക്ക വയ്യ?

വൈകി
കുട ദൂരെയെറിഞ്ഞ്
പെരുമഴയിൽ കുളിർത്ത്
ആകെ നനഞ്ഞുററി
കിടുകിടാ കിടുകിടാ
മകൾ വന്നു കേറി

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Emakulam
Kochi-682011
Ph:0484-2353818

## NOTE ON REVISION OF PENSION OF COLLEGE TEACHERS

### A. Revision of Pension of Teachers Retired from UGC/AICTE Scales of Pay

### Revision of pension of those who retired on or after 1.1.2006 from UGC scale of pay

- Orders for revision of pension for those coming under UGC/AICTE scheme was issued as GO(P) No. 211/2010 /Fin dated 7.5.2011
- This order is based on the UGC/AICTE pay revision order issued on 27.3.2010/ 7.12.2010
- Basic pension is 50% of last 10 months average basic pay
- Family pension is 30% of last drawn basic pay
- Basic pay in the revised pay structure(from 1.1.2006) is pay in the pay band plus academic grade pay
- Prior to 1.1.2006 (from 1.7.2004) dearness pay was also considered for calculation of pension
- Full pension for those having 30 years ( 29 years and 1 day) of service
- Proportionate pension for less than 30 years ( more than 6 months is taken as 1 year) of service
- Maximum pension will be 29920 (50% of the maximum state pay 59840 from 1.7.2009)
- Maximum Family pension is 17960 (30% of the maximum state pay 59840 from 1.7.2009)
- The rate of commutation of pension is 40% of the basic pension
- The commutation on revised basic pension shall be with effect from 1.3.2010
- The commutation factor remains to be 11.42 for those retiring at the age of 55
- The commuted value of pension = (40% of basic pension) x (commutation factor) x12
- The commuted portion of pension will be restored after 12 years
- The ceiling on maximum Death-Cum-Retirement-Gratuity is revised from 3.3. lakhs to 7 lakhs
- The revision of DCRG is with effect from 1.3.2010
- The DCRG is 15 days salary for each completed year of service
- The DCRG is on the basis of last drawn salary
- The DCRG is limited to 16 ½ months' salary
- The monetary benefit of pension revision including DCRG and commutation shall be from 1.3.2010
- The arrears of pension, DCRG and commutation shall be paid in cash from June 2011.

## CORRECTION

### DISTRICT OFFICE BEARERS

**KOZHIKODE**

*President*

**Prof. C.T. Francis**
St. Joseph's College,
Devagiri

**WAYANAD**

*President*

**Dr. Saju K.P**
Pazhassy Raja College
Pulpalli, Wayanad

**MALAPPURAM**

*President*

**Dr. Abdul Rasak P.P**
PSMO College
Thirurangadi,
Malappuram

**ERNAKULAM**

*President*

**Prof. Bashi Paul**
St. Peters College,
Kolancheery
Ernakulam

**LEGAL CELL**

*Convenor*

**Dr. P. Thomas Mathew**
UC College, Aluva
Ernakulam
Ph: 0484-2609124
Phone: 9446479124

**WOMENS' SUB COMMITTEE**

*Joint. Convenor*

**Dr. Amina. S**
MSM College,Kayamkulam

Members-

*Kollam*

**Dr. K.R. Kavitha**
SN Womens College,
Kollam

*Pathanamthitta*

**Prof. K. Krishnakumari**
SAS, SNDP Yogam
College, Konni

*Ernakulam*

**Prof. S. Latha**
SS College, Kaladi

- The payment is in 4 quarterly installments
- The pre revised pension shall continue up to 28.2.2010
- The rate of Dearness Relief is 35% from 1.1.2010, 45% from 1.7.2010 and 51% from 1.1.2011
- Revision of pension on account of revision of pay from 1.1.2006 will be authorized by the AG
- The pension sanctioning authorities will forward the proposal for revised pensionary benefits to AG
- The form No.2 in the pension book can be used for this purpose
- The principal shall forward the revised pensionay claims to the DCE through Dy.DCE
- Pensioners/Family pensioners are eligible for Medical Allowance of Rs 300 form 1.2.2011
- The process of revising the pension is actively going on in the office of the AG

**4. Revision of pension of those who retired prior to 1.1.2006 from UGC scale of pay**

- A provisional revision of pension was ordered for those who retired prior to 1.7.2004
- The date of effect of this revision was 1.4.2005
- 59% DR was merged with the basic pension along with a fitment benefit of 6% of basic pension
- 50% of the basic pay was treated as dearness pay from 1.7.2004
- Dearness pay was also reckoned for pension for those who retired after 1.7.2004
- Another pension revision was ordered for those retired prior to 1.1.1996 with effect from 1.4.2005
- Here also, 59% DR and fitment benefit of 6% were merged with the basic pension
- The minimum pension was stepped up to 50% of the minimum of the revised scale
- The minimum pension was Rs 6000 for those who retired as Lecturers (Selection Grade)
- With proportionate reduction in minimum pension for those having less than 30 years service
- The order issued on 7.5.2011 also intends to revise the pension of all who retired prior to 1.1.2006
- The calculation of basic pension of this category of teachers is as follows:-
- DR at 50% is added to basic pension (ignoring the provisional revision of pension from 1.4.2005)
- Fitment benefit of 24% of the total of basic pension and DR at 50% is also added to basic pension
- (This is equivalent to multiplying the basic pension by a quantity 1.86)
- If this quantity is less than 50% of minimum of the revised scale together with AGP, the basic pension will be stepped to 50% of the minimum of the revised scale together with AGP
- Teachers with less than 30 years of service will have proportionate reduction in basic pension
- For instance, teachers who retired after completing three years service as Lecturer (Selection Grade) and a total of 30 years of service, will have a minimum basic pension of Rs 23200
- The new pay scale , with effect from 1.1.2006, of the teachers who completed 3 years as Lecturer(Selection Grade) is 37400 -67000 plus Academic Grade Pay 9000.
- They are designated as Associate Professors
- Teachers shall apply to the Pension disbursing authority in Appendix II of the order issued on 7.5.2011
- The application for pension revision shall be in duplicate
- The pension disbursing authority will forward the application to the AG
- The AG will revise the pension on the basis of application forwarded by the pension disbursing authority
- The family pension will be revised by applying the same procedure as in the case of pension
- The minimum family pension should be 30% of the minimum of the revised scale
- **B.Revision of pension of those who retired from service without coming over to UGC scheme**
- Their pension will be revised from 1.7.2009
- The revised pension from 1.7.2009 is calculated as follows:-
- Add to the existing basic pension 64% DR and 12% fitment benefit
- If this amount is less than 50% of the minimum of the corresponding revised scale, the basic pension will be stepped up to 50% percent of the minimum of the revised scale
- The corresponding revised scales for those retired as professor is 36140-49740
- Proportionate reduction in pension in case of less than 30 years of service
- The family pension is also calculated by applying the same procedure
- The minimum family pension should be 30% of the minimum of the revised scale
- The Dearness Relief is 0% from 1.7.2009, 8% percent from 1.1.2010, 18 percent from 1.7.2010 and 24% from 1.1.2011

# ഡോക്ടറേറ്റ്



കേരള സർവ്വകലാശാലയിൽ നിന്നും സോഷ്യോളജിയിൽ ഡോക്ടറേറ്റ് ലഭിച്ച ചെമ്പഴന്തി എസ്. എൻ. കോളജ് സോഷ്യോളജി വിഭാഗം അധ്യാപിക **ഉത്തരാ സോമൻ.** *IT- An Instrument of Social Change in Kerala Through Women Empowerment* എന്ന വിഷയത്തിൽ ഡോ. ജേക്കബ്ബ് ജോൺ കട്ടക്കയം മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ വാഴൂർ എൻ. എസ്. എസ് കോളജ് അധ്യാപിക **ഷീബ വി.റ്റി.** *കുപ്പിവെള്ള വ്യവസായത്തിന്റെ സാമ്പത്തിക- പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ* എന്ന വിഷയത്തിൽ അമലഗിരി ബി. കെ. കോളജ് സാമ്പത്തിക ശാസ്ത്ര വിഭാഗം മേധാവി ഡോ. ജെസി കുര്യന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം



അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്കൽ എഡ്യുക്കേഷനിൽ ഡോക്ടറേറ്റ് നേടിയ മഞ്ചേരി എൻ. എസ്.എസ്.കോളജ് അധ്യാപകൻ **സുധീർകുമാർ പി.എം.** *Effect of Aerobic Training on Selected Physiological and Psychological Variables Among Sedentary Boys* എന്ന വിഷയത്തിൽ ഡോ. കെ. ശ്രീധരന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

# AKPCTA PARLIAMENT MARCH



R No. 36025/81
No. 230

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2009-2011
Rs. 11/-
OCTOBER 2011




Edited , Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494,
Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar